

ASIAN COLLEGE

A.K.C.C. BULLETIN
VOL:NO.16 NO.4 APRIL 64

വായനക്കാർ എഴുതുന്നു

(N B കഴിഞ്ഞ ലക്കത്തിലേക്കായി പലരും അയച്ചതന്ന അഭിപ്രായങ്ങളും ചില സാങ്കേതിക തടസ്സങ്ങൾമൂലം ചേർക്കാൻ കഴിയാഞ്ഞതിൽ വായനക്കാർ ക്ഷമിക്കുമല്ലോ.)

തയ്യാറുണ്ടോ?

കത്തോലിക്ക ഹൈരാർക്കിസയുടെ തനി ആധ്യാത്മികവും അദ്ധ്വാനാമൂഹിക വുമായ നേതൃത്വം മാത്രം ഏറ്റൊട്ടുത്തു സാമൂഹ്യ സാമ്പത്തിക സാംസ്ക്കാരിക രംഗത്തെ നേതൃത്വം എ. കെ. സി. സി. ക്ക വിട്ടുകൊടുക്കാനും എ. കെ. സി. സി. അതേറ്റ നടത്താനും തയ്യാറുണ്ടോ?

ഫാദർ സി വി മാത്യു

സാഹിത്യം വേണോ?

തല, മുല, പെണ്ണ്, പ്രേമം, ചുംബനം, ആടൽ, കഴയൽ എന്നീ പദങ്ങളിൽ സാഹിത്യമുണ്ട്! കമ്പസാരം, കർബ്ബാന, നോമ്പ്, നമസ്കാരം എന്നിവയിൽ അതില്ല. അതുകൊണ്ടാണോ പത്രിമാക്ക് സാഹിത്യമില്ലാത്തത്.

ഒരു സമുദായസ്നേഹി C M I

മാമ്മോദീസാ മുക്കണം

കത്തോലിക്ക് ഡൈജസ്റ്റ്, കാത്തലിക്ക് റിവ്യു–ഇവയിൽ ഒരു പേരിട്ട് ബുള്ളറിനെ മാമ്മോദീസ മുക്കണം. കവർചിത്രം ഭക്തിനിർഭരമായിരിക്കയും വേണം.

ജോസ് സഖറിയാസ്
തൃക്കൊടിത്താനം

പേരു മാറ്റുക

ബുള്ളറിന് അസ്സലാകുന്നുണ്ട്. മുഖലേഖനം മറ്റുള്ളവർക്കുള്ളതാണ്. പേരുംകൂടി മാറ്റണം.

വി പി ചെറുവത്തൂർ
വല്ലക്കുന്ന്

മുന്നോട്ടുതന്നെ

എതിർപ്പുകളെ വകവയ്ക്കാതെ സമുദായത്തിന്റെ ഉന്നതിക്കായി ഈ മാസിക മുന്നോട്ട് ഗമിക്കട്ടെ.

ഡോ. ജോർജ്ജ് പാലത്തുമ്പാട്ട്
ചെങ്ങന്നൂർ

നമസ്ക്കരിക്കുന്നു

കഴിഞ്ഞ ലക്കത്തിൽ ശ്രീ. പരീക്കണ്ണി എഴുതിയ ലേഖനത്തിലെ അളവറ്റ വിജ്ഞാനം കണ്ട് ഞാനാ സാഹിത്യകുലപതിയുടെ മുമ്പിൽ നമസ്ക്കരിച്ചു നിന്നുപോകുന്നു.

മേമന

വിളിച്ചുകൂട്ടണം

അടുത്തുവരുന്ന തിരഞ്ഞെടുപ്പ് ഒരു പ്രശ്നമാകാതിരിക്കാൻ സമുദായ പ്രമുഖരെ വിളിച്ചുകൂട്ടി എ കെ സി സി നേതൃത്വം ഒരു തീരുമാനമെടുക്കണം

ഫാദർ നിലസ് C M I

ഒന്നാക്കുക

നാല് കത്തോലിക്ക പത്രങ്ങളുംകൂടി ഒന്നാക്കയും എല്ലാ മാസികകളും വാരികകളും ഒരൊറ്റ പ്രസിദ്ധീകരണമാക്കയും ചെയ്താൽ നന്ന്. പ്രസിദ്ധീകരണങ്ങളും ചിലരുടെ സ്തുത്തിലുള്ള ആദായമാർഗ്ഗമായി അധ:പതിക്കാതിരിക്കാൻ ശ്രദ്ധിക്കയും വേണം.

ജി ടി ധർമ്മരാംകോളജ്

ഇടവക ലൈബ്രറി

കേരളത്തിലെ സകല ഇടവകകളിലും ഓരോ വായനശാല വ്യവസ്ഥാപിതമായി നടത്താൻ എ. കെ. സി. സി. ക്കാർ മുന്നോട്ടു വരണം.

തോമസ് കല്ലുകുട്ടി
പന്തല്ലൂർ

കല്പിച്ചനുവദിക്കണം

രൂപതതോറും ഓരോ കേന്ദ്രഓഫീസും ഇടവകതോറും ഓരോ ശാഖാഓഫീസും ഏർപ്പെടുത്താൻ കേരളത്തിലെ മെത്രാന്മാർ സ്വമേധാകാര്യങ്ങളും കല്പിച്ചനുവദിച്ച ഇടയലേഖനം ഇറക്കുമോ?

ഡിക്രൂസ്, പട്ടം–1

പ്രൗഢിയും പ്രതാപവും

കേരളത്തിലെ സകല ക്രൈസ്തവവിഭാഗങ്ങളും ഒന്നിച്ചു ഒരിടയന്റെ തന്നെ കീഴിലാകാൻ തടസ്സമായിരിക്കുന്നതു പുരോഹിതമേധാവികളാണ്. അവരുടെ പ്രതാപത്തിനും പ്രൗഢിക്കും ക്ഷയമുണ്ടാകാതിരിക്കട്ടെ!

പി എൽ തോമസ്
പാലക്കാട്

ഭക്തിവ്യവസായം

പാട്ടുകുർബാനക്കും നേർച്ചപ്പിരിവിനും കാഴ്ചവരവിനുമായി ഭക്തിയെ ഒരു വ്യവസായമാക്കി ജനങ്ങളെ ചൂഷണം ചെയ്യുന്നവരെ മാതൃകാപരമായി ശിക്ഷിക്കണം.

കാഞ്ഞിരമറ്റം ജോസ്
കാസർകോട്

സമുദായം തുലയുന്നു

പുരോഹിതന്മാരും അവരുടെ പരിസരങ്ങളും പള്ളിമേടകളും മാത്രം വളർത്താനും സമുദായമെന്നതിനെ തുലക്കാനുമാണ് ഇന്നത്തെ പാതിരിപ്പരിഷ ശ്രമിക്കുന്നതു. സഭ വളരട്ടെ. സമുദായം തുലയട്ടെ. പക്ഷേ, എന്തിനീ ആപത്തു വരുമ്പോൾ എം എൽ എ മാരെയും നേതാക്കളെയും ശകാരിക്കുന്നു!

തങ്കമ്മ ടി ടി, മലപ്പുറം

ഇനിയും പത്രം

വറുഗീസ് കിളച്ചിമല സന്യാസക്കാരെ കുറ്റംപറഞ്ഞു ഒരു പത്രംകൂടി വേണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. ആ നിർദ്ദേശത്തെ കൈകാലുകളും തല ജഡാദികളും കലുക്കി സമ്മതിക്കുന്നു.

തൊമ്മൻ പി കാഞ്ഞിരപ്പള്ളി

വടക്കനച്ചൻ മുടിക്കും

കഴിഞ്ഞ ലക്കത്തിൽ വടക്കനച്ചന്റെ ലേഖനം വായിച്ചു. പാവങ്ങളുടെ പടവാളാണുപോലും! എന്തൊരു ഗമ. പിടിച്ചു കെട്ടിയില്ലെങ്കിൽ ആ വർഗ്ഗീയവാദി നാടുമുഴുവൻ കുട്ടിച്ചോറാക്കിയേനെ.

ഫാദർ ജോസ് L P H

മഹിളാസമാജം

എ കെ സി സി യെ നന്നായി നടത്തിക്കൊണ്ടുപോകാനും മാസിക മെംഗിയാക്കാനും കഴിവില്ലെങ്കിൽ സ്ത്രീകൾക്കു വിട്ടുതന്നോളൂ. അതല്ലെങ്കിൽ ശരിക്കു നടത്തണം.

സുമ, എറണാകുളം

മത്സരം നടത്തണം

ഓരോ ലക്കത്തിലും രണ്ടു ഉപന്യാസമത്സരങ്ങളും ചെറുകഥാമത്സരങ്ങളും നടത്തുന്നതു നന്ന്.

റാഫേൽ, വിഴിഞ്ഞം

നിഗ്രഹശക്തി

ഈ മാസികയുടെ നടത്തിപ്പിനു പിമ്പിൽ വല്ല നിഗ്രഹശക്തിയും പ്രവർത്തിക്കുന്നുണ്ടോ? അതോ ഇവയെല്ലാം പി സി അബ്രാഹത്തിന്റെ പ്ലാനുകളാണോ?

കൊല്ലം പാപ്പച്ചൻ

ദൈവവിളി തുടങ്ങി

ഉപരി പഠനത്തിനും കാളെജിൽ ജോലിക്കും വലിയ ജ്ഞാനബഹുമതിക്കും സൈക്കിളും കാറും മികച്ച ഡ്രസ്സും കാണിച്ച് പരസ്യം കൊടുത്തു ദൈവവിളി പിടിക്കുന്നതിൽ എന്തു ആത്മാർത്ഥതയാണുള്ളതു? ഇതെന്തൊരു വിളിയാണു.

പി ഡി റോസി, പൊന്നാനി

എ. കെ. സി. സി. വാരം

കേരളത്തിലങ്ങോളമിങ്ങോളം ശാഖകൾ സ്ഥാപിച്ച് സംഘടന വിപുലവും പ്രവർത്തനം കാര്യക്ഷമവുമാക്കാൻ എ കെ സി സി വാരം ആഘോഷിക്കാൻ ഇവിടത്തെ പുരോഹിതർ സമ്മതിക്കുമോ?

ശോശാമ്മ, ഒല്ലൂർ

ദൈവാലയം കയ്യേറുന്നു കർഷകരെ നായാടുന്നു

കുറഞ്ഞൊരുകാലമായി തികച്ചും അപകടകരമായ ഒരു പരിത:സ്ഥിതി കേരളത്തിൽ സംജാതമായിക്കൊണ്ടിരിക്കുന്നതു് ഞങ്ങളെ ആകെ ഉൽക്കണ്ഠാകുലരാക്കുകയാണു്. സംഭവങ്ങളും പലതും ഞങ്ങളും കാണുകയും കേൾക്കുകയും ചെയ്തിട്ടും നിശ്ശബ്ദത പാലിച്ചതു് ഈ നാടിന്റെ സമാധാനാന്തരീക്ഷം നിലനിന്നുകാണുവാനുള്ള ആകാംക്ഷകൊണ്ടു മാത്രമാണു്. സമുദായത്തിനെതിരായി സമുദായവും മതത്തിനെതിരായി മതവും വിദ്വേഷമാകുന്ന വാളുകളേന്തി നില്ക്കുന്ന വിപൽക്കരമായ അന്തരീക്ഷം ഒരിക്കലും നമ്മുടെ നാട്ടിലുണ്ടാകാതിരിക്കട്ടെ എന്നു ഞങ്ങളും പ്രാർത്ഥിക്കുന്നു. കത്തോലിക്കാസമുദായത്തിന്റെ കത്തമഷം കലരാത്ത ഈ ചിന്താഗതിക്കു്, മനുഷ്യസ്നേഹനിർഭരമായ ഈ ദാഹത്തിനു്, ഒരിക്കലും ഭംഗംവരുത്തരുതെന്നുള്ളതാണു് ഞങ്ങളുടെ ആദ്യത്തേതും അവസാനത്തേതുമായ ആശ.

പക്ഷേ ഈ ക്ഷമയും സഹിഷ്ണുതയും, ഈ നാടിന്റെ സമാധാനജീവിതത്തിലുള്ള ഉൽക്കടമായ അഭിലാഷവും, ഒരുതരം ബലഹീനതയും കഴിവുകേടുമായി, ഈ നാട്ടിലെ സക്കാരും മറ്റു ചില കേന്ദ്രങ്ങളും കരുതുന്നില്ലേയെന്നു് ഞങ്ങളും ന്യായമായും സംശയിക്കുന്നു. പള്ളികളുടെമേൽ — കത്തോലിക്കർ ജീവനേക്കാളുമുപരി കാത്തുസൂക്ഷിച്ചുപോരുന്ന ദേവാലയങ്ങളുടെമേൽ—അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങളാണു് ഈ സംശയത്തിലേയ്ക്കു ഞങ്ങളെ നയിക്കുന്നതു്. കത്തോലിക്കാസമുദായത്തെ വേദനിപ്പിക്കുകയും അപമാനിക്കുകയും ചെയ്യുന്ന ഈ ക്രൂരത ഉൽഘാടനം ചെയ്യപ്പെട്ടതു് തൈക്കലിൽ കത്തോലിക്കന്റെ മൃതശരീരത്തിനു മുകളിലാണല്ലോ. ലോകത്തൊരിടത്തും അത്തരമൊരു ക്രൂരസംഭവമുണ്ടായിട്ടില്ല. ആ പ്രശ്നം ഒരുവിധത്തിൽ അവസാനിച്ചെന്നു കരുതിയിരിക്കുമ്പോളാണു്, സിരകളിൽക്കൂടി രക്തമൊഴുകുന്ന സമസ്ത കത്തോലിക്കരേയും വേദനയുടെ വികാരക്കൊടുങ്കാറ്റിനു നടുവിലേയ്ക്കു വലിച്ചെറിഞ്ഞ ആ സംഭവം നടന്നതു്. തൈക്കലിലെ പള്ളിയും ആക്രമിക്കപ്പെട്ടു. കത്തോലിക്കർ ജീവൻ കൊടുത്തും സംരക്ഷിക്കുവാൻ തയാറാകുന്ന പൂജാപാത്രങ്ങളും അപഹരിക്കപ്പെട്ടു. വിശുദ്ധ രൂപങ്ങളും കഷണങ്ങളാക്കി വലിച്ചെറിയപ്പെട്ടു. അതെല്ലാം കണ്ടും കേട്ടും ഞങ്ങളും ഉള്ളുനീറി വേദനിച്ചു. പ്രതിഷേധത്തിന്റെ കൊടുങ്കാറ്റുകളും ആയിരമായിരം ഹൃദയങ്ങളിൽ ആഞ്ഞടിച്ചു. എങ്കിലും ക്ഷമയോടും സഹിഷ്ണുതയോടുംകൂടി ഞങ്ങളും പ്രശ്നങ്ങളെ സമീപിക്കുവാൻതന്നെ തീരുമാനിച്ചു. ഈ നാടൊരു ശ്മശാനാലയമായിത്തീരരുതെന്നുള്ള കളങ്കമറ്റതും സ്ഥായിയായതുമായ ആഗ്രഹം മാത്രമാണു് ആ ക്ഷമയും സഹിഷ്ണുതയും ഞങ്ങളംക്കു പ്രദാനം ചെയ്തതു്.

പക്ഷേ ചില അല്പബുദ്ധികളും ഈ ക്ഷമയേയും സഹിഷ്ണുതയേയും തെറ്റിദ്ധരിച്ചിരിക്കുന്നുവെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കാരണം, പള്ളികളുടെമേലുള്ള ആക്രമണം ഒരു വസന്തപോലെ ഇന്നു പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണു്. വാഴരെ ഒരു കത്തോലിക്കാദൈവാലയം മാമ്പള്ളിയിലെ കത്തോലിക്കാദൈവാലയം, കാക്കോട്ടുമൂലയിലെ കത്തോലിക്കാ ദൈവാലയം ഇത്രയും പള്ളികളും ഈ ഏതാനും ദിവസങ്ങൾക്കുള്ളിൽ അക്രമങ്ങൾക്കും, അവഹേളനങ്ങൾക്കും, കൊള്ളയടികൾക്കും വിധേയമായിക്കഴിഞ്ഞിരിക്കുന്നു. ഇനിയതു് ഏങ്ങോട്ടെല്ലാം പടർന്നുപിടിക്കുമെ

ഈ ലക്കത്തിൽ

1	ദൈവാലയം കയ്യേറുന്നു കർഷകരെ നായാടുന്നു	3
2	ഫലിതബിന്ദുക്കൾ	5
3	സ.സ"ക്കാരനേതൃത്വം	7
4	നാം സോദരർ	8
5	കിളവന്റെ കല്യാണം	9
6	എല്ലാം എനിക്കുവേണ്ടി	13
7	തലതിരിഞ്ഞ ചിന്താഗതി	14
8	സി. എൽ. ജോസിന്റെ നാടകങ്ങൾ	16
9	സാഹിത്യസംഘടന	17
10	സംഘടനാക്കാര്യം	18
11	സമുദായവും സമരങ്ങളും	19
12	ചെറുപ്പക്കാരെ തെറിപറയരുതു്	21
13	വനിതാപംക്തി	22
14	ഒരു ക്ലാസ്സു് (വിനോദഭാവന)	23
15	സമുദായത്തിൽ ''കവപ്പശ്ശക്കളില്ലേ?''	24
16	''ദാസനും'' ''യുവഭാരതി'' യും വഹിച്ച പങ്കു്	26
17	ഏ. ജെ. ജോൺ സ്മാരകം	28
18	മുണ്ടിനീരു്	29
19	പരുപരിഷ്കരണം	29
20	ഗലീലിയൊസംവേവും തെറ്റിദ്ധാരണകളും	31
21	അധികാരിവർഗ്ഗത്തോടു് (കവിത)	33
22	അല്പയോ കാമുകി (കവിത)	34
23	സാഹിത്യമത്സരം	35

ന്നു് നിശ്ചയമില്ല.

തൈക്കൽപള്ളിയുടെമേൽ നടന്നതു് ഒരൊറപ്പെട്ടസംഭവമായിഞങ്ങൾ ആദ്യം കരുതി. പക്ഷേ അനന്തര സംഭവങ്ങൾ ആ ധാരണ തെറ്റാണെന്നു തെളിയിക്കുന്നവയാണു്. കത്തോലിക്കാ ദൈവാലയങ്ങളുടെമേൽ മാത്രം അടിക്കടിയുണ്ടാകുന്ന ഈ ആക്രമണങ്ങൾ ഏതെങ്കിലും മോഷ്ടാക്കളുടെ മാത്രം വിക്രിയകളാണെന്നും കരുതുന്നതു് മൗഢ്യമായിരിക്കും. കാരണം, മോഷ്ടാക്കൾക്കു് അപഹരണോദ്ദേശമല്ലാതെ അവഹേളനോദ്ദേശം കാണുക സ്വാഭാവികമല്ല. എന്നാൽ നടന്നിടത്തോളം സംഭവങ്ങളിൽ അപഹരണോദ്ദേശത്തേക്കാൾ പ്രകടമായിക്കാണുന്നതു് അവഹേളനോദ്ദേശമാണു്. കൂടുതൽ വ്യക്തമായിപ്പറഞ്ഞാൽ, ഭീകരമായ വർഗ്ഗീയ വിദ്വേഷം. ബലിപീഠങ്ങൾ തകർക്കപ്പെടുകയും, സക്രാരികൾ എടുത്തുകൊണ്ടു പോകുകയും, തിരുവോസ്തികൾ വലിച്ചെറിയപ്പെടുകയും, പ്രതിമകൾ കഷ്ണം കഷ്ണമാക്കി ചെളിക്കുണ്ടിലാഴ്ത്തപ്പെടുകയും, ശ്മശാനങ്ങളുടെ മതിലുകൾപോലും ഇടിച്ചു തകർക്കപ്പെടുകയും ചെയ്യുന്ന വേദനാത്മകമായസംഭവപരമ്പരകൾ തെളിയിക്കുന്നതു് കത്തോലിക്കാസമുദായത്തെ വേദനിപ്പിക്കുവാനും അപമാനിക്കുവാനും അവരുടെ പള്ളികൾ തകർക്കുവാനും തയ്യാറായി ഒരു ഗൂഢസംഘം പ്രവർത്തിക്കുന്നുവെന്നാണു്. ഈ ഗൂഢസംഘത്തിന്റെ ആക്രമണങ്ങളെ ഉദാസീനമായ രീതിയിൽ ഗവണ്മെൻറു കൈകാര്യം ചെയ്യുകകൂടിച്ചെയ്യുമ്പോൾ ഇത്തരം വർഗ്ഗീയ ഭ്രാന്തന്മാർക്കു ഭരണകൂടം കൂട്ടുനിൽക്കുന്നുവോയെന്നുപോലും സംശയിച്ചുപോകും. കാരണം ഗവണ്മെൻറിന്റെ കരുത്തില്ലാത്ത നടപടികളാണു് പള്ളികളുടെമേലുള്ള ആക്രമണം പടർന്നുപിടിക്കുവാൻ ഇടയാക്കിക്കൊണ്ടിരിക്കുന്നതു്.

ഈ ആക്രമണങ്ങളെല്ലാം ചില ആസൂത്രിത ഗൂഢപദ്ധതികളുടെ ഫലമായും, ദേശീയവേഷം ധരിച്ചുനടക്കുന്ന ചില വർഗ്ഗീയ പേക്കോലങ്ങളുടെ പിന്തുണ ലഭിക്കുന്നതുകൊണ്ടും നടക്കുന്നതല്ലേയെന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. ഈ കഴിഞ്ഞ ദുഃഖവെള്ളിയാഴ്ച മുതിരപ്പുഴയ്ക്കടുത്തു് ഒരു മലയിൽ ഉണ്ടായ സംഭവം ഈ സംശയത്തിനു മതിയായ തെളിവാണു്. പല വർഷങ്ങളായി ഈ മലയിലേയ്ക്കു ''കുരിശിന്റെവഴി'' നടത്തുക കത്തോലിക്കരുടെ ഒരു പതിവായിരുന്നു. ഇക്കഴിഞ്ഞ ദുഃഖവെള്ളിയാഴ്ച മാത്രം അതു സാധിച്ചില്ല. കാരണം,-തലേദിവസം ആ മലയിൽ ''അത്ഭുതകരമായി'' ഒരു ശിവക്ഷേത്രം മുളച്ചുവന്നുവത്രെ. ഈ വിവരം പ്രഖ്യാപിച്ചതു് കൊട്ടിയൂരിൽ കത്തോലിക്കർ ഒരമ്പലം തകർത്തുയെന്ന വിശ്വാസ്യതയുണ്ടാക്കുന്ന പ്രചരിപ്പിച്ച അതേ ''മാതൃഭൂമി' തന്നെയാണു്. കൂടിയാൽ മലയിലെ കുരിശുമലയിലേയ്ക്കു് ഇക്കഴിഞ്ഞ പുതുഞായറാഴ്ച കുരിശിന്റെ വഴി നടത്തുവാൻ പതിവുപോലെ തയ്യാറായ ജനങ്ങളേയും കേരളസർക്കാരിന്റെ പോലീസ് തടഞ്ഞു. ഈ കാര്യങ്ങളെല്ലാം കൂടി പരിഗണിക്കുമ്പോൾ കത്തോലിക്കാദൈവാലയങ്ങളുടെമേൽ നടക്കുന്ന ഭീകരാക്രമണങ്ങൾ എങ്ങനെ ഒറ്റപ്പെട്ട സംഭവമായി പരിഗണിക്കാൻ കഴിയും? ഇത്തരം ആക്രമണങ്ങളെ കേരളത്തിലെ സർക്കാരും, ദേശീയ നേതാക്കന്മാരും, സമുദായസൗഹാർദ്ദം പ്രസംഗിച്ചുകൊണ്ടു് പ്രത്യക്ഷപ്പെടാറുള്ളവരുമെല്ലാം ഒരുതരം നിസ്സാരസംഭവങ്ങളുടെ ഭാവത്തിൽ വീക്ഷിക്കുന്നതുകാണുമ്പോൾ ,ഈ നാടൊരു ഭ്രാന്താലയമാക്കി മാറ്റുവാൻ ഇവർ തയ്യാറെടുക്കുകയാണോയെന്നു ഞങ്ങൾ ഭയപ്പെടുന്നു. കത്തോലിക്കരുടെമാത്രം ദൈവാലയങ്ങൾക്കും, ശ്മശാനങ്ങൾക്കും ശവശരീരങ്ങൾക്കുപോലും സമാധാനം ലഭിക്കാത്ത ഈ നാട്ടിൽ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പേരുപറയുന്നതിൽ എന്തർത്ഥമാണുള്ളതു്? ഏതായാലും ഈ അക്രമങ്ങൾക്കു് എത്രയുംവേഗം വിരാമമിട്ടില്ലെങ്കിൽ, കാറ്റു വിതയ്ക്കുന്നവൻ കൊടുങ്കാറ്റു കൊയ്യേണ്ടിവരുമെന്നു് ഞങ്ങൾ മുന്നറിയിപ്പു നൽകുന്നു. അക്രമങ്ങൾ കൊണ്ടു് കത്തോലിക്കാസമുദായത്തെ അമർത്തിക്കളയാമെന്നു് ആരെങ്കിലും വ്യാമോഹിക്കുന്നുണ്ടെങ്കിൽ, ആയിരമായിരം രക്തസാക്ഷികളുടെ ജീവരക്തം ചിന്തി പടുത്തുയർത്തിയ ഈ സമൂഹം ഒന്നിന്റെയും മുൻപിൽ ഭയപ്പെടുവാൻ പോകുന്നില്ലെന്നു് എല്ലാവരും ഓർത്തിരിക്കുന്നതു നല്ലതു്. അതുകൊണ്ടു് കത്തോലിക്കാസമുദായം നാടിന്റെ ഭദ്രതയെയോർത്തു് എല്ലാം സഹിക്കുമ്പോൾ, അതൊരു ബലഹീനതയും കഴിവുകേടുമായി കണക്കാക്കി ആരും പ്രവർത്തിയ്ക്കാതിരിക്കുന്നതാണു് എല്ലാവർക്കും നല്ലതു്. അങ്ങിനെ പ്രവർത്തിക്കുന്നവർ അപകടങ്ങളെ ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുക. ദേവാലയധ്വംസനങ്ങൾക്കെതിരായി കർശനമായ നടപടികളെടുത്തു് കുറ്റക്കാരെ വെളിയിൽ കൊണ്ടുവന്നു് മാതൃകാപരമായി ശിക്ഷിക്കുവാൻ സ്റ്റേറ്റുഗവണ്മെൻറും കേന്ദ്രഗവണ്മെൻറും കരുത്തേറിയ നടപടികൾ സ്വീകരിക്കണമെന്നു് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

കത്തോലിക്കർ എന്തുകൊണ്ടു കടിയിറക്കിനെ എതിർക്കുന്നു

കേരളത്തിൽ അധികാരത്തിൽ വരുന്ന ഏതൊരു സർക്കാരും ചില പ്രത്യേക താല്പര്യക്കാരെ പ്രീണിപ്പിക്കുന്നതിനായും, ജനദ്രോഹം കണ്ടു സുഖിക്കുന്നവരെ തങ്ങളുടെ കഴിവു പ്രകടമാക്കി രസിപ്പിക്കുന്നതിനായും, അസംഘടിതരായകർഷകരെ ഭിന്നിപ്പിച്ചു സംഹരിക്കുകയെന്നുള്ളതു് ഇപ്പോൾ ഒരു പതിവായിത്തീർന്നിട്ടുണ്ടു്. കർഷകരെ ഏറ്റവുമേറെ വേദനിപ്പിക്കുകയും, തെരുവുതെണ്ടികളാക്കുകയും, കഴിയുന്നിടത്തോളം ഈ ഭൂമിയിൽ നിന്നുതന്നെ ആരുമാരും അറിയാതെ പറഞ്ഞയയ്ക്കുകയും ചെയ്യുകയെന്നുള്ളതാണു് ഒരു ഗവണ്മെൻറിന്റെ ഏറ്റവും വലിയ ''മിടുക്കു'' എന്നുപോലുമായിട്ടുണ്ടു് ഇവിടത്തെ സ്ഥിതി. അദ്ധ്വാനിക്കുന്ന കർഷകന്റെ കണ്ണീരുകണ്ടാനന്ദിക്കുകയും, അവരുടെ ഹൃദയം പൊട്ടിയൊഴുകുന്ന ചൂടു



തനിക്കു നൂറുരൂപ വഴിയിൽക്കിടന്നു കിട്ടുന്നതിനേക്കാൾ കുഞ്ഞുവുസേപ്പു ദൈവത്തോടു പ്രാർത്ഥിച്ചു കുറേദൂരം നടന്നപ്പോൾ അയാൾക്കു വഴിയിൽകിടന്നൊരു തുവാലക്കെട്ടു കിട്ടി. അയാൾ തുക എണ്ണിനോക്കി. കൃത്യം 99 രൂ. 12ണ. എങ്കിലും ദൈവം വല്യ കാഞ്ഞപുള്ളിയാ. ''പുള്ളിക്കാരനേറ തുവ്വാലേടെ നാലണ അങ്ങെടുത്തേച്ചാ തന്നതു''.''

X X X

അമ്മയുടെ വയറത്തു കുഞ്ഞുമോനേറ കൈ മുട്ടിയപ്പോൾ കുടവയറനായ അച്ഛൻ പറഞ്ഞു.

''മോനേ, അമ്മയുടെ വയറത്തു കൈ മുട്ടരുതു്. അമ്മയുടെ വയറ്റിൽ നിനേറ കൊച്ചനുജനാണു കിടക്കുന്നതു്.''

''അങ്ങനെയാണെങ്കിൽ അച്ഛനേറ വയറ്റിൽ എനേറ കൊച്ചേട്ടനും ഉണ്ടെന്നു പറ.''

X X X

ചാണ്ടിയുടെ ഭാര്യ മരിച്ചു. ദൂരെയുള്ള മകളെ വിവരം അറിയിക്കുവാൻ പോയ കോന്തുണ്ണിയോടു് വിവരമുള്ളവർ പറഞ്ഞതയച്ചു.:

''എടാ, മരിച്ചവിവരം പറയണ്ടാ. അവസം നിലവിളിച്ചു വഴിനീളെ ബഹളംവയ്ക്കും. സുഖക്കേടു് കൂടുതലാണെന്നുപറഞ്ഞാൽ മതി.''

തള്ളയ്ക്കു സുഖക്കേടു കൂടുതലാണെന്നുള്ള വിവരം കോന്തുണ്ണിചെന്ന മകളെയറിയിച്ചു. തിരികെ വീട്ടിൽനിന്നും ഇറങ്ങിപ്പോയ കോന്തുണ്ണി കുറച്ചുദൂരം ചെന്നിട്ടു തിരികവന്നു പറഞ്ഞു:

''ശവമടക്കുകർമ്മം രണ്ടുമണിക്കാകേട്ടോ!''

X X X

കുടിക്കാൻ കൊടുത്ത വെള്ളത്തിൽ മീൻകിടക്കുന്നതു കണ്ടിട്ടു് ഉണ്ണാൻവന്നവൻ കോപിച്ചു.

''അതിനു നിങ്ങളെന്തിനാ ഇത്ര കോപിക്കുന്നതു?''— മാനേജർ പറഞ്ഞു.

''അതിനു നിങ്ങളുടെപേരിൽ സ്പെഷ്യലൊന്നും ചാർജ്ജുചെയ്തില്ലല്ലോ

X X X

കോളജിൽ വളരെ വൈകിവന്ന മേരിയോടു് പ്രിൻസിപ്പൽ ചോദിച്ചു ''എന്താണിത്ര താമസിച്ചുവരാൻ കാരണം?''

''എന്താ, പറയാനാ. ഞാൻ പോരുന്നവഴിമുഴുവൻ ഒരാൾ എന്നെ സദാ പിന്തുടർന്നുകൊണ്ടിരുന്നു!''

''അതുകൊണ്ടെങ്ങനെ ഇത്ര താമസിക്കാനിടയായി?''

''അയാൾ വളരെ സാവധാനത്തിലാണു് നടന്നിരുന്നതു്.''

X X X

''എന്തുപറ്റി ഡാക്ടർ! വല്ല അപകടവും സംഭവിച്ചോ?'' വലതുകയ്യുടെ ഉരത്തിനു കുഴമ്പുപുരട്ടി ചൂടുപിടിച്ചുകൊണ്ടിരിക്കുന്ന ദന്തഡാക്ടറെക്കണ്ടു സുഹൃത്തു ചോദിച്ചു.

''ഒന്നുമില്ല, ഇന്നലെ ഒരുത്തനേറ പല്ലൊന്നുപറിച്ചതാ.''

X Z X

''ഞാനിപ്പം കിണറ്റിൽച്ചാടിച്ചാകും''—വീട്ടുകലഹത്തെത്തുടർന്നു് ഭാര്യ പ്രഖ്യാപിച്ചു.

പുറത്തേയ്ക്കുചാടിയിറങ്ങിയ ഭാര്യയുടെ പുറകെ ഭർത്താവുചെന്നിട്ടു പറഞ്ഞു:

''എന്നാൽ നീയൊരു കാര്യംകൂടി ചെയ്യു്, ആ പാളകൂടി ഇങ്ങെടുത്തുതന്നേരു്.''

X X X

''എടീ നിനക്കറിയാമോ, ഭാര്യ എപ്പോഴും ഭർത്താവിനു കീഴ്പ്പെട്ടിരിക്കണമെന്നാ തത്വചിന്തകന്മാരു പറയുന്നതു്. നീ കിടന്നിങ്ങനെ ചാടാതെ.''

ഭാര്യയും ഭർത്താവും തമ്മിലുള്ള കലഹത്തിൽ ഭർത്താവുപറഞ്ഞു.

''നിങ്ങൾക്കെന്തോന്നറിയാം. വിവേകമുള്ള ഒരു ഭാര്യ ഭർത്താവിനൊരു കിരീടമായിരിക്കുമെന്നാ ഗാന്ധിജി പറഞ്ഞിരിക്കുന്നതു്. കിരീടം എവിടെയാ ഇരിക്കേണ്ടതു്?''

X X X

അമ്മിണിക്കുട്ടി അമ്മയുടെ അരികിൽച്ചെന്നിട്ടു പറഞ്ഞു: ''അമ്മേ, ഞാനിനി സ്കൂളിൽ പോകുന്നില്ല. ആരാ ജിബ്രായുടെ കാര്യം ഓർക്കുമ്പോൾ പേടിയാകുന്നു.''

''ആരാടീ ഈ ആരംജിബ്രാ? നീ ഇനി അവൻറടുത്തേക്കെങ്ങും പോകേണ്ട.''

X X X

മുളകുണിയും ചുമലിൽവച്ചുകൊണ്ടു പോകുന്ന കുട്ടൻപിള്ളയെ കണ്ടപ്പോൾ പഞ്ചായത്തുപ്രസിഡണ്ടു കളിയാക്കുവാൻ വേണ്ടി ചോദിച്ചു.

''എന്താ കുട്ടൻപിള്ളേ, തെങ്ങുകയറ്റമാണോ ജോലി?''

''അല്ല സാറേ, നിങ്ങടെ പഞ്ചായത്തുറോഡിൽകൂടി നടക്കുമ്പോൾ വല്ല ഗട്ടറിലുംവീണാൽ കരയ്ക്കുകയറാനാ.''

X X X

മജിസ്ട്രേട്ട കള്ളനോടു ചോദിച്ചു:

''എന്നാലും നിങ്ങൾ ഇത്ര വലിയ പൂട്ടു് എങ്ങനെയാണീ ആണി ഉപയോഗിച്ചു തുറക്കുന്നതു?''

''എന്തിനാ സാറേ ഈ വിവരമൊക്കെ നിങ്ങളറിയുന്നതു്. സാറിനു സർക്കാരിൽനിന്നു ശമ്പളമുണ്ടല്ലോ.

ക്തം കണ്ടു് പൊട്ടിച്ചിരിക്കുകയും അവരുടെ ശവശരീരങ്ങൾ കണ്ടു് ആർത്തട്ടഹസിക്കുകയും ചെയ്യുന്ന ഒരുതരം ക്രൂരത പൂണ്ട രാക്ഷസീയവികാരത്തിനേറ പ്രേതം ബാധിച്ച മനുഷ്യത്വമറ്റ കഠിനഹൃദയരായിത്തീർന്നിരിക്കുന്നു. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി, ജനങ്ങളാൽ നടത്തപ്പെടുന്ന, ജനങ്ങളുടെ ഭരണകൂടത്തെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്ന ''ജനനേതാക്കൾ'' ഇവരുടെ ക്രൂരതയ്ക്കിരയായി ആത്മാവും ശരീരവും നിറയെ ഭയവുമായിക്കഴിയുന്ന മനുഷ്യർ ഒന്നല്ല, രണ്ടല്ല, ഇരുപത്തിയഞ്ചു ലക്ഷത്തോളം വരും. സർക്കാർ വനങ്ങളിലെ 15 ലക്ഷം കർഷകരും സ്വകാര്യവനങ്ങളിലെ 10 ലക്ഷം

എ കെ സി സി ബുള്ളറ്റിൻ

കർഷകരും ഉംപ്പടെ കുടിയിറക്കിനും മേൽച്ചാത്തിനും അതുപോലുള്ള ഭീകരനയങ്ങൾക്കും വിധേയരായി നശിക്കുകയും നശിക്കേണ്ടിവരുകയും ചെയ്യുന്ന കർഷകർ 25 ലക്ഷത്തോളമുണ്ടെന്നുള്ള കാര്യംപോലും അധികമാർക്കും ഇന്നറിഞ്ഞുകൂടാ. ആ സത്യം ജനങ്ങളിൽ നിന്നു സർക്കാരും മറച്ചുപിടിക്കുകയാണു ചെയ്യുന്നതു്.

എങ്ങിനെ ഈ കർഷകരെല്ലാം വനത്തിൽ എത്തിച്ചേർന്നു? എങ്ങിനെ ഇവർ വനത്തിൽ കൃഷിഭൂമികളും സൃഷ്ടിച്ചു? എങ്ങിനെ അവിടങ്ങളിൽ ഭവനങ്ങളും പൊതുസ്ഥാപനങ്ങളുമുയർന്നു? പല വർഷങ്ങൾകൊണ്ടു് വനങ്ങളിൽ നടന്ന പരിവർത്തനമൊന്നും സർക്കാർ അറിഞ്ഞിട്ടില്ലേ? ഈ ചോദ്യങ്ങൾക്കെല്ലാം സമാധാനം പറയേണ്ടിവരുമ്പോൾ, ഇന്നു കർഷകരുടെ ഭവനങ്ങൾക്കു തീ വയ്ക്കുകയും അവരെ സംഹരിക്കുവാൻ തോക്കെടുക്കുകയും ചെയ്യുന്ന കരങ്ങൾ—സർക്കാർ—നീതിയുടെയും മനുഷ്യത്വത്തിന്റെയും കശാപ്പുകാരന്റെ കരങ്ങളാണെന്നു് ഉറക്കെ വിളിച്ചുപറയേണ്ടിവരും. കാരണം ഇന്നു കർഷകരെ സംഹരിക്കുവാൻ ഹാലിളകി നടക്കുന്നവർ തന്നെയാണു് കാലാകാലങ്ങളിൽ വിവിധകാരണങ്ങളാൽ വനങ്ങളിലേയ്ക്കു് കർഷകരെ മാടിവിളിച്ചിട്ടുള്ളതു്.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുണ്ടായ ഭക്ഷ്യക്ഷാമത്തെ നേരിടുവാൻ ഉല്പാദനം വർദ്ധിപ്പിക്കുക, നാടിന്റെ തന്നെ ഭക്ഷ്യം സ്വയം പര്യാപ്തമാക്കുവേണ്ടി കൃഷിഭൂമി വർദ്ധിപ്പിച്ചു് കൃഷി അഭിവൃദ്ധിപ്പെടുത്തുക, കേരളത്തിന്റെ നാണ്യവിളകളുടെ സങ്കേതമായ ഹൈറേഞ്ചു പ്രദേശങ്ങൾ തമിഴ്നാടായിത്തീർന്നു് മദ്രാസിൽ ലയിക്കാതിരിക്കുവാൻ മലയാളികൾ അധികമധികം കുടിയേറുക, എന്നിങ്ങനെ കാലാകാലങ്ങളിലുണ്ടായ നിരവധി പ്രശ്നങ്ങളുടെ പ്രേരണയാണു് മലയോരക്കുടിയേറ്റത്തിന്റെ കാരണങ്ങൾ. അല്ലാതെ ചിലർ ചിത്രീകരിക്കുന്നതുപോലെ ഇവർ വെറും വനംകയ്യേറ്റക്കാരോ വനംകൊള്ളക്കാരോ അല്ല. അല്ലെങ്കിൽ ഈ ലോകത്തിൽ ഭൂമിയുടെ കൈവശാവകാശികളെയെല്ലാം, പ്രത്യേകിച്ചു ജന്മികളെയും വൻഭൂവുടമകളെയുമെല്ലാം, കയ്യേറ്റക്കാരായി കണക്കാക്കേണ്ടിവരും. ജനനേതാക്കളും ഭരണകൂടങ്ങളും മലയോരക്കുടിയേറ്റത്തിനു പ്രോത്സാഹനവും പിന്തുണയും നൽകിക്കൊണ്ടിരുന്ന കാര്യവും വിസ്മരിക്കാവുന്നതല്ല. ഇങ്ങനെ സർക്കാരിനെയും സർക്കാരിനെ നയിക്കുന്നവരെയും വിശ്വസിച്ചു് നാട്ടിലുള്ളതു മുഴുവൻ ഉപേക്ഷിച്ചു് വനങ്ങളിൽ കുടിയേറിയ കർഷകർ, അവരുടെ വിയർപ്പുതുള്ളികൾ വീഴ്ത്തി വനഭൂമികൾ കൃഷിഭൂമികളാക്കി മാറിയപ്പോൾ, അവരുടെ സ്വപ്നവും ജീവിതം തന്നെയും ഇതിനുവേണ്ടി ചെലവഴിച്ചപ്പോൾ ഇന്നിതാ സർക്കാരും നേതാക്കന്മാരും ഈ കർഷകരുടെ കാലന്മാരായി പരിണമിച്ചിരിക്കുന്നു. ഇത്രയും ക്രൂരമായ ഒരു ജനദ്രോഹം ലോകചരിത്രത്തിൽ വേറെ കാണുകയില്ല.

കുടിയിക്കിനേയും കർഷകസംഹാരത്തേയും ശക്തിയായി എതിർക്കുന്നതു് കത്തോലിക്കാകേന്ദ്രങ്ങളും കത്തോലിക്കാപ്രത്രങ്ങളുമായതുകൊണ്ടു് കുടിയിറക്കുകൊണ്ടുള്ള ദോഷമുണ്ടാകുന്നതെല്ലാം കത്തോലിക്കർക്കാണെന്നുള്ള ഒരു തെറ്റായ ധാരണ ചിലരിൽ ഇല്ലാതില്ല, ഭരണകൂടം ചെയ്താനെ പ്രസവിച്ചാലും താരാട്ടുപാടുന്ന ചില പത്രങ്ങളും വ്യക്തികളും ഈ ധാരണ പരത്തുവാൻബോധപൂർവ്വം ശ്രമിയ്ക്കുന്നുമുണ്ടു്. ജനങ്ങളെ ഭിന്നിപ്പിച്ചു നശിപ്പിക്കുക, കത്തോലിക്കൻ ചാകുന്നതു കാണുന്നതു് ഒരു രസമായിട്ടു കണക്കാക്കുന്ന വർഗ്ഗീയപേക്കോലങ്ങളായ ദേശീയാഭാസങ്ങളെ മറയാക്കിനിർത്തിക്കൊണ്ടു് —അവക്കിതിനു നല്ല പ്രതിഫലംതന്നെ കിട്ടുന്നുണ്ടാവണം— കർഷകരെ സംഹരിയ്ക്കുക, ആ സംഹാരത്തിനിടയിലൂടെ സ്ഥാപിതതാല്പര്യങ്ങൾ സംരക്ഷിക്കുക എന്നിങ്ങനെ പലതാണു് ഈ വർഗ്ഗീയനിറം കൊടുക്കലിനു കാരണം.

സർക്കാർ വനങ്ങളിൽ കുടിയേറിയിട്ടുള്ള 15 ലക്ഷമാളുകളിൽ കത്തോലിക്കർ നാലരലക്ഷത്തോളം മാത്രമേയുള്ളു. വനം കുടിയേറ്റക്കാരിൽ 50 ശതമാനവും ഈഴവർ ഉംപ്പടെയുള്ള ഹൈന്ദവരായ പിന്നോക്ക സമുദായക്കാരാണു് ഇവർ ഏതാണ്ടു് ഏഴരലക്ഷത്തിൽ അധികം വരും. ഒരു ലക്ഷം മുസ്ലീംങ്ങളുമുണ്ടു്, ബാക്കിയുള്ള രണ്ടു ലക്ഷം സവർണ്ണഹിന്ദുക്കളുംപ്പടെയുള്ള മറ്റു സമുദായക്കാരാണു്. ചുരുളികീരിത്തോട്ടിൽ ഉണ്ടായിരുന്ന കർഷകകുടുംബങ്ങളുടെ കണക്കിതാണു്: മുസ്ലീം 234, ഈഴവർ 185, ക്രൈസ്തവർ 145, ഹരിജൻ 85. ഇത്രയും കുടുംബങ്ങളാണു് ആ ഭാഗങ്ങളിൽ ഉണ്ടായിരുന്നതു്. സർക്കാരിന്റെ ക്രൂരതയ്ക്കു മുൻപിൽ ബലിയാടുകളായിത്തീർന്നു് കോട്ടയത്തെ തെരുവീഥികളിൽ വന്നുകിടന്ന വളഞ്ഞങ്കാനം കർഷകരുടെ സംഖ്യ ഏതാണ്ടു് 600— ഓളംവരും. ഇവരിലും ഇരുപത്തിയഞ്ചുശതമാനത്തോളമേ ക്രിസ്ത്യാനികളുള്ളൂ. കോട്ടയം തെരുവീഥികളിൽവെച്ചു ആ സത്യം ഈ നാട്ടിലെ ജനങ്ങൾ കണ്ടതാണു്. സത്യവും വസ്തുതകളുമെല്ലാം ഇപ്രകാരമായിരിക്കെ എങ്ങനെ ഇതു കത്തോലിസ്സിന്റെ മാത്രം പ്രശ്നമാകും?

എന്നാൽ, എന്തുകൊണ്ടാണു കത്തോലിസ്സർ മാത്രം കുടിയിറക്കു പ്രശ്നത്തിൽ കൂടുതലായി ഒച്ചപ്പാടുണ്ടാക്കുന്നതു്? ഇങ്ങനെയും ചിലർ ചോദിയ്ക്കുന്നതുകേൾക്കാം. വാസ്തവത്തിൽ ഈ ചോദ്യം കത്തോലിസ്സരോടു ചോദിയ്ക്കേണ്ടതല്ല. സംശയമുള്ള സമുദായക്കാർ മുൻപറഞ്ഞ കണക്കുകളുടെ അടിസ്ഥാനത്തിൽ അവരുടെ സമുദായനേതൃത്വത്തോടു തന്നെ ചോദിയ്ക്കേണ്ടതാണു്, പക്ഷേ ഈ ചോദ്യത്തിനു കത്തോലിസ്സാസമുദായത്തിനു പറയുവാനുള്ള സമാധാനം വ്യക്തവും സ്പഷ്ടവുമത്രെ. സാമൂഹ്യമായ നീതികേടുകളെ എവിടെയും എന്നും കത്തോലിസ്സർ എതിർക്കും; മനുഷ്യവകാശങ്ങൾക്കുവേണ്ടി കത്തോലിസ്സർ എന്നും നിലകൊള്ളും. ഇതാണു കത്തോലിസ്സുക്കുള്ള സമാധാനം. കേരളത്തിന്റെ തന്നെ പഴയ ചരിത്രമിതാണല്ലോ. ഈ വീക്ഷണഗതിയിലൂടെയുള്ള കത്തോലിക്കാസമൂ

സംസ്ക്കാരനേതൃത്വം

ആധുനികമലയാള സാഹിത്യത്തിന്റെ സാരഥിയും നിർഭയ ചിന്തകനുമായ പ്രഫസർ മുണ്ടശ്ശേരി പഠിച്ചും ചിന്തിച്ചും എഴുതുമ്പോഴും വല്ലാത്തൊരു തിളച്ചുമറിയലുണ്ടാകും സാഹിത്യാന്തരീക്ഷത്തിൽ. കുത്തകക്കാരെയും വമ്പന്മാരെയും അടിച്ചു നിലം പരിശാക്കുന്ന ആ തൂലിക സകലതിനെയും ചോദ്യം ചെയ്യ ഗമിക്കുന്നതു് ചിലക്കു ഇഷ്ടപ്പെടുന്നില്ലെന്നു മാത്രം. അതേവരെ നെഞ്ഞോററിക്കൊണ്ടു് നടക്കുന്നതു് ചോദ്യം ചെയ്യപ്പെടുമ്പോഴും സ്വാഭാവികമായിത്തന്നെ മുടക്കലും വിലക്കലും ഉണ്ടാകും.

— പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി —

ഇന്നു കാണുന്ന തരത്തിലുള്ള അത്ഭുതകരമായ ഉല്പാദനപ്രക്രിയകളും ആരംഭിച്ചിട്ടു് അധികം കൊല്ലമായിട്ടില്ല. മനുഷ്യസംസ്ക്കാരത്തിന്റെ വളർച്ചയെന്നു പറഞ്ഞാൽ-ആക്കിത്തുക്കി നോക്കുമ്പോൾ-ഉല്പാദനപ്രക്രിയകളുടെ ചരിത്രമാണു്. മനുഷ്യൻ കണ്ടുപിടിച്ച എന്നു പറയുന്ന അറിവു് അതാണു് യുക്തിവിചാരപരമായി ഉണ്ടായിട്ടുള്ള കുറെ അറിവുണ്ടു്. പക്ഷെ സാങ്കേതികവിജ്ഞാനവുമായി തട്ടിച്ചുനോക്കുമ്പോൾ ആ അറിവു് വളരെ തുച്ഛമാണു്. നാം ആജ്ജീവിച്ചു വിജ്ഞാനം ശാസ്ത്രവിജ്ഞാനമാണു്. എന്നാൽ അവയിൽ പലതിനെക്കുറിച്ചും ആദ്യമൊന്നും അത്ര വലിയ സ്വീകരണം ലഭിച്ചെന്നു വരികയില്ല. ന്യൂട്ടൻ മരിക്കുന്നതുവരെ അദ്ദേഹം ആവിഷ്ക്കരിച്ചവയിലേറിയ കാര്യങ്ങളാണെന്നു് ഓക്സ്ഫോർഡിലും കേംബ്രിഡ്ജിലും അറിഞ്ഞിരുന്നില്ല. നേരെ മറിച്ചു്. പാരീസിലെ ഒരു യൂണിവേഴ്സിറ്റിക്കാരാണതു കാരമായി എടുത്തു പഠിച്ചതു്. ന്യൂട്ടന്റെ കണ്ടുപിടുത്തങ്ങൾ പിൽക്കാലത്തു് എത്ര വമ്പിച്ച സാദ്ധ്യതകളുള്ളവാക്കിത്തീർത്തുവെന്നെല്ലാവർക്കുമറിയാം. മാനവസംസ്കാരത്തിന്റെ വളർച്ചയിൽ അവയ്ക്കുള്ള വമ്പിച്ച പ്രാധാന്യം ഇന്നെല്ലാവരും അംഗീകരിച്ചുകഴിഞ്ഞു. അവയൊക്കെത്തന്നെ ലോകത്തെങ്ങും വ്യാപകമായ തോതിൽ പ്രചരിച്ചുകഴിഞ്ഞു.

സാഹിത്യകാരന്മാരുടെ തെറ്റായ ധാരണ

പക്ഷെ, സാഹിത്യകാരന്മാർക്കു ഒരു ധാരണയുണ്ടു്, തങ്ങളാജ്ജീവിച്ചിട്ടുള്ള കഴിവു് മറ്റാർക്കുമില്ലാത്തതാണെന്നു്. അവർ സാധാരണ മനുഷ്യന്റെ നിലവാരത്തിൽ നിന്നും വളരെ ഉയർന്നവരാണത്രെ. നേരത്തെ പറഞ്ഞതുപോലെ ലോകത്തു വമ്പിച്ച പരിവർത്തനങ്ങൾക്കു വിത്തു പാകിയ ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങളും നടത്തിയ ഐൻസ്റ്റീൻ ഉൾപ്പെടെയുള്ള ശാസ്ത്രകാരന്മാർപോലും ഇങ്ങനെ ഒരവകാശവാദം പുറപ്പെടുവിക്കാറില്ല.

തങ്ങളുടെ സൃഷ്ടികൾ ഹൃദയത്തിൽ നിന്നും വികാരത്തിൽ നിന്നും ആവിഷ്ക്കരിക്കുന്ന ഒന്നാണെന്നു സാഹിത്യകലാരംഗത്തു പ്രവർത്തിക്കുന്നവർ കരുതുന്നു. അതിൽ ഒരു വശംകൊണ്ടു് അല്പം സത്യമുണ്ടു്. കാരണം, ശാസ്ത്രകാരൻ എന്തെങ്കിലും ഒരസംസ്കൃതവസ്തുവിൽ നിന്നുമാണു് ഒരു പുതിയ ശക്തിയെ കണ്ടുപിടിക്കുന്നതു്. അതു നഗ്നദൃഷ്ടികൊണ്ടു കാണാനും കഴിയും. എന്നാൽ സാഹിത്യകാരന്റെ പ്രവർത്തനഫലമായി ഈഴവരുംപ്പടെയുള്ള പിന്നോക്കവിഭാഗങ്ങൾക്കും കുറേ ഗുണഫലങ്ങൾ അനുഭവിച്ചിട്ടുണ്ടു്. ഇന്നും അനുഭവിയ്ക്കുന്നുമുണ്ടു്. കത്തോലിയ്ക്കരുടെ ഇത്തരം പ്രവർത്തനങ്ങൾ ആരെങ്കിലുമിക്കുന്നു, ആരു പ്രതികൂലിയ്ക്കുന്നു എന്നുനോക്കിയല്ല; സാമൂഹ്യനീതിയ്ക്കും മനുഷ്യത്വത്തിന്റെ നിലനില്പിനും വേണ്ടിമാത്രമാണു്. ഇതിൽ ജാതിയുടേയും മതത്തിന്റേയും പ്രശ്നമില്ല. ആരെങ്കിലുമിച്ചാലും ആരെതിർത്താലും സാമൂഹ്യനീതിയ്ക്കുവേണ്ടിയുള്ള കത്തോലിയ്ക്കരുടെ പ്രവർത്തനം തുടർന്നുകൊണ്ടേയിരിയ്ക്കും. ഇന്നു് സമസ്തമനുഷ്യാവകാശങ്ങളും നിഷേധിയ്ക്കപ്പെട്ടന്ന ഒരു വിഭാഗമായിത്തീർന്നിരിയ്ക്കുകയാണു് മലയോരക്കർഷകർ. അതിനാൽ വേദനിയ്ക്കുന്ന ആ മനുഷ്യസഹോദരിൽ നിന്നകന്നുപോകുവാൻ കത്തോലിയ്ക്കാസമുദായത്തിനു സാദ്ധ്യമല്ല.

ഇതു പറയുമ്പോൾ എല്ലാവിധ കുടിയിറക്കുകളേയും കത്തോലിയ്ക്കർ എതിക്കുന്നു എന്നു കരുതരുതു്. പദ്ധതികളുടെ ആവശ്യങ്ങൾക്കുവേണ്ടി കുടിയിറക്കുകൾ നടക്കേണ്ടതു നടക്കുകതന്നെ വേണം. പക്ഷേ പദ്ധതിപൂർത്തിയാകുമ്പോൾ, പദ്ധതിയുടെ ഗുണഫലങ്ങൾ ഈ കുടിയിറക്കപ്പെട്ടന്നവർക്കും അവരുടെ സന്താനങ്ങൾക്കുംകൂടി അനുഭവിയ്ക്കുവാൻ ഇടയാകത്തക്കവിധത്തിൽ അവരെക്കൂടി ജീവിക്കുവാൻ അനുവദിക്കണമെന്നു മാത്രം. വടക്കേ ഇൻഡ്യയിൽ പല പദ്ധതികൾക്കും വേണ്ടി കുടിയിറക്കിയവരെ തെരുവുതെണ്ടികളാക്കാതെ ജീവിയ്ക്കുവാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്തു് കുടിയിരുത്തിയതുപോലെ കേരളത്തിലും കുടിയിറക്കിനുവിധേയമാകുന്നവരോടു നീതികാണിയ്ക്കുണമെന്നു മാത്രം. ഈ നീതി നിഷേധിയ്ക്കപ്പെട്ടാൽ, ഒരു വലിയ വിഭാഗം ജനതയുടെ ജീവിതം ഇവിടെ തകർന്നു വീഴും. ഈ സാമൂഹ്യവിപത്തുകണ്ടു് രസിയ്ക്കുവാൻ കത്തോലിക്കാസമുദായത്തിനെ മനസ്സാക്ഷിയ്ക്കു സാദ്ധ്യമാവുകയില്ല. വേദനിയ്ക്കുകയും പീഡനങ്ങൾ സഹിക്കുകയും ചെയ്യുന്നവരോടുകൂടി കത്തോലിക്കാസമുദായത്തിന്റെ സമസ്ത വികാരങ്ങളും എപ്പോഴും ഉണ്ടായിരിക്കുകയും ചെയ്യും.

എഡിറ്റർ

നാം സോദരർ

— കാവാലം കെ. സി. ചാണ്ടച്ചൻ —

ഭാരതം ഹിന്ദുമുസ്ലീംയുദ്ധത്തെമറക്കയോ?
ഇപ്പോഴമങ്ങിങ്ങായ് കേൾക്കുന്നു—
കലാപങ്ങളം-
വർഗ്ഗത്തിൻപേരിൽ-നമ്മളംതാണെന്നോ-
സംസ്കാരത്തിൽ!
ഹിന്ദുവുംമുസൽമാനുംക്രിസ്ത്യനും—
സഹോദര—
ചിന്തയിൽവത്തിക്കുന്നകാലമേ—
വെൽവൂതാക!!!
''മതമേതായാലുമീമനുഷ്യൻനന്നാകാതെ
മതിയാവുകയില്ല'' സാമ്രാജ്യം-
ലഭിക്കുവാൻ!
മാനുഷാപഠിക്കുയിതുത്തമനു—
ക്കാമ്പിൽ-
ന്യനമായ് ചേർക്ക, സ്നേഹപൂവ്വമായ്—
പ്രവത്തിക്ക!
ശാശ്വതസമാധാനം ലോകത്തു കൈ—
വന്നീടും
വിശ്വമിന്നാനന്ദത്തിൻ സ്വർല്ലോക-
മായ്മാറിടും!

മനുഷ്യൻമതത്തിന്റെപേരിലാ—
യെത്രയെത്ര-
യധമ്മങ്ങളാംകമ്മംചെയ്യുന്നു-
മന്നിടത്തിൽ.
വെട്ടിക്കൊല്ലുന്നു തന്റെ സോദരന്മാരെ—
മത-
രുട്ടടക്കുവാനയ്യോകഷ്ടമേ കഷ്ടം! ലോകം.
ഭാരതമാതാവിനെ രണ്ടായിപകുത്തുനാം-
വീരരേമതഭ്രാന്താലന്ധരായിതോ-
നിങ്ങളും?
വ്യാഴവട്ടങ്ങളം രണ്ടുതികഞ്ഞി—
ല്ലിവിടത്തെ-
ഘോരമാംരണം! ഓത്താൽനാണമാ-
കുന്നുണ്ടിപ്പോഴം!
സോദരചിന്താപൂവ്വംവത്തിക്കാൻ.
കടപ്പെട്ടോർ,
ചോരയ്യായ് ദാഹിക്കുന്നകാഴ്ചയോ!
കഷ്ടം കഷ്ടം!
പേർപോലുമെഴുതാനെൻതൂലിക-
ചലിക്കില്ല!

മതത്തിന്റെ അസംസ്കൃതവസ്തു മനുഷ്യ വികാരമാണു്. അതു മറാക്കും കണ്ടെത്താവുന്ന ഒന്നല്ല. അങ്ങനെയുള്ള അസാധാരണമായ ഒരു മതിപ്പു തോന്നാവുന്നതുമാണു്. അങ്ങനെ തങ്ങളം മറ്റു സാധാരണമനുഷ്യരിൽ നിന്നൊക്കെ അതീതരാണെന്ന ഒരു ധാരണയുണ്ടു്. പഴയ കാലത്തിതു വളരെയധികമായിട്ടുണ്ടായിരുന്നു.

പ്രതിപാദനഭംഗി

എന്നാൽ ഇതുയും അകറാനിനിവൃത്തികാണേണ്ടതോണോ ഈ സാഹിത്യസൃഷ്ടിക്കുള്ള കഴിവു്? ഏതു കാര്യം പറയുന്നതിനും അടുക്കും ചിട്ടയുമുള്ള ഒരു മാതൃക വേണം. അല്ലെങ്കിൽ പറയുന്നതു് കേംവിക്കാരിൽ ഉദ്ദേശിച്ച ഫലമുളവാക്കുകയില്ല. സാഹിത്യമായാലും ശാസ്ത്രമായാലും ഏതു വിഷയത്തിനും പ്രതിപാദനഭംഗി വേണം. പറയാനുള്ളതു് പറയേണ്ട രീതിയിൽ അനുക്രമമായി പറഞ്ഞുഫലിപ്പിക്കണം. അങ്ങനെ ചെയ്യാൽ അതുമൊരു ശില്പമാണു്. ശാസ്ത്രമായാലും സാഹിത്യമായാലും എല്ലാ ഘടകങ്ങളംകൂടി ഇതു് ബാധകമാകും. യുക്തിബോധമുള്ളവക്കു് വൈകാരികബോധം കുറഞ്ഞെന്നു വരാം. ശാസ്ത്രവിഷയങ്ങളം അതിൽത്തന്നെ വളരെ സാങ്കേതികമായ വിഷയങ്ങളം വളരെ ഷാർപ്പായി പ്രതിപാദിച്ചാലേ ഫലവത്താകൂ.

പ്രതിപാദനം രണ്ടു തരം

അതേ സമയംതന്നെ ഒരേ കാര്യം രണ്ടു തരത്തിൽ പ്രതിപാദിക്കാം. അതാണു് നേരത്തെ പറഞ്ഞതുപോലേ യുക്തിബോധത്തോടും വൈകാരികബോധത്തോടുമുള്ള പ്രതിപാദനം. സാഹിതീയ ഭാഷയിൽ വൈകാരികമായ പ്രതിപാദനത്തിനു് സവ്വോപാസനം വേണം. യുക്തിപരമായ പ്രതിപാദനത്തിനു നിർഗ്രണമായ പ്രതിപാദനമെന്നും പറയും. മുത്തമായ രീതിയിൽ ആശയങ്ങളം പ്രതിപാദിക്കുന്ന രീതിയാണു് സാഹിത്യം. മനുഷ്യജീവിതത്തിന്റെ മൂത്തമായ വശങ്ങളം ഉദ്ദീപനഭാവം ഉപയോഗപ്പെടുത്തി പ്രതിപാദിച്ചാലേ സാഹിത്യമാകൂ. വികാരങ്ങളെ വശീകരിക്കുന്നതു് എപ്പോഴും മൂത്തമായ ഭാഷയും മൂത്തമായ പ്രതിപാദനവുമാണു്. അവ ശാസ്ത്രഭാഷയിൽ പറഞ്ഞാൽ പറ്റുകയില്ല. യുക്തിപക്ഷമല്ല. വികാരപക്ഷമാണു് പ്രധാനമായും സാഹിതീയമായ പ്രതിപാദനത്തിനുള്ള പ്രത്യേകത. അതു് ചെറുകഥയിലാകാം, നോവലിലാകാം. കവിതയിലാകാം, ഖണ്ഡകാവ്യത്തിലാകാം, നിരൂപണത്തിലാകാം, സാഹിത്യത്തിന്റെ ഏതു വിഭാഗത്തിലുമാകാം.

നിരൂപണവും സാഹിത്യവും

നിരൂപണത്തിനിടയിൽ ജീവിതാനുഭവങ്ങളം പ്രതിപാദിച്ചു വന്നാലതും സാഹിത്യമാകാം. നിരൂപണവും നിരൂപണമല്ലാത്ത സാഹിത്യവും തമ്മിലൊരു യുദ്ധമാവശ്യമുണ്ടോ? സാഹിത്യവിഷയകമായ കാര്യങ്ങളം സംഭാഷണരീതിയിലെഴുതിയാൽ നിരൂപണമാകാം. ഒന്നേയുള്ളു, എഴുത്തുന്നതു് എന്തായാലും അതിൽ കാര്യം വേണം. എഴുതേണ്ട രീതിയിൽ എഴുതുകയും വേണം. സാഹിത്യത്തിന്റെ ഏതു ശാഖയിലായാലും അവശ്യം അനുഷ്ഠിക്കേണ്ട ചില കാര്യങ്ങളുണ്ടു്. മാത്യു അർനോൾഡിന്റെ ചില കാര്യങ്ങളെ ഇന്നും സാഹിത്യമാനദണ്ഡങ്ങളായി ഗണിക്കുന്നുണ്ടു്. മാത്തമാറിക്സ് ഫോമിൽ എഴുതിയിരുന്നെങ്കിൽ അതു സാഹിത്യമാകുമായിരുന്നോ? അലക്സാണ്ടർ പോപ്പ് ചുണ്ടെലി അനങ്ങിയാലും കവിത എഴുതുമായിരുന്നു. പക്ഷെ അതു കാവ്യമാണെന്നു അതിനു ജന്മം കൊടുത്ത ഭാഷയറിയാവുന്ന ആളുകളം പറഞ്ഞിരുന്നില്ല. അവർ ഭാഷനിശ്ചയമുള്ളവരാണു്. അതു നിശ്ചയമില്ലാത്ത ചിലർ അതു കാവ്യമാണെന്നു പറഞ്ഞിട്ടുണ്ടു്. അങ്ങിനെ ചിലരിവിടെയുമുണ്ടു്. അലക്സാണ്ടർ പോപ്പിന്റെ കവിതയെപ്പററി ഡോക്ടർ ജോൺസൺ പറഞ്ഞ പലതും ഇന്നും നിലനിൽക്കുകയും ചെയ്യുന്നു. സാഹിത്യബുദ്ധിയോടെ എഴുതുന്ന ഒരാളിന്റെ കവിതകളുടെ ഭാവി നിണ്ണയിക്കാം. എന്നാൽ നമ്മുടെ സാഹിത്യകാരന്മാരെപ്പററിയാണെങ്കിൽ അമേരിക്കയ്ക്കും ഫ്രാൻസിനുമൊന്നും ഇതല്ലാതെ വഴിയില്ലെന്നായിരിക്കുന്നു. ആ സംസ്കാരമാണു് നാളത്തെ സംസ്കാരത്തിന്റെ നേതൃശക്തി.

സാഹിത്യകാരനും ശാസ്ത്രവും

സാഹിത്യകാരൻ ശാസ്ത്രവും പഠിക്കണം. അവക്കു് പൊതുവിൽ ശാസ്ത്രത്തെ പുച്ഛമാണു്. ഭയവുമാണു്. ഇന്നു ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന സകല ധാമ്പികാധഃപതനത്തിനും കാരണം ശാസ്ത്രമാണെന്നു വരെ പറയുന്ന സാഹിത്യകാരന്മാരിന്നുണ്ടു്. ശാസ്ത്രം സാഹിത്യത്തിൽ നിഷിദ്ധമായിട്ടുള്ള ഒന്നാണെന്നവർ കരുതുന്നു. ആ കാഴ്ചപ്പാടു കളയണം. ശാസ്ത്രബോധം സാഹിത്യകാരന്മാക്കുണ്ടാകണം. ഇന്നു വിജ്ഞാനത്തിന്റെ സിംഹഭാഗവും ശാസ്ത്രമാണു്. അതെല്ലാം ഉൾക്കൊള്ളാനും അങ്ങനെയുള്ള ഒരു സംസ്കാരം വളത്തിക്കൊണ്ടു വരാനും കഴിയുന്നവക്കേ ഈ യുഗത്തിന്റെ എഴുത്തുകാരനാകാനാകൂ. സാഹിത്യകാരൻ ശാസ്ത്രം പഠിക്കണമെന്നു പറയുമ്പോഴം അയാളം ഫിസിക്സും കെമിസ്ട്രിയുമൊക്കെ പഠിക്കാൻ പോകണമെന്നില്ല. അതൊക്കെ പോയി പഠിച്ചതുകൊണ്ടുമായില്ല. ഓരോ വിഷയത്തിന്റെയും വിശദാംശം പഠിക്കണമെന്നല്ല. നേരെ മറിച്ചു് അതിന്റെയൊക്കെ ചൈതന്യം മനസ്സിലാക്കണം. അതു തന്റെ പൊതു വിജ്ഞാനത്തിനുപയോഗപ്പെടുത്തണം. ആയിരമായിരം കൊല്ലങ്ങളായി കടപുഴങ്ങി വീണിട്ടുള്ളതെന്തെന്നു ഹൃദിസ്ഥമാക്കണം. പുതിയ സംസ്കാരപ്രബുദ്ധത ഉണ്ടാകണം. ഒരു വലിയ തിരമാല അടിച്ചുകയറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജീവിക്കാനുള്ള തന്റേടം എഴുത്തുകാർക്കുണ്ടാകണം.

കിളവന്റെ കല്യാണം

17874

(എസ്. പ്രകാശം)

തങ്കംപോലത്തെ പെണ്ണായിരുന്നു. അതിനെ മുതുകിളവനെക്കൊണ്ടു കെട്ടിച്ചല്ലോ. കെട്ടിയവന്റെ മകളുടെ പ്രായമില്ല പെൺകുട്ടി. കാശില്ലെങ്കിൽ കന്യാസ്ത്രീ മഠത്തിൽ ആക്കാൻ പാടില്ലേ? ഓ! അവിടെയും പണക്കാക്കല്ലേ മുൻഗണന!

രണ്ടാമത്തെ പ്രാവശ്യമാണു് ഭർത്താവിന്റെ വീട്ടിലേക്കു പോകുന്നതു്. ആദ്യത്തേതു വിവാഹത്തിന്റെ അന്നായിരുന്നു. കൂടെ കുട്ടപ്പനും കുട്ടമ്മയുമായി അച്ഛനും അമ്മായിയും ഉണ്ടായിരുന്നു. പിറ്റേദിവസംതന്നെ തിരിച്ചുപോരുകയും ചെയ്തു.

എപ്പോഴും ഇരുട്ടുകെട്ടിനില്ക്കുന്ന മച്ചയരം കറുത്ത കൊച്ചുജനലയത്തുനിന്നു് വിരിപ്പാവുസാരിയും കല്യാണ ബ്ലൗസും ധരിച്ചുകഴിഞ്ഞപ്പോൾ ആനിയുടെ മനസ്സു കലങ്ങുകയായിരുന്നു. നേരത്തേ തന്നെ മനസ്സിൽ ശപഥം ചെയ്തിരുന്ന യാത്ര പറഞ്ഞിറങ്ങുമ്പോൾ, കരയരുതു് കരയരുതു്. ശബ്ദത്തിനിടർച്ചയുണ്ടാകരുതു്.

പക്ഷേ അറിയാതെ തന്നെ കണ്ണു നിറഞ്ഞുപോകുന്നു. മനസ്സിലെ ശപഥത്തിന്റെ പാറക്കെട്ടുകൾ പൊടിഞ്ഞു വീഴുകയും ചെയ്യുന്നു.

പുറംകൈകൊണ്ടു കണ്ണുതുടച്ചു് ആനി വടക്കേ മുറിയിലേക്കു നോക്കി വല്ലവരും കാണുന്നുണ്ടോ?

ഇല്ല! ഭാഗ്യമായി.

അയൽപക്കത്തെ പെണ്ണുങ്ങളും വിരുന്നു വന്നവരും എല്ലാവരും വടക്കേ മുറിയിൽ ഇരുന്ന വർത്തമാനം പറയുന്നു.

''വല്യപണക്കാരാണു് ചിലവിനു തേങ്ങായും കിട്ടും;' പുതിയ പണക്കാരാണു്.

''ഇളയമകനു് അയ്യായിരം രൂപായാണു് സ്ത്രീധനം കിട്ടിയതു്. ഇതുനടന്നതു് ആനിയുടെ ഭാഗ്യമാണു്.?''

ഭർത്താവിന്റെ കൂട്ടുകാരെക്കുറിച്ചാണു പറയുന്നതു്

യാത്ര ഒരുങ്ങിക്കഴിഞ്ഞപ്പോൾ പന്തലിൽ കൂടിനിന്നവരിൽ ആരോ പറയുന്നതുകേട്ടു.

''ആനി എല്ലാവരോടും സ്തുതിപറയു മോളേ''

അമ്മായിയുടെ ശബ്ദമാണല്ലോ അതു്?

ആരുടെ മുഖത്തും നോക്കിയില്ല. മിഴികൾ താഴ്ന്നിരുന്നുവെങ്കിലും ഒന്നുംതന്നെ കാണുവാൻ കഴിഞ്ഞില്ല. മഞ്ഞു മൂടിക്കെട്ടിയ ഒരു പ്രഭാതത്തിലെ അവ്യക്തതപോലെ തോന്നിക്കുന്നു.

ആനി എല്ലാവരോടും നിർവികാരത നടിച്ചു സ്തുതിപറഞ്ഞു. ശബ്ദത്തിനു് ഇടർച്ചയുണ്ടോ? കൺപീലികൾ നനഞ്ഞുവോ? ഇല്ല. ഇനി ശബ്ദത്തിനു് ഇടർച്ചയുണ്ടായെങ്കിൽ തന്നെ തന്റെ വേദനയാക്കും മനസ്സിലാകുകയില്ല.

വീടും വീട്ടുകാരേയും വിട്ടു് ഒരു പുതിയ വീട്ടിലേയ്ക്കു പുതിയ മനുഷ്യരുമായി ജീവിക്കുവാൻ പോകുകയല്ലേ. അപ്പോൾ സങ്കടമുണ്ടാകും. എല്ലാമണവാട്ടിമാരും കരയും അതുപോലെ അവർക്കു മനസ്സിലാകുകയുള്ളു. പക്ഷേ എന്റെ വേദന. അതറിയുവാൻ ആരുമില്ല.

പന്തലിന്റെ വാതുക്കൽ അദ്ദേഹം യാത്ര ചോദിച്ചു നില്ക്കുന്നു. വെള്ളസിൽക്കു ജുബ്ബയാണു് ഇട്ടിരിക്കുന്നതു്. കഴുത്തിൽ തടിച്ച സ്വർണ്ണമാല കിടക്കുന്നതു കാണാം. പാദംവരെ നീണ്ടുകിടക്കുന്നു. മുഖത്തു വാർദ്ധക്യത്തിന്റെ ചുളിവുകളും വ്യക്തമായികാണാം. കഷണ്ടികയറിയ തലയിൽ മുടിപകുതിയും നരച്ചിരിക്കുന്നു ഭർത്താവു്!!

അറിയാതെ തന്നെ മിഴികൾ അടഞ്ഞുപോയി.

ചേച്ചി, ചേട്ടൻ, അമ്മായി, അമ്മ പിന്നെ എല്ലാവരുമുണ്ടു്. ജോണേട്ടൻ മാത്രം അതു മറക്കുവാൻ കഴിഞ്ഞുവെങ്കിൽ?

തിരിഞ്ഞു നടക്കുവാൻ തുടങ്ങിയപ്പോൾ ആരോ ഓർമ്മപ്പെടുത്തി. ''ആനി അപ്പച്ചനു് സ്തുതിപറയുന്നില്ലേ?;'

ഉമ്മനക്കോലായിയുടെ ചവിട്ടപടിയിൽ കല്യാണപന്തലിന്റെ തൂണിൽ പിടിച്ചുനിന്നിരുന്ന അപ്പച്ചനു് ആനി സ്തുതി പറഞ്ഞു.

''ഈശോമിശിഹായ്ക്കും സ്തുതിയായിരിക്കട്ടെ''

മകളോടുള്ള ത്യാഗപൂർണ്ണമായ കടമകൾ നിറവേറ്റിയ കൃതാർത്ഥതയോടെ അപ്പച്ചൻ പറഞ്ഞു. ''നമ്മുടെ തറവാടിനു പേരു ഒരുത്തന്റെ കൈയിൽ നിന്നെ ഏല്പിച്ചിട്ടുണ്ടു്. ഒരിക്കലും ഒരു മുട്ടുമുണ്ടാകുകയില്ല മോളെ—;'

സ്വസ്ഥമാകാൻ കൊതിച്ച മനസ്സിൽ അതു കേട്ടപ്പോൾ കടന്നൽകൂട്ടു് ഇള

തിരിഞ്ഞു നോക്കുമ്പോൾ

എന്നാൽ ചോദിക്കും, പണ്ടൊക്കെ എഴുത്തുകാരന്മാർ ഈ ശാസ്ത്രമൊക്കെ പഠിച്ചിരുന്നോ എന്നു്. പഠിച്ചിരുന്നില്ല, അന്നിതൊന്നുമില്ലായിരുന്നു. എന്നാൽ കാളിദാസന്റെ കാലത്തെ തത്വശാസ്ത്രം അദ്ദേഹത്തിന്റെ കൃതികളിൽ പല സ്ഥലത്തും പ്രതിഫലിച്ചിട്ടുള്ളതു കാണാം. എഴുത്തച്ഛന്റെ കൃതികളിലും അക്കാലത്തെ അവികസിതമായ ശാസ്ത്രസിദ്ധാന്തങ്ങൾ കുറെയൊക്കെ പ്രതിഫലിച്ചിട്ടുണ്ടു്. പിന്നിങ്ങോട്ടു വരുന്തോറും ശാസ്ത്രത്തിന്റെ വളർച്ചയ്ക്കനുസൃതമായ പ്രതിഫലനം ഉത്തമകൃതികളിൽ ഉണ്ടായിട്ടുണ്ടു്. കേരളത്തിൽ അതു നന്നേ കുറവാണെന്നു മാത്രം.

നിരുപണത്തെപ്പറ്റി

നിരുപണത്തെപ്പറ്റി പറയണമെന്നാണു് അദ്ധ്യക്ഷൻ പറഞ്ഞതു്. അതേപ്പറ്റി എന്തിനാണധികം പറയുന്നതെന്നാണു് ഞാൻ ചോദിക്കുന്നതു്. കേശവദേവും തകഴിയുമെല്ലാം. തോന്നുന്നതൊക്കെ പറയട്ടെ. മുട്ടാപ്പോക്കിനു വൈകാരികമായി വല്ലതുമൊക്കെ പറയുന്നതു പറഞ്ഞോട്ടെ. എതായാലും എഴുതുന്നതു നല്ലതോ ചീത്തയോ എന്നു പറയാനുള്ള അവകാശം പത്തു നിരൂപകന്മാർക്കല്ല, വായനക്കാർക്കാണു്. എന്റെ കൃതികളെ ചിലർ വിമർശിച്ചിട്ടില്ല. അതുകൊണ്ടെന്താണു്? വിമർശിക്കാൻ പാടില്ലാത്തതു വല്ലതുമുണ്ടോ? അതിലൊന്നുമില്ല. എഴുതുന്നതിനെപ്പറ്റി വാസനാവൈഭവത്തോടെ വിമർശിക്കാനും വായിച്ചതു തെറ്റാണോ ശരിയാണോ എന്നു പറയാനും വിവരമുള്ളവരാണീ രാജ്യത്തുള്ളതെന്നുകൂടി മനസ്സിലാക്കണം. പണ്ടൊക്കെ കൊട്ടാരത്തിലെ രാജസദസ്സാണു് വായനക്കാർ. ഇന്നതല്ല, കാസർകോട്ടു മുതൽ പാറശാല വരെയുള്ള ലക്ഷോപലക്ഷം മനുഷ്യരിന്നു വായനക്കാരായിട്ടുണ്ടു്. അതു മനസ്സിലാക്കി എഴുത്തുകാരൻ കലാസൃഷ്ടി നടത്തണം.

നിരൂപണം നടത്തുമ്പോൾ പറയുന്ന കാര്യങ്ങൾക്കു കുറെ ന്യായങ്ങൾ കൂടി കാണിക്കണം. ഇന്നു ലോകത്തിനു വന്നിട്ടുള്ള മാറ്റത്തിന്റെ നിലവാരവും, വായിക്കുന്നവന്റെ നിലവാരവും ഒക്കെ തന്നെ കണക്കിലെടുത്തുകൊണ്ടു വേണം എഴുതാൻ. (കണ്ടറ പ്രസംഗം)



ദുഃഖവെള്ളിയാഴ്ചത്തെ തിരുക്കർമ്മങ്ങളിൽ മാപ്പ്വാപ്പാ തിരുമേനി നേരിട്ട പങ്കെടുക്കുന്ന രംഗം.

കിയ അസ്വസ്ഥതയാണു് അനുഭവപ്പെട്ടതു്. ആനിക്കു മുഖത്തു കൈചൂണ്ടിപ്പോ ദിക്കണമെന്നുണ്ടായി.

തറവാടിന്റെ മഹത്വത്തിലും പണത്തിന്റെ സമൃദ്ധിയിലും ഒതുങ്ങുന്നതാണോ സുഖം?

അതു പറഞ്ഞില്ല.

''ഞാൻ പോകുന്നു''

തലയും കുനിച്ചു് ആനി പന്തലിറങ്ങി. താങ്ങാനാവാത്ത ഭാരപ്പെട്ട ഒരു മരക്കുരിശു തോളിലിരിക്കുന്നപോലെ മന്ദം മന്ദം നടന്നു. പടി കടന്നപ്പോഴും എന്തോ മറന്നതു പെട്ടെന്നു് ഓർത്തതുപോലെ തിരിഞ്ഞുനിന്നു,

ആർദ്രതയും സൗമ്യതയുമുള്ള ആ കണ്ണുകളെവിടെ?

''എന്റെ ജോണേട്ടാ',

''എന്താ ആനിവല്ലതും മറന്നോ?'

''ഇല്ല ഒന്നുമില്ല'

കണ്ണിൽ നനവിന്റെ മൂടൽ വീണു. ആനി മനസ്സിൽ പറഞ്ഞു.

എല്ലാം മറക്കുക.... എല്ലാം

ഭർത്താവു മുമ്പിൽ തലയും കുനിച്ചു നടക്കുന്നുണ്ടു്. വഴിയരികിൽഅതിന്റെ മറയിലും വേലിയുടെ മുകളിലും കണ്ണുകളും കാണാമായിരുന്നു.

അയൽക്കാർ അടക്കിയ സ്വരത്തിൽ പറയുന്നതുകേട്ടു.


തങ്കം പോലെത്ത പെണ്ണായിരുന്നു അതിനെ ഈ മുതുകിളവനെക്കൊണ്ടു കെട്ടിച്ചല്ലോ''

''മണവാളന്റെ മകളുടെ പ്രായമില്ല. പണമില്ലെങ്കിൽ കന്യാസ്ത്രീമഠത്തിൽ ആക്കാൻ പാടില്ലേ'

അദ്ദേഹം നടുങ്ങിയോ? അവശനായപോലെ തലയും കുനിച്ചാണു് നടക്കുന്നതു്. സഹതാപത്തേക്കാളും വെറുപ്പാണു് തോന്നിയതു്.

കാതുകളിൽനിന്നും ശബ്ദത്തിന്റെ അലകളും മാഞ്ഞിട്ടില്ല. ആകാശത്തിന്റെ അതിരുകളിൽനിന്നു് ആയിരമായിരം ജനങ്ങളും ഒന്നിച്ചുനിന്നു് വിളിച്ചുപറയുന്നതായിതോന്നി.

പണമില്ലെങ്കിൽ കന്യാസ്ത്രീമഠത്തിൽ ആക്കാൻ പാടില്ലേ! പണമില്ലെങ്കി



ഉയിർപ്പുഞായറാഴ്ച, റോമിലെ സെൻറ് പീറേറഴ്സ് ദേവാലയാങ്കണത്തിൽ തടിച്ചുകൂടിയ ജനലക്ഷങ്ങളെ മാപ്പാപ്പാ തിരുമേനി ബാൽക്കണിയിൽ നിന്നുകൊണ്ട് ആശീർവ്വദിക്കുന്നു.

ൽ. കെട്ടഴിഞ്ഞു മധുരംതിന്നുന്നതിനു ശേഷമാണു വ്യക്തമായികണ്ടതു്. വടക്കേമുറിയുടെ ജനാലപ്പാളികളിലൂടെ നോക്കിപന്തലിൻെറ ഒഴിഞ്ഞ കോണിൽ കസേരയിൽ അദ്ദേഹം ഒറക്കു് ഇരിക്കുന്നു.

വെള്ളസിൽക്കിൻെറ ജുബായാണു് ഇട്ടിരിക്കുന്നതു് കഴുത്തിൽ തടിച്ച സ്വർണ്ണമാല. കഷണ്ടികയറിയ തലയിൽ നരച്ച തലമുടികളും. മുഖത്തു വാർദ്ധക്യത്തിൻെറ ചുളിവുകളുണ്ടു്

ശരീരം വല്ലാതെ തളർന്നു പോയി. ജനൽകമ്പിയിൽ ബലമായിപിടിച്ചുകൊണ്ടു വീണിട്ടില്ല.

മനസ്സിൽ ആരോടൊക്കെ പ്രതികാരമാണു് തലയുയർത്തിയതു്.

മൂന്നുവർഷത്തേ പെണ്ണുകാണലിനും ഒരുക്കും ശേഷമാണു് കല്യാണമുറച്ചതു. മുപ്പതോ നാല്പതോ പെറുക്കന്മാർ കാണുവാൻ വരികയുണ്ടായി. ഒരോരുത്തർ വരുമ്പോഴും തെക്കേ മുറിയിൽ ഇരുന്നു് അപ്പച്ചൻ സംസാരിക്കും എന്നിട്ടു വിളിച്ചുപറയും

ആനി കാപ്പികൊണ്ടുവരു.

മടിച്ചുമടിച്ചു നാണിച്ചു തലയും താഴ്ത്തി കാപ്പിയുമായി ചെല്ലും. ആരുടെ നേരെയും നോക്കുകയില്ല. മണവാളൻെറ കൂടെ വന്ന കാരണവർ ചോദിക്കും

എന്താണു പേരു്?

എത്രവരെ പഠിച്ചു?

എല്ലാത്തിനും മറുപടിപറയും

തെക്കേമുറിയിൽ സ്ത്രീധനത്തുകയെക്കുറിച്ചു വിലപേശലുണ്ടാകും, ഒടുവിൽ പെറുക്കനും കൂട്ടരും മിറത്തു മാപ്പിൻെറ ചുവട്ടിൽ നിന്നു രഹസ്യമായി ആലോചിക്കും. അവർ പറയും ഞങ്ങളും അറിയിക്കാം. ഓരോമണവാളനും വന്നുപോകുമ്പോഴും കാത്തിരിക്കും മിറത്തുകല്യാണപന്തലുയരുന്നതും വീട്ടുകാരും ബന്ധുക്കാരും കൂടുന്നതും, മണവാളൻെറ കൂടെ പോകുന്നതും സ്വപ്നം കാണും.

വാഗ്ദാനത്തിൻെറ അറിയിപ്പുമായി കണ്ടുപോയ മണവാളന്മാരാരും തിരിച്ചുവന്നില്ല അവർക്കു പെണ്ണുമാത്രം

പോരാ മുവ്വായിരം രൂപായും കിട്ടണമത്രേ. മുവായിരംരൂപാ

പഴയ പ്രതാപത്തിന്റെ അസ്ഥിമിക്കാത്ത ഓർമ്മകളും മങ്ങിനിൽക്കുന്ന തറവാട്ട മാത്രമുണ്ട്. തറവാടിനെ ചേർന്നവീധത്തിൽ മൂന്ന ചേച്ചിമാരെ കെട്ടിച്ചപ്പോഴും എല്ലാം തീർന്ന. ഇനി വിൽക്കുവാൻ പറമ്പുകളില്ല. പണയപ്പെടുത്തുവാൻ സ്വത്തുക്കളുമില്ല. ഒടുവിൽ സ്ത്രീധനപ്പണം ചോദിക്കാതെ ഒരു മണവാളൻ വന്ന. അപ്പച്ചന് ആഗ്രഹമായി. കല്യാണവും നടന്ന. പക്ഷേ

എന്റെ കർത്താവെ, എല്ലാം ഒന്ന മാക്കുവാൻ കഴിഞ്ഞെങ്കിൽ? വഴിയരികിൽ ഒരു സിഗററുകടയുടെ മുൻപിൽ നിന്ന് മുന്നനാലുചെറുപ്പക്കാർ തമ്മിൽ തമ്മിൽ പറയുന്ന. ''മകളാണ് മരുമകളാണ്'' ചെവി കൊട്ടിയടച്ചുപോയി. ആരോ തലയിൽ മുംക്കിരീടം തറച്ചിറക്കുന്നതുപോലെതോന്നി.

എല്ലാം കേട്ടിട്ടും ഒന്നും കേൾക്കാത്തമട്ടിൽ അദ്ദേഹം നടക്കുകയാണ് തിരിഞ്ഞു നോക്കുന്നുമില്ല. ഒന്നും മിണ്ടുന്നുമില്ല.

അമഷ്ത്തോടെ പല്ലുകടിച്ച് ആനി നിശ്ചബ്ദമായിപറഞ്ഞു- കേൾക്കട്ടെ, വയസുകാലത്ത് എന്തിനാ ഈ കുരിശുചുമക്കുവാൻ പോയി.

ഒരു സത്യം മനസ്സിനെ നടുക്കുന്നുണ്ട്. അദ്ദേഹം തന്റെ ഭർത്താവാണ്. ശവക്കുഴിവരെ ഒന്നിച്ചുപോകേണ്ട കൂട്ടുകാരൻ ഭർത്താവ്. വാടിക്കരിഞ്ഞ ഒരു സ്വപ്നം ഇപ്പോഴും മനസ്സിൽ ബാക്കിനിൽപ്പുണ്ട്. കറുത്തുചുരുണ്ട തലമുടിവാസനയുള്ള എണ്ണപുരട്ടിചീകിവച്ചിരിക്കുന്ന. നേർത്ത മീശയുള്ള മുഖത്ത് മന്ദഹാസം എപ്പോഴും തത്തികളിക്കുന്ന. സുന്ദരനായ ആ ചെറുപ്പക്കാരന്റെ കൂടെ മുട്ടിയുരുമ്മിപോകുമ്പോൾ ചെറുപ്പക്കാർപറയും ''നല്ല ജോഡിയാണ്'' ''ഭാഗ്യവാന്മാർ''

പക്ഷേ, നീണ്ടകോത്തിരിപ്പിനുശേഷം വന്നുചേർന്നത്!

വിശ്വസിക്കുവാൻ കഴിയുന്നില്ല– വീടിന്റെ പടിക്കൽ എത്തിയത് അറിഞ്ഞില്ല. വീടുവലുതാണ് വളരെ വലുത് ചായമിട്ടമരിൽ, വലിയ ഇരുമ്പുഗയിററ്. അറച്ചറച്ച് ആനി പടികടന്ന. പടിക്കൽ സ്ത്രീകളെ കാണുവാൻനിന്നിരുന്ന. ആനി ശബ്ദശൂന്യമായിപറഞ്ഞു ''ഈ വീട് എന്റെ ജീവിതത്തിന്റെ സുശാനമാണ്. മൂത്തവക്കീലിനെ സ്തുതിപറഞ്ഞു. അകത്തേമുറിയിൽ അവശം തളർന്നിരുന്ന ജനാൽപാളികളെ തുറന്നിട്ട. എങ്കിലും വിയർക്കുകയായിരുന്ന.

ജനൽക്കലും വാതുക്കലുമെല്ലാം പെണ്ണുങ്ങളെ വന്ന് എത്തിനോക്കുവാൻ തുടങ്ങി. അവരുടെയൊക്കെ മുഖത്ത സഹതാപമാണുള്ളത്. ആർദ്രതയോടെ ആരോ പറയുന്നതുകേട്ട ''നല്ലൊരു പെൺകൊച്ച്. പണം കണ്ട കെട്ടിച്ചതായിരിക്കും''

സ്ത്രീധനമില്ലാതെയാണ് കെട്ടിയതു് അതുകേട്ടപ്പോഴാ ആനി ഞെട്ടിപ്പോയി. സ്ത്രീധനമില്ലാതെയാണ കെട്ടുന്നത്. സ്ത്രീധനമില്ലാതെ ആയിരത്തിഅറുനൂറു രൂപാമുടക്കുവേണ്ടി അതോക്കെയും മത്തയഗ്ദഗദം പൊട്ടിപ്പോയി. മുറിയുടെ മൂലക്കൽ ഒഴിഞ്ഞുമാറി വീടർന്നമിഴികളുള്ള രണ്ടുകൊച്ചുകുട്ടികളും നിന്നിരുന്ന. മൂത്തവക്ക് എട്ടുവയസ്സുകാണും. ഇളയതിനു് ആറും.

കൂടിനിന്നിരുന്ന പെണ്ണുങ്ങളും ഓരോരുത്തരായി പോയി. കുട്ടികളും മാത്രം എന്തോ അത്ഭുതം കാൺമ്പമട്ടിൽ കൈയ്യുപിടിച്ചു നിൽക്കുന്ന.

ഈ കുട്ടികളും അദ്ദേഹത്തിന്റേതായിരിക്കുമോ? രണ്ടുകുട്ടികളും ഉണ്ടെന്നാണ കേട്ടതു്.

അമ്മായിയമ്മ കടന്നുവന്ന കുട്ടികളോടായിപറഞ്ഞു.

''ഇതാണ നിങ്ങളുടെ അമ്മ, സ്തുതി പറഞ്ഞോ?''

കുട്ടികളും ഒന്നും മിണ്ടിയില്ല. നിങ്ങളുടെ അമ്മ— വിവാഹം കഴിഞ്ഞതേയുള്ള ഇപ്പോഴും അമ്മയുമായിരിക്കുന്ന. രണ്ടുകുട്ടികളുടെ അമ്മ

കുട്ടികളോട് വെറുപ്പാണ തോന്നിയതു്. പുറത്തു വരാന്തയിൽ അദ്ദേഹമിരിക്കുന്നുണ്ട്. ബീഡിയും വലിച്ച് ഒററക്കിരിക്കുന്ന.

അപ്പനും അമ്മയ്ക്കും എങ്ങിനെ തോന്നി ഈ മനുഷ്യന്റെ കൂടെതന്നെ പറഞ്ഞയക്കുവാൻ. തറവാടിന്റെ മാനത്തിനാണപോലും. രണ്ടു മക്കളുള്ള വൃദ്ധനായ ഒരു മനുഷ്യന്റെ കൂടെ മകളെ എല്പിക്കുന്നതാണോ തറവാടിന്റെ മാനം? (മാനം എത്ര വിചിത്രമായ വാക്ക്)

നിനക്ക കഷ്ടപ്പാട്? മതിൽക്കെട്ടും വേലക്കാരികളുമുള്ള വലിയവീട്ടിൽ ഒരല്പലുമറിയാതെ കഴിയുന്നതാണോ സുഖം? അല്ലെങ്കിൽ പ്രായം കഴിഞ്ഞ മകളെ വിവാഹം ചെയ്യുവാൻ വിഷമിക്കുമ്പോഴും വാർദ്ധക്യത്തിലെത്തിയ ഒരാം ഭാഗ്യത്തോടെ കടന്നുവന്ന, സ്ത്രീധനത്തിനു വിലപേശലുണ്ടായില്ല കച്ചവടം നടന്ന.

നഷ്ടക്കച്ചവടമാണെങ്കിലും മകളുടെ പ്രായത്തികവിൽ വിഷയമാക്കുന്ന അപ്പനു് അതു് ഒരനുഗ്രഹമായി. എങ്കിലും അപ്പച്ചനു് തോന്നിയല്ലോ ഈ വയസ്സനെക്കൊണ്ടു്....

രാത്രിയിൽ ഊണ കഴിഞ്ഞപ്പോഴാ അമ്മായമ്മ വന്ന പറഞ്ഞു

'ആനിയുടെ മുറി അതാണ് പോയി കിടന്നോളൂ'

ഇടനാഴിയുടെ അറററ്റത്തു് ഊണമുറിയുടെ മുമ്പിലുള്ള വരാന്തയിൽ നിശ്ചബ്ദയായി ആനി നിന്ന.

എല്ലാവരും കിടന്നുകഴിഞ്ഞു. അമ്മായമ്മയുടെ പ്രാർത്ഥന അസ്വസ്ഥമായി കേൾക്കാം. നിഴലും നിലാവെളിച്ചവും വീണുകിടക്കുന്ന ഇടനാഴിയിൽ ഒററയ്ക്ക നിന്നപ്പോഴാ അസഹ്യതതോന്നി. പടിഞ്ഞാറെ അതിരിൽനിന്നും ഒരു മലമ്പുള്ളിന്റെ കരച്ചിൽ കേട്ടപ്പോഴാ ആനി പതുക്കെ മുറിയിലേയ്ക്കു കടന്ന, അരികിലായി മേശയിൽ തിരിതാഴ്ത്തിയ ചിമ്മിനി വിളക്ക് കത്തുന്നുണ്ട്. അദ്ദേഹം താടിയ്ക്ക കൈയും താങ്ങി തലയും കുനിച്ചു കട്ടിലിൽ ഇരിക്കുന്ന. എന്തോ ചെയ്യരുതാത്തതു ചെയ്തിട്ട ദുഃഖിക്കുന്നതുപോലെയാണ്.

ആകെ തളരുകയാണ്

ആനി തന്റേടം സംഭരിക്കുവാൻ ശ്രമിച്ചു. രാത്രിയുടെ നിശ്ശബ്ദതയിൽ തനിയേ നിന്നപ്പോൾ ആനി ഓർത്തു ഇന്ന പുതിയ ജീവിതത്തിന്റെ ആദ്യരാത്രി കരളിൽ കിക്കിളിയുണർത്തുന്ന ആ സ്വപ്നങ്ങളും ഇവിടെ മരിച്ചു കിടക്കുന്ന ആനി—

അദ്ദേഹം അടുത്തുനിൽക്കുന്ന

'ആനി കേൾക്കാത്തതുപോലെനിന്ന അയാൾ വാതിലടച്ചു സാക്ഷയിട്ട

'കിടക്കുന്നില്ലേ..'

ഒന്നും മിണ്ടിയില്ല.

എന്തോ പറയുവാൻ ഭാവിച്ച് അയാൾ കുറെനേരം നിന്ന. എന്നിട്ട് അപമാനിതനായപോലെ കട്ടിലിൽ പോയികിടന്ന.

ശവക്കുഴിവരെ നീണ്ടനിൽക്കേണ്ട ഒരു ബന്ധത്തിന്റെതുടക്കമാണിതു്, അവിടെയാണ ഇഷ്ടക്കുറവും സ്നേഹമില്ലായ്മയുംഉണ്ടായിരിക്കുന്നതു്. ഇനിയൊരു ജീവിതകാലം മുഴവനും ഈ നരകത്തിൽ....

അദ്ദേഹം കട്ടിലിൽ മലന്ന കിടക്കുന്നുണ്ട്. പകുതിഭാഗം ഒഴിഞ്ഞുകിടക്കയാണ് പൂക്കം തുന്നിയ രണ്ടു തലയിണകളും ഉണ്ട്. അതിൽ ചുവപ്പും പച്ചയും നൂലുകളും കൊണ്ട തുന്നിയിരിക്കുന്ന.

'സ്വീററ് ഡ്രീംസ്''

പക്ഷേ, ഇതിലും നല്ലതു് ലൗകീകജീവിതത്തിലെ വെളിച്ചവും ചലനങ്ങളും കടന്നുവരാത്ത കന്യകാമഠത്തിലെ പരുപരുത്തകിടക്കകളായിരുന്ന.

'ആനി'

അദ്ദേഹം കട്ടിലിൽ എഴന്നേററിരുന്ന, എന്നിട്ട ശാന്തതമായി പറഞ്ഞു.

'എന്റെ കുട്ടികളെ തള്ളയില്ലാത്ത ദുഃഖം അറിയിക്കരുതു്. അവർക്കുവേണ്ടിയാണ് ഞാൻ വിവാഹം കഴിച്ചതു്. അവർ നിന്റെയും കുട്ടികളാണ്;

അതു കേട്ടപ്പോഴാ വെറുപ്പും വഞ്ചിക്കയേ ചെയ്തുള്ള. മക്കളെ വളർത്തുവാൻ ഒരു വേലക്കാരി മതിയായിരുന്നല്ലോ പിന്നെ—

'വിളക്കു കെടുത്തട്ടെ'

മുറിയിൽ ഇരുട്ടുപരന്ന, ജാലകത്തിന്റെ അരികെ മറയുവാൻ പോകുന്ന വിളർത്ത നിലാവിനെ നോക്കി നിന്ന.

പിതാവിന്റെ പ്രായത്തോളമെത്തിയ ഈ മനുഷ്യനുമായിജീവിതത്തിന്റെ അവസാനം വരെ പോകുക. ആയിരത്തിയഞ്ഞൂറു രൂപായാണ് ജീവിതം നശിപ്പിച്ചതു്. സത്യത്തിൽ കടം വീട്ടുവാൻ വേണ്ടി അപ്പച്ചൻതന്നെ വിൽക്ക

കയാണ് ചെയ്തത്

മൂവായിരം രൂപാ സ്ത്രീധനം പറഞ്ഞാണ് കൊച്ചേച്ചിയെ കെട്ടിച്ചത്. ആയിരത്തി അഞ്ഞൂറേ കൊടുത്തുള്ളൂ ബാക്കിപറഞ്ഞയവധിക്ക കൊടുക്കുവാൻ കഴിഞ്ഞില്ല. ചേച്ചിയുടെ അമ്മായപ്പൻ വന്നുപറഞ്ഞു

ബന്ധുക്കാരാ തടവാട്ടുകാർക്കുചേന്നതല്ലാ ഇത്. വാക്കുപറഞ്ഞാ തെറ്റിക്കരുത്. ഒന്നുകിൽ ബാക്കിപണം തരണം. ഇല്ലേ, മോളേ കൊണ്ടുപോകും—

അപ്പച്ചൻ എല്ലാവാതിലുംമുട്ടി. ആരും സഹിക്കുവാൻ ഉണ്ടായിരുന്നില്ല. വില്ലുവാനേ പണയപ്പെടുത്തുവാനോ ഒന്നുമില്ല.

അവധിപലതവണ തെറ്റിയപ്പോൾ അവർ ചേച്ചിയെ വീട്ടിൽ കൊണ്ടുവന്നു നിർത്തി.

പണമുണ്ടാകുമ്പോൾ പെണ്ണിനേയും കൊണ്ടുപോകും?'

അപ്പോഴാണ് അവർ സഹായിച്ചത്, ആയിരത്തിഅഞ്ഞൂറു രൂപാ എന്നതുഗ്രഹമായിരുന്നു അത്. ഒരു കൊല്ലം കഴിഞ്ഞിട്ടും രൂപാ കൊടുക്കുവാൻ കഴിഞ്ഞില്ല. ഇടയ്ക്കിടെ അയാൾ വന്നു ചോദിക്കും.

ഒടുവിൽ ഒരു രാത്രിയിൽ വർത്തമാനം പറയുന്നതിനിടയിൽ അയാൾ പറഞ്ഞു 'എന്റെ മൂത്ത മോനു വീടു നോക്കാൻ പറ്റിയ ഒരു പെണ്ണുവേണം. രണ്ടെണ്ണം വന്നേക്കണ്ടതിനു മേശപ്പുറത്തുകൊടുക്കണം'

'മക്കളുള്ളതല്ലേ' 'ങാ—പലേടത്തു നിന്നും നല്ല കാര്യങ്ങൾ വരുന്നുണ്ട് പക്ഷേ—'

പിന്നീടു വീണ്ടും പറഞ്ഞു 'തന്റെ മകളെ അവനെക്കൊണ്ടു'

വാങ്ങിച്ച രൂപാ കൊടുക്കേണ്ടേ- സ്ത്രീധനം വേണ്ട ഇടുവാനുള്ള ആഭരണം തരും പെണ്ണിനെമാത്രംമതി.

എല്ലാ വഴികളും അടഞ്ഞിട്ടാകാം അപ്പച്ചൻ വാക്കുകൊടുത്തത്

ഒരു കൊടുംകാറ്റുപോലെ ജോണേട്ടൻ വന്നുപറഞ്ഞു.

'ആനിയേ അയാളെക്കൊണ്ടു കെട്ടിക്കരുത്

എന്നാ, നീ കെട്ടിക്കെടാ..

എനിക്കു നിവർത്തിയുണ്ടെങ്കിൽ നല്ലാളെത്തന്നെ നോക്കും.

ഉപദേശിക്കാൻ വന്നേക്കുന്നു— പരിപ്പിച്ചാളാക്കി. നിന്നെക്കൊണ്ടു മൂന്നുകാശിനു ഗുണമുണ്ടോടാ

വഴക്കുത്തിലായി. ഒടുവിൽ ജോണേട്ടൻ പറഞ്ഞു പെൺമക്കളെ ഭാരമാണെങ്കിൽ പൊറുയടനെ കൊന്നുകൂടായിരുന്നോ? വലുതാക്കിയിട്ടു കൊല്ലാൻ കച്ചവടം ചെയ്യരുതു—

അപ്പച്ചന്റെ കൈ ജോണേട്ടന്റെ പെകിട്ടത്തു വീണു. എല്ലാവരും ഓടിവന്നു. കിതച്ചുകൊണ്ടു അപ്പച്ചൻ പറഞ്ഞു.

ഇങ്ങനെ ഒരു മകനു ഇല്ലെന്നുതോൻ വിചാരിക്കും

പിന്നെ ജോണേട്ടനെ കണ്ടിട്ടില്ല ആ രാത്രിയുടെ വേദന ഇന്നും മനസ്സിൽ ബാക്കി നിൽക്കുകയാണു.

അങ്ങകലെനിന്നും കോഴികുകുന്ന ശബ്ദം കേട്ടു. പാതിരാവുകഴിഞ്ഞിരിക്കും അദ്ദേഹം ഉറങ്ങിയിട്ടില്ല.

ഭാര്യ മരിച്ചപ്പോഴും യുവതിയും സുന്ദരിയുമായ രണ്ടാംഭാര്യ വന്നപ്പോഴും നഷ്ടപ്പെട്ട സ്നേഹവും ആരോഗ്യവും തിരിച്ചുകിട്ടുമെന്നു അദ്ദേഹം വ്യാമോഹിച്ചിരിക്കും.

പക്ഷേ....

ചേട്ടാ—

(എന്താണു അദ്ദേഹത്തെ വിളിക്കേണ്ടതു?: പിതൃസഹോദരനെന്നോ? ഭർത്താവിന്റെ ജ്യേഷ്ഠനെന്നോ? അല്ലെങ്കിൽ)

സഹോദരാ, നിങ്ങൾക്കു തെറ്റിപ്പോയി. പണംകൊണ്ടു എന്തും നേടാമെന്നു വിചാരിച്ചതു വിഡ്ഢിത്തമായിപ്പോയി. പെള്ളിപ്പണംകൊണ്ടു ലോകത്തേമുഴുവൻ നേടാം. പക്ഷേ, ഒരു ഹൃദയത്തെ കിട്ടിയെന്നു വരികയില്ല. ഒരു ഹൃദയത്തേ.....

ദേഹം വല്ലാതെ തളർന്നപ്പോൾ ആനി മുറിയുടെ ഒരരികിലായി തിണ്ണയിൽ കിടന്നു.

പെട്ടെന്നു അദ്ദേഹം എഴുന്നേറ്റുവന്നു.

'ആനീ എന്താണിതു?,

ശബ്ദത്തിൽ യേത്തിന്റെ ഇടർച്ചയുണ്ടായിരുന്നു.

ആനി ഒന്നും മിണ്ടാതെ കണ്ണുമടച്ചു കിടന്നു.

രാവിലെ ഉണർന്നപ്പോൾ അദ്ദേഹം കണ്ടില്ല. ഒന്നുമറിയാത്ത കുട്ടികൾ അമ്മയുടെ മുഖത്തോടു നോക്കിനിൽക്കുന്നു.

അദ്ദേഹത്തിന്റെ വാക്കുകൾ ഓർത്തു.

''ഇവർ നിന്റെ കുട്ടികളാണു. തള്ളയില്ലാത്ത ദുഃഖം അവരെ അറിയിക്കരുതു.'' നിന്റെ കുട്ടികൾ—വെറുപ്പോടെ നോക്കി. നശിച്ച കുട്ടികൾ കാരണം—അടുത്ത നിമിഷത്തിൽ സഹതാപം തോന്നി, അവർ എന്തു പിഴച്ചു? എത്രതവണ അമ്മയേക്കാണാൻ വന്നു. എടുത്തു ലാളിച്ചില്ലെങ്കിലും താരാട്ടു പാടി ഉറക്കിയില്ലെങ്കിലും സ്നേഹത്തോടെയുള്ള നോട്ടം അവർ കൊതിച്ചിരിക്കും— പാവം കുട്ടികൾ!

അമ്മയെയും, അമ്മായപ്പനും, അദ്ദേഹവും എല്ലാവരും നോക്കുന്നു കുട്ടികൾ മാത്രം ഭയത്തോടെ മാറിനില്ക്കുന്നു. ആനി മനസ്സിൽ പറഞ്ഞു.

എല്ലാവരും എന്റെ ശത്രുക്കളാ— വിരസങ്ങളായ ദിവസങ്ങൾ നീങ്ങി എങ്കിലും ഹൃദയത്തിലെ വ്രണങ്ങൾക്കു പഴുപ്പുകൂടിയതേയുള്ള.

ഞായറാഴ്ച ഉച്ചകഴിഞ്ഞപ്പോൾ അപ്പൻവന്നു. മകളുടെ സുഖമന്വേഷിച്ചുവന്നതായിരിക്കണം.

തെക്കേമുറിയിൽ പോയി സ്തുതിപറഞ്ഞു.

ആനീ എന്താണു ഒന്നും മിണ്ടാത്തതു?

വീടും വീട്ടുകാരെയുംവിട്ടു ആദ്യമായിട്ട ജീവിക്കയല്ലേ— അപ്പോ സങ്കടം കാണും.

അമ്മയാണു പറഞ്ഞതു.

വീടും വീട്ടുകാരെയും വിടുമ്പോൾ സങ്കടമുണ്ടാകും. നിങ്ങൾക്കതേ കാണുവാൻ കഴിയൂ. എന്റെ വേദന മനസ്സിലാകുകയില്ല—എന്റെ വേദന....

കാപ്പി കഴിഞ്ഞശേഷം അപ്പച്ചൻ പറഞ്ഞു.

''മോളേ നിനക്കു വല്ലതിനും കുറവുണ്ടോ?—നീകഷ്ടപ്പെടരുതെന്നു വിചാരിച്ചാണു ഇതു നടത്തിയതു.''

എനിക്കു ഒരു കഷ്ടപ്പാടുമില്ല.

നിന്റെ ഭാഗ്യമാണു മോളേ—ഭാഗ്യം.

എന്റെ ഭാഗ്യമല്ല. അപ്പച്ചന്റെ ഭാഗ്യമാണു. ഒരു ഭാരം തീർന്നുവല്ലോ., നിയന്ത്രണം വിട്ടുപോയി, ശബ്ദത്തിനു കട്ടപ്പുണ്ടായി. അപ്പച്ചൽ തരിച്ചുനിന്നുപോയി. കുറേ നേരത്തേക്കു ഒന്നും മിണ്ടിയില്ല.

വീട്ടിലേക്കു പോകാം മോളേ യാത്രയാക്കു——

ഞാൻ വരുന്നില്ല

രണ്ടാഴ്ച കഴിഞ്ഞുവല്ലോ നാട്ടുകാർ എന്തുപറയും?

എല്ലാം എനിക്കുവേണ്ടി

— ജോസ് കണ്ടാരമറ്റം —

മനുജരെ വീണ്ടെടുക്കാൻ കാൽവരി-
മലയതിൽ,
ജീവിതമാം ബലിയേകാൻ വന്നണ-
ഞ്ഞു ഈശോ വന്നണഞ്ഞു.
തീരാത്തശോകമെന്നും കാണാം നിൻ-
മിഴിയതിൽ,
ഘോരമെൻ പാപമല്ലോ കാരണമോ—
ത്തീടുകിൽ,
ഒഴുകുമെൻ കണ്ണുനീരാൽ കഴുകാം നിൻ-
പാദത്തെ,
ഓമനതിരുമുഖം തിരിക്കണെ—
എന്നിലേയ്ക്ക്
ചൊരിഞ്ഞോരു നിണമഖിലം സഹി-
ച്ചോരു പീഡകളും,
എല്ലാം എനിക്കായ്, നീ—എല്ലാം-
എനിക്കായ്.

തലതിരിഞ്ഞ ചിന്താഗതി

കഴിഞ്ഞ ലക്കത്തിൽ ശ്രീ. പരീക്കണ്ണി എഴുതിയ ''സാഹിത്യത്തിലെ പൂതനാവേഷങ്ങൾ'' എന്ന ലേഖനത്തിൽ കണ്ടമാനം അബദ്ധങ്ങളും അഴിഞ്ഞുകൂടിയിട്ടുണ്ടെന്നും അവിടം ശുദ്ധമാക്കിയില്ലെങ്കിൽ അതു ചിന്താക്കുഴപ്പങ്ങൾക്കു ഇടനൽകുമെന്നും പണ്ഡിതനായ ലേഖകൻ സകാരണം ചൂണ്ടിക്കാണിക്കുന്നു.

ഫാ. ഡാനിയേൽ അയ്യനേത്ത്, M. A, L. D, L. Ph.

''സാഹിത്യരംഗത്തെ പൂതനാവേഷങ്ങൾ'' എന്ന ശീർഷകത്തിൽ ശ്രീ പരീക്കണ്ണി എഴുതിയ ലേഖനം ശ്രദ്ധാർഹമാണ്. സമുദായമദ്ധ്യത്തിലെ വൈകല്യങ്ങളുടെ വിഴിപ്പു കെട്ട് അഴിച്ചിടാൻ അദ്ദേഹം ആവോളം ശ്രമിച്ചിട്ടുണ്ട് അലക്കി ശുദ്ധമാക്കാൻ ആളകപ്പെടുന്നവരാണാഹാവാനം. അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെ ആക്ഷേപിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ പരീക്കണ്ണി പറയുന്ന കാര്യങ്ങളെല്ലാം അതേപടി വെട്ടിവിഴുങ്ങുന്നതു ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്ന കാര്യമായിരിക്കും. അല്പം വിശദമാക്കിക്കൊള്ളട്ടെ!

ക്രൈസ്തവനികൃഷ്ടസാഹിത്യരംഗത്തുള്ള പാപ്പരത്തത്തെക്കുറിച്ചാണ് ശ്രീ. മകളെ കെട്ടിയോന്റെകൂടെ സുഖമായി ജീവിക്കണമെന്നു നാട്ടുകാരോടു പറയണം.

ആനീ—

ഞാൻ വരുന്നില്ല അപ്പച്ചൻ പൊയ്ക്കോ.

അല്പം കഴിഞ്ഞു നോക്കിയപ്പോൾ അപ്പച്ചൻ പടിയിറങ്ങി പോകുന്നതു കണ്ടു, മനസ്സുശാന്തമായപ്പോൾ ആനി വിചാരിച്ചു ഒന്നും പറയേണ്ടിയിരുന്നില്ല. വിചാരിക്കാതെയാണു ഉള്ളിലെ വിഷമങ്ങൾ പുറത്തേയ്ക്കു ചാടിയതു.

'ആനീ'

അദ്ദേഹം അടുത്തുനില്ക്കുന്നു

'എന്താണിങ്ങനെയൊക്കെ പെരുമാറുന്നതു''

'എങ്ങിനെ?'

'എന്നുമിങ്ങനെ പിണങ്ങി ജീവിക്കാമെന്നാണോ ഭാവം'

'എനിക്കാരോടും പിണക്കമില്ല'

'പിന്നെ'

ഒരുപാടു പറയണമെന്നുണ്ടായിരുന്നു ഒന്നും മിണ്ടിയില്ല,

'കുറച്ചുകൂടി മര്യാദയായവിധത്തിൽ പെരുമാറിക്കൂടെ?

അദ്ദേഹം പുറത്തേക്കു പോകുമ്പോൾ കുട്ടികൾ വാതിക്കൽവന്നുനിന്നു. ആ കൊച്ചുകണ്ണുകൾ തിരക്കുന്നുണ്ടായിരുന്നു.

ഞങ്ങളുടെ അമ്മയേ കണ്ടോ. ഞങ്ങളുടെ അമ്മയേ ആനി നിശബ്ദയായി പറഞ്ഞു—

എല്ലാവരും എന്റെ ശത്രുക്കളാണ്. ശത്രുക്കൾ മനുഷ്യപുത്രനെ വെള്ളിക്കാശിനു ഒറ്റിക്കൊടുത്ത യൂദാസിന്റെ പിൻഗാമികൾ.

ഒരാഴ്ച കഴിഞ്ഞപ്പോൾ അമ്മ ഒരു കൊട്ട പലഹാരവുമായിവന്നു.

'നമുക്കു വീട്ടിലേക്കു പോകാം മോളെ'

'എന്താണു കാരണം?'

പൊട്ടിക്കരയുവാൻ തോന്നി. കവിൾ നനഞ്ഞപ്പോൾ തിരിഞ്ഞുനിന്നു കണ്ണുകൾ തുടച്ചു. ആരും കാണേണ്ട.

'നീ എന്നും ഇവിടെ ജീവിക്കാൻ പോകുകയാണോ?'

'ഞാൻ വരുന്നില്ലമ്മേ—ഞാൻ വരുന്നില്ല.'

വളരെ നിർബന്ധിച്ചിട്ടും പോയില്ല. അമ്മ പരിഭവത്തോടെ പോയി.

രാത്രിയിൽ കിടക്കുവാൻനേരത്തു് അദ്ദേഹം പറഞ്ഞു

'അമ്മയുടെകൂടെ പോകാമായിരുന്നില്ലേ'

'ഞാൻ എങ്ങും പോണില്ല.'

'ഈ കാണിക്കുന്നതിന്റെയൊക്കെ അർത്ഥമെന്താണ് ആനീ—'

'മനസ്സിലാകാത്തതൊന്നും ഞാൻ കാണിക്കുന്നില്ല.'

അല്പം കഴിഞ്ഞ് കുറെബോധത്തോടെ അദ്ദേഹം പറഞ്ഞു: എന്റെ മക്കളെ തല്ലിയില്ലാത്തവരാണെന്ന കുറ്റിയാണ് ഞാൻ വിവാഹം കഴിച്ചതു. നിനക്കിഷ്ടമില്ലെങ്കിൽ—

'ഇഷ്ടമില്ലായ്മ ഒന്നുമില്ല'

'എന്റെ വിശ്വാസം തൊറായിപ്പോയി. ഏതായാലും നിന്റെ സുഖം എനിക്കുവേണ്ടി നശിപ്പിക്കേണ്ട — ഇഷ്ടമില്ലെങ്കിൽ വീട്ടിലേക്കു പോകാം. നല്ല മനസ്സുണ്ടാകുമ്പോൾ തിരിച്ചുവരിക'

ആനി തലയിണയിൽ മുഖമമർത്തി കിടന്നു. ഒന്നും മിണ്ടിയില്ല. അറിയാതെ മിഴികൾ നിറഞ്ഞു.

പാവം മനുഷ്യൻ

അടുത്തദിവസം അപ്പച്ചൻ വന്നു. 'ആനീ നമുക്കു വീട്ടിലേക്കു പോകാം'

'ഞാൻ എങ്ങും വരുന്നില്ല'

അല്പം കഴിഞ്ഞപ്പോൾ അപ്പച്ചൻ പറഞ്ഞു

എനിക്കു തെറ്റുപറ്റീമോളേ നീ കഷ്ടപ്പെടാതിരിക്കാൻ വേണ്ടിയാണ് ഞാനിതു ചെയ്തതു. പക്ഷേ-

'എനിക്കൊരു കഷ്ടപ്പാടുമില്ല.'

'നിന്റെ വേദന എനിക്കു മനസ്സിലാക്കാൻ കഴിയുന്നുണ്ടുമോളേ'

'എനിക്കൊരു വേദനയുമില്ല

അപ്പനു പണമില്ലാത്ത ഒരു കുറവേയുള്ളൂ.ഒരു നിവൃത്തിയുണ്ടായിരുന്നുവെങ്കിൽ ഇതു ചെയ്യുകയില്ലായിരുന്നു

അപ്പച്ചനെന്താണീ പറയുന്നതു''?

'ആകെയുണ്ടായിരുന്ന മകൻ വീടുവിട്ടുപോയി ഇപ്പോൾ നീയും ഈ അപ്പൻതിന്നുന്ന വേദന. മോളെ ആരും അറിയുന്നില്ല. ആരും'....തോൾനാടന്റെ തുമ്പുകൊണ്ടു് അപ്പച്ചൻ കണ്ണു തുടച്ചു

അരോടും യാത്രപറയാതെ അപ്പച്ചൻ പോയി

കണ്ണു താനേ അടഞ്ഞു

'അപ്പച്ചാ'

കവിത്തടം നനഞ്ഞു വല്ലവരും കണ്ടോ?

അകത്തേക്കു പോകുന്ന നിഴലിനെ നോക്കി ആനി സ്വയം പറഞ്ഞു: പണമില്ലാത്ത വീട്ടിൽ ഇനിയാരും പെൺമക്കളായിട്ടു ജനിക്കരുതേ. തിരിഞ്ഞുനിന്ന കണ്ണുകൾ തുടച്ചപ്പോൾ കുട്ടികൾ നോക്കിനിന്നിരുന്നു. മനസ്സു നേർത്തുനേർത്തു വന്ന ഒരമ്മയുടെ വാത്സല്യത്തോടെ ആനി വിളിച്ചു 'മക്കളെ'

കുട്ടികളെ രണ്ടിനേയും മാറോടുചേർത്തുപിടിച്ചു ഉമ്മവച്ചു.

മക്കളെ നിങ്ങളുടെ അമ്മ ഞാനാണു''.

ഒന്നു് അമ്മയെന്നു വിളിക്കൂ

അവർ അത്ഭുതത്തോടും ഭയത്തോടും കൂടി ഒന്നും മിണ്ടാതെ നിന്നു

'ഒന്നു വിളിക്കൂ മക്കളെ'

'അപ്പച്ചാ'

അദ്ദേഹം അടുത്തു നോക്കീനില്ലുന്നു.

'ആനീ'

അദ്ദേഹത്തിന്റെ വിറയ്ക്കുന്ന കൈ ആനിയുടെ നനഞ്ഞ കണ്ണുകൾ തുടച്ചു!

എ കെ സി സി ബുള്ളറ്റിൻ

പരീക്കണ്ണി ആദ്യം പരാമർശിക്കുന്നതു്. വള്ളത്തോൾ, ചിത്രമെഴുത്തു്. കെ. എം. വർഗീസു് എന്നിവരുടെ അഭിപ്രായങ്ങൾ ഉദ്ധരിച്ചു് സാഹിത്യരംഗത്തു് ക്രിസ്ത്യാനികൾക്കുള്ള സ്ഥാനം ''ശൂന്യ''മാണെന്നു് ലേഖകൻ കണക്കാക്കുന്നു. മലയാളസാഹിത്യം ചരിത്രം ക്ലേശകരമായി വായിച്ചാൽ ക്രിസ്ത്യാനികളുടെ സാഹിത്യരംഗത്തെ നില 'പൂജ്യ'മാണെന്നു പറയുന്നതു് കടുത്ത അതിശയോക്തിയാണെന്നു കാണാം. സാഹിത്യ ചരിത്രകാരന്മാരായ പി. ഗോവിന്ദപ്പിള്ള, ആർ. നാരായണപ്പണിക്കർ, ഉള്ളൂർ, പി. കെ. പരമേശ്വരൻനായർ തുടങ്ങിയവർ ''മിഷനറി'' സാഹിത്യകാരന്മാരുടെ സേവനങ്ങളെ മുക്തകണ്ഠം പുകഴ്ത്തുന്നുണ്ടു്. വിദേശിയരും സ്വദേശിയരുമായ ഈ സാഹിത്യകാരന്മാരുടെ പല കൃതികളും മലയാള സാഹിത്യഭണ്ഡാരത്തിലെ വിലയേറിയ മുതൽക്കൂട്ടായി പരിലസിക്കുന്നുണ്ടെന്നാണു്. ലേഖകൻ ഡോക്ടർ പി. ജെ. തോമസിന്റെ ''ക്രിസ്ത്യാനിസാഹിത്യം'' എന്ന മികച്ച കൃതി വായിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു, നമുക്കുള്ള സ്ഥാനം കളഞ്ഞു കുളിക്കുന്നതു് അഭിമാനത്തിനു ചേർന്ന കാര്യമല്ല. പഴയതെല്ലാം തച്ചുടച്ചു പുതിയതു പണിയണമെന്നായിരിക്കാം. ഏതായാലും മൂട്ടു മറന്നു പ്രവർത്തിക്കുന്നതു ശരിയല്ല

ഇനിയും സാഹിത്യത്തിലെ ഈ ''ശൂന്യാവസ്ഥ'യ്ക്കു് ശ്രീ. പരീക്കണ്ണി കണ്ടുപിടിക്കുന്ന കാരണം വിചിത്രംതന്നെ. ''പുരോഹിതമേധാവിത്വം'' ക്രൈസ്തവരുടെ ചിന്താശക്തിയേയും ഭാവനാവിലാസത്തേയും തകർത്തുകളഞ്ഞെന്നാണു് ലേഖകന്റെ അനുമാനം. സമുദായമദ്ധ്യത്തിലെ അറക്കുറങ്ങാക്കു് കാരണക്കാർ ആരാണെന്നു പറയുന്നതുകൊണ്ടു് ഒന്നും നേടാനില്ല. തന്നെയുമല്ല ''വൈദികർ, അവൈദികർ'' എന്ന ചേരിതിരിവു് ദുഷിച്ച പ്രവണതയാണു്, ''എല്ലാറ്റിലും നാം ഒന്നിച്ചു'' എന്ന ചിന്താഗതി വളരേണ്ടിയിരിക്കുന്നു. ഏതിനും ''വൈദികരെ'' അല്ലെങ്കിൽ അവൈദികരെ'' അന്യോന്യം കുറ്റം പറയുന്നതു് സങ്കുചിത മനഃസ്ഥിതിയും നശീകരണ പ്രവണതയുമത്രെ. ''ഒന്നിച്ചാൽ നാം നിലനില്ക്കും, വിയോജിച്ചാൽ നാം വീഴും'' എന്ന കത്തോലിക്കാകോൺഗ്രസിന്റെ മുദ്രാവാക്യം ഇത്തരുണത്തിൽ അനുസ്മരിക്കുക നന്നു്.

സാഹിത്യവും ക്രിസ്ത്യാനികളുമായുള്ള ബന്ധം ''ദുർബലപ്പെട്ടതിന്റെ ഏറ്റവും വലിയ പ്രകടന''മായി ലേഖകൻ കാണുന്നതു് നമ്മുടെ പ്രാർത്ഥനകളിലെ ഭാഷയുടെ ശോച്യാവസ്ഥയാണു്. ഇതു തികച്ചും ശരിതന്നെ. പ്രാർത്ഥനകളിലേയും മറ്റും ഭാഷ സംശുദ്ധമാക്കേണ്ടതു് അത്യന്താപേക്ഷിതമത്രെ. എന്നാൽ അതിനുവേണ്ടി ആരും ഒന്നും ചെയ്യുന്നില്ലെന്നു ലേഖകൻ പറയുന്നതു ശരിയല്ല. കേരളത്തിലെ മുന്നൂറിത്തുകളോടേയും പ്രതിനിധികൾ ഉറങ്ങിക്കൊള്ളുന്ന ഒരു കമ്മറ്റി പൊതുവായ പ്രാർത്ഥനകളിലെ ഭാഷ നന്നാക്കാൻ ശ്രമിച്ചുവരുന്നതായി ആ കമ്മറ്റിയിലെ ഒരംഗമെന്നനിലയിൽ ഈ ലേഖകനറിയാവുന്ന കാര്യമാണു്. താമസിയാതെ ഈ ശ്രമം സഫലമാകുമെന്നു പ്രതീക്ഷിക്കാം.

കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ നേരെയാണു് ശ്രീ. പരീക്കണ്ണി പിന്നീടു് വിരൽ ചൂണ്ടുന്നതു്. ''വള്ളുവമില്ല വെള്ളുവമില്ല'' എന്ന നിലയിലാണത്രേ ഈ പ്രസിദ്ധീകരണങ്ങളുടെ അവസ്ഥ, എന്തുകൊണ്ടു്? ആരുടെ കുറ്റം? ''വൈദികരുടെ'' എന്നു പറയുമായിരിക്കും അതുകൊണ്ടായില്ല. ഈ പ്രസിദ്ധീകരണങ്ങളും നന്നാക്കാൻ എല്ലാവർക്കും ചുമതലയുണ്ടു്. അതിനുവേണ്ടി നാം എന്തു ചെയ്തു? ആരും ആരേയും തടഞ്ഞതായി എനിക്കറിവില്ല. ധൈര്യപൂർവ്വം മുമ്പോട്ടു വരേണ്ടതായിരുന്നു. എന്റെ അറിവു ശരിയാണെങ്കിൽ കത്തോലിക്കാ കോൺഗ്രസിന്റെ സെക്രട്ടറിക്കു ടിയാണല്ലോ ഒരു മികച്ച കത്തോലിക്കാ പ്രസിദ്ധീകരണം നടത്തുന്നതു്. അതിനാൽ ഉള്ള പ്രസിദ്ധീകരണങ്ങളെല്ലാം കൊള്ളരുതാത്തവയാണെന്നു പറഞ്ഞുതള്ളാൻ ശ്രമിക്കാതെ അവയെ നന്നാക്കാൻ പരിശ്രമിക്കാം.

''ഈ പുതുനാവേഷങ്ങളൊക്കെ'' വെളിച്ചത്തു കൊണ്ടുവന്നശേഷം അവസാനമായി, ''ഈയിടെ കണ്ടുവരുന്ന ഒരു പുതിയ അഭ്യാസത്തിന്റെ'' കാര്യം ആവേശജനകമായ രീതിയിൽ ശ്രീ പരീക്കണ്ണി പ്രതിപാദിക്കുന്നു. ഇവിടെ വിഷയത്തിലുള്ളിലാണു് അദ്ദേഹത്തിന്റെ ബുദ്ധിയും വിവേകവും നിഷ്പ്രഭമായിത്തീർന്നതു തോന്നിപ്പോകും. ''ഈയിടെ സാഹിത്യരംഗത്തു് പുരോഹിതന്മാർ വന്നിറങ്ങുന്നതു്'' പരീക്കണ്ണിയെ അരിശംകൊള്ളിക്കുന്നു. ''യുദ്ധരംഗത്തു് പട്ടാളക്കാർ വന്നിറങ്ങുന്നതു്''പോലെയാണപോലും പുരോഹിതന്മാർ സാഹിത്യരംഗത്തു കാലു കുത്തുന്നതു്. നമ്മുടെ സാഹിത്യസിദ്ധികളുടെ ശൂന്യാവസ്ഥയെപ്പറ്റി ഉജ്ജ്വലത്തായ ഭാഷയിൽ സംസാരിച്ച ലേഖകൻ പൊരുത്തക്കേടിലേക്കു വഴുതിവീഴുന്ന കാഴ്ചയാണു നാം ദർശിക്കുക. വൈദികർ സാഹിത്യരംഗത്തു വരാത്തതു കുറ്റം. വരുന്നതു വലിയ കുറ്റം. എന്തൊരു ഗതികേടു്? ''ജീവകാരുണ്യപരവും പ്രേഷിതവുമായ രംഗങ്ങളും വിരസമായിത്തീർന്നതുകൊണ്ടോ പെട്ടെന്നു പ്രസിദ്ധി കിട്ടാൻ സൗകര്യമുണ്ടെന്നു കണ്ടിട്ടോ'' ആണത്രേ പുരോഹിതന്മാർ സാഹിത്യരംഗത്തേക്കു കുതിച്ചുപായുന്നതു്! ''വൈദികർ, അവൈദികർ'' എന്ന ചേരിതിരിവിന്റെ ദുഷിച്ച പ്രവണതയല്ലേ ശ്രീ പരീക്കണ്ണിയിൽ മുറ്റിനില്ക്കുന്നതു്. അതു് മുളയിലേ നുള്ളിക്കളയേണ്ടതാണു്. ''പെട്ടെന്നു പ്രസിദ്ധിനേടാൻവെമ്പുന്ന''വരുന്മാരായും, ''പുരോഹിതന്മാരെ''കണക്കാക്കുന്ന പരീക്കണ്ണി. അദ്ദേഹം വിനയസമ്പന്നനായ ഒരു കത്തോലിക്കനാണെന്നതിൽ സംശയമില്ല! അന്യരെ വിധിക്കുന്നതിൽ പരമസ്നേഹത്തിന്റെ കണികയെങ്കിലും വേണ്ടേ? അതില്ലാത്തവൻ ക്രിസ്തുവിന്റെ ഉത്തമ ശിഷ്യനാണോ? മറ്റൊരാരോപണം ചില ''പുരോഹിതന്മാർ'' (വൈദികർ എന്നപോലും പ്രയോഗിക്കാൻ അല്പം അറപ്പു്) ''നല്ല പ്രേമകഥകളും എഴുതുന്നെന്നാണു്, ആരെല്ലാം എഴുതിയ ഏതെല്ലാം പ്രേമകഥകളും ചൂണ്ടിക്കാട്ടാനുണ്ടു്? ആരോപണം തെളിയിക്കേണ്ടതു് ആവശ്യമാണു്, ''ഫാദർ'' എന്ന പദം വിട്ടുകളയുന്നതിനെക്കുറിച്ചും ശ്രീ പരീക്കണ്ണിക്കു പരാതിയുണ്ടു്. ആ പദം പ്രയോഗിച്ചാൽ കൂടുതൽ വല്ലതും നേടാനുണ്ടോ? ഇല്ലെങ്കിൽ വല്ല കുറവും വരുമോ? ''പരീക്കണ്ണി ക്രിസ്ത്യാനിയാണെങ്കിൽ തന്റെ ക്രൈസ്തവനാമം ഒളിച്ചുവയ്ക്കാൻ കാരണമെന്തു്? ''പരീക്കണ്ണി'' എന്നൊരു മുസ്ലീം ബുള്ളറ്റിനിൽ എഴുതിയ ലേഖനം വായിച്ചോ എന്നൊരാൾ എന്നോടു ചോദിച്ചതുകൊണ്ടു് ഞാൻ ഇതുമെഴുതിപ്പോയതാണു്. ക്ഷമിക്കണേ.


സഭയെ വളർത്തേണ്ട ചുമതല നമുക്കെല്ലാമുണ്ടു്. അവിടെ വൈദികരെന്നോ അവൈദികരെന്നോ ചേരിതിരിയുന്നതു് ആപൽക്കരമാണു്. ഇക്കാര്യം നന്നായി ഗ്രഹിച്ചു നമുക്കു് അന്യോന്യം വിമർശിക്കാം. സഹിഷ്ണുതയും വിട്ടുവീഴ്ചയും പ്രദർശിപ്പിക്കാം. അപ്പോൾ നമ്മുടെ ഉദ്യമം ഭദ്രമാകും.

TEL: 2647.

THE PHILIPS OPTICAL CO.,

MANORAMA JUNCTION,
K. K. ROAD, KOTTAYAM.

EYE SIGHT SPECIALIST
K. P. PHILIP, KALECATTIL
D. C. O. BOMBAY
OPTO METRIST



സി. എൽ. ജോസിന്റെ നാടകങ്ങൾ

തനിക്കു നിശ്ചയമില്ലാത്ത കാര്യങ്ങൾ, തന്റെ ഹൃദയത്തെ സ്പർശിച്ചിട്ടില്ലാത്ത പ്രശ്നങ്ങൾ, തന്റെ പിടിയിലൊതുങ്ങാത്ത കഥാപാത്രങ്ങൾ, തന്റെ നിയന്ത്രണത്തിൽ നില്ക്കാത്ത രംഗങ്ങൾ—ഇവയെ കടന്നുപിടിച്ച പരിഹാസനാകാൻ ജോസ് ശ്രമിക്കാറില്ല.

— എസ്. വേലായുധൻ —

നമ്മുടെ നാടകരചനാരംഗത്തു് ശ്രീ സി എൽ ജോസിന്റെ നാമം പുത്തനല്ല. ഏതാണ്ടു് ഒൻപതു നാടകങ്ങൾ ഇതിനകം അദ്ദേഹത്തിന്റെ വകയായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്. പ്രസിദ്ധീകൃതഗ്രന്ഥങ്ങളുടെ എണ്ണത്തെ ആസ്പദമാക്കിയല്ല ശ്രീ. ജോസിന്റെ നാമം അപരിചിതമല്ലെന്നു പറഞ്ഞതു്. അൻപതിൽ കുറയാതെ നോവലുകളും നാടകങ്ങളും മറ്റും രചിച്ചിട്ടും ഇന്നും തുടങ്ങിയിടത്തുതന്നെ വട്ടംചുറ്റി നില്ക്കുന്ന എഴുത്തുകാർ ഇവിടെ വിരളമല്ല. അവരുടെ പ്രത്യേകമായ രചനാമണ്ഡലത്തിൽ ഒരു നേരിയ ചലനം പോലും സൃഷ്ടിക്കാനാവാതെ ഗ്രന്ഥപ്രസവത്തിൽ മാത്രം ശ്രദ്ധിച്ചുകഴിയുന്ന എഴുത്തുകാരുടെ കൂട്ടത്തിൽപ്പെട്ടയാളല്ല, ശ്രീ ജോസ്. നമ്മുടെ ഗ്രാമീണ കലാസമിതികൾക്കും, ഗ്രാമസദസ്സുകൾക്കും അദ്ദേഹം പ്രിയങ്കരനാണു്. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള വിദ്യാലയങ്ങളുടെയും കലാസമിതികളുടെയും വാഷ്കോത്സവങ്ങളോടനുബന്ധിച്ചു് നടത്തപ്പെടുന്ന കലാപരിപാടികളുടെകൂട്ടത്തിൽ നാടകം ഉണ്ടെന്നുള്ളപക്ഷം ജോസ് അരങ്ങുകളിൽ പരാവൃഷ്ടനാവുന്നുമുണ്ടു്. അഭിനയയോഗ്യമായ ഒരു നാടകം തിരഞ്ഞെടുക്കുക അത്ര എളുപ്പമായ പണിയല്ല. തീരെ അപ്രധാനമെന്നു പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാമെങ്കിലും വളരെ സങ്കീർണ്ണമായപ്രശ്നങ്ങൾ ഇവിടെ അഭിമുഖീകരിക്കേണ്ടിവരും. ശ്രീ ജോസിന്റെ നാടകങ്ങൾക്കു, പൊതുവേ, പറഞ്ഞാൽ തരണംചെയ്യാനാവാത്ത സങ്കീർണ്ണതകളൊന്നുമില്ല. രാഷ്ട്രീയം, അശ്ലീലം, വർഗ്ഗീയം എന്നിങ്ങനെ പേരെടുത്തുപറയാവുന്ന നൂലാമാലകൾ അവിടെ കാണുകയില്ല. തികച്ചും ഗാർഹികമോ സാമൂഹ്യമോ ആയ പ്രശ്നങ്ങളാണു് അദ്ദേഹത്തിന്റെ നാടകങ്ങളിൽ കാണപ്പെടുക. തനിക്കു ചുറ്റും കാണുന്നതും, തന്റെ മനസ്സിനെ മഥിച്ചിട്ടുള്ളതും ആയ പ്രശ്നങ്ങളിലേക്കാണു അദ്ദേഹം വീണ്ടും വീണ്ടും കടന്നുചെല്ലുന്നതു്. ചലനാത്മകമായ ജീവിതത്തെ അതിന്റെ എല്ലാ സങ്കീർണ്ണതകളോടുംകൂടി പുനരവതരിപ്പിക്കുന്നതിനുള്ള ശ്രമം ഒരു യഥാർത്ഥകലാകാരന്റെ ഉൽക്കാംക്ഷയോടുകൂടിത്തന്നെ ശ്രീ ജോസ് നടത്തുന്നുവെന്നതു് പ്രധാനപ്പെട്ട ഒരു വസ്തുതയാണു്. തനിക്കു നിശ്ചയമില്ലാത്ത കാര്യങ്ങൾ, തന്റെ ഹൃദയത്തെ സ്പർശിച്ചിട്ടില്ലാത്ത പ്രശ്നങ്ങൾ, തന്റെ പിടിയിലൊതുങ്ങാത്ത കഥാപാത്രങ്ങൾ, തന്റെ നിയന്ത്രണത്തിൽ നില്ക്കാത്ത രംഗങ്ങൾ—ഇവയെ കടന്നുപിടിച്ചു് പരിഹാസനാകാൻ ജോസ് ശ്രമിക്കാറില്ല. ആ ഒരൊറ്റക്കാരണംകൊണ്ടുതന്നെ അദ്ദേഹത്തിന്റെ നാടകങ്ങൾ വായിക്കപ്പെടുകയും അഭിനയിക്കപ്പെടുകയും ചെയ്യുന്നു. ഏതു തലത്തിൽപെട്ട ആസ്വാദകനും ആ നാടകങ്ങളുടെ കലാമൂല്യത്തെക്കുറിച്ചും രംഗപ്രയോഗാർഹതയെക്കുറിച്ചും വലിയ സംശയമില്ല.

ഇവിടെ വിമർശനവിധേയമാകുന്ന മൂന്നു കൃതികളും, ജോസിന്റെ പ്രസിദ്ധ നാടകങ്ങളാണു്, 'ഭൂമിയിലെ മാലാഖ'യും 'നക്ഷത്രവിളക്കും' നിഷ്കൃഷ്ടമായി പറഞ്ഞാൽ ഗാർഹികപ്രശ്നങ്ങളാണു് ഉൾക്കൊള്ളുന്നതു്. അഭിനേതാക്കൾക്കു ശ്വാസംവിടാൻ പ്രയാസമുണ്ടാക്കുന്ന നെടുനെടുങ്കൻ പ്രസംഗങ്ങളും അരങ്ങുതകർക്കുന്ന സംഘട്ടനകളും, അജീർണ്ണമുണ്ടാക്കുന്ന ആദർശങ്ങളും ഒന്നും ഇവിടെ കാണുകയില്ല. പ്രേക്ഷകന്റെ സഹാനുഭൂതി എളുപ്പം ചോർത്തിയെടുക്കാനുള്ള താണതരം അടവുകൾ ഒരു സങ്കേതമായി പ്രയോഗിച്ചിട്ടുമില്ല. ശ്രദ്ധഗതിക്കാരും സാധുക്കളും കൃത്രിമികളും വിഡ്ഢികളും നിറഞ്ഞ ഓരോ കൊച്ചുലോകങ്ങളാണു് ഇവയിൽ പ്രതിഫലിക്കുന്നതു്.

ഒരു പാവപ്പെട്ട കൃഷിക്കാരനും ശ്രദ്ധഗതിക്കാരനുമായ പൈലിച്ചേട്ടന്റെ മകൾ ചിന്നമ്മ വാറ്റുന്നിമുതലാളിയുടെ മകനും ബുദ്ധിസ്ഥിരത പോരാത്തവനുമായ സണ്ണിയുടെ ഭാര്യയാകുന്നതിനെത്തുടർന്നു് നടക്കുന്ന സംഭവഗതികളാണു് ഭൂമിയിലെ മാലാഖയിലെ മുഖ്യപ്രമേയം. ഒരു മാലാഖയ്ക്കു ചേർന്നവണ്ണം സ്വഭാവമാഹാത്മ്യം ചിന്നമ്മ പ്രകടിപ്പിക്കുന്നുണ്ടു്. പ്രായവും അതോടൊപ്പമുള്ള പക്വതയും കൊണ്ടു് അനുഗ്രഹീതരാണു പൈലിച്ചേട്ടനും വാറുന്നിമുതലാളിയും. ധൃതനും ദൃഷ്ടനുമായ മാത്യൂസും അയാളുടെ കണ്ണിലുണ്ണിയെന്നു വിശ്വസ്തനായ അച്ചുതൻനായരും വ്യക്തിത്വമുള്ള പാത്രങ്ങൾതന്നെ.

ഈ നാടകത്തിലെ സോഫിയും റാഹിയും നില്ക്കുന്ന അതേമട്ടിൽ തന്നെ നിന്നിരുവുന്ന രണ്ടു പാത്രങ്ങളാണു് നക്ഷത്രവിളക്കിലെ സാറാമ്മയും ഫിലിപ്പും ഈ പാത്രങ്ങളുടെ രൂപപ്പെടുത്തലിൽ വന്നുപെട്ടിട്ടുള്ള ഏകസ്വരം യാദൃച്ഛികമാണെങ്കിലും അതു മുഴച്ചുനില്ക്കുന്നുവെന്നു പറയണം. വിശേഷിച്ചും ഫിലിപ്പും റാഹിയും ഒരേ അച്ചിൽ നിന്നു വാർന്നുവീണമട്ടുണ്ടു്. നാടകകൃത്തിന്റെ മനസ്സിനെ മഥിപ്പിച്ച ഒരു ലഘുസംഭവം ഈടുറ്റ, ബന്ധഭദ്രമായുള്ള ഒരു ഇതിവൃത്തമായി കരുപ്പിടിപ്പിച്ചു് അവതരിപ്പിക്കുകയാണു് നക്ഷത്രവിളക്കിൽ.

ഈ രണ്ടു നാടകങ്ങളിൽനിന്നും ഭിന്നമായ ഒരു പ്രമേയമാണു് ''തീ പിടിച്ച ആത്മാവി''ൽ ആവിഷ്കൃതമായിരിക്കുന്നതു്. ഏതെങ്കിലും ഒരു പ്രത്യേക സാമൂഹ്യപ്രശ്നത്തെ ഉന്നംവച്ചു രചിച്ചിട്ടുള്ളവയാണു ആദ്യത്തെ നാടകങ്ങളെന്നു പറഞ്ഞുകൂടാ. ''തീ പിടിച്ച ആത്മാവി''ൽ സജീവമായ ഒരു പ്രശ്നം, സമകാലിനകേരളീയജീവിതത്തിന്റെ എല്ലാ മേഖലകളേയും നീരാളിയേപ്പോലെ കെട്ടിവരിഞ്ഞിരിക്കുന്ന ഒരു പ്രശ്നം—സൂക്ഷ്മവും തീവ്രവുമായ പരിശോധനയ്ക്കു വിധേയമാക്കപ്പെടാതിരിക്കുകയാണു്. ആ ഒറ്റക്കാരണംകൊണ്ടുതന്നെ ഇതിനെ ഒരു സോദ്ദേശ്യനാടകമെന്നു വിളിക്കാമെന്നു തോന്നുന്നു. ഇതിലും ഉണ്ടു് ഒരു മുതലാളി—ഇയ്യണ്ണിമുതലാളി; സ്ത്രൈണമനോജ്ഞരാണദ്ദേഹം. പാറുണ്ണിയെയും ചാക്കോമുതലാളിയെയും കണ്ടുപരിചയിച്ച നമുക്കു ഇയ്യണ്ണിയോടു് സഹതാപംകാട്ടാൻ സാധിക്കില്ല. അച്ചുതൻനായരുടെയും കാദർമാപ്പിളയുടെയും സ്ഥാനത്തു ഇതിൽ ഒരു ഹെഡ്കാൺസ്റ്റബിളും വേലുപ്പിള്ളയുണ്ടു്, വേദനിക്കുന്നവരുടെ കണ്ണുനീരൊപ്പാൻ. ചിന്നമ്മയുടെയും ലിസിയുടെയും മറ്റൊരനുജത്തിതന്നെയാണു് ഇതിലെ തങ്കമ്മ. നക്ഷത്രവിളക്കിലെ രാജന്റെ സ്ഥാനത്തു കയറിനില്ക്കുന്ന ഒരു മകനുണ്ടു് ഇതിൽ—പീറ്റർ, ഫലിതസമ്പുഷ്ടമായ ചില സന്ദർഭങ്ങളൊരുക്കുന്നതിനു് ഇയ്യണ്ണിയുടെ ക്ലാർക്ക് വാസു ശ്രമിക്കുന്നു.

ഇങ്ങനെ പല പാത്രങ്ങളും പൂർവ്വഗാമികളോടു സാദൃശ്യമുള്ളവരാണെങ്കിലും അവർ ഒന്നിച്ചാവിഷ്കരിക്കുന്ന വികാരതീവ്രമായ പ്രമേയം അതിന്റെ സാവധാനത്രികതയും ഭാവോന്മീലനശക്തിയും കൊണ്ടു് ഇതരനാടകങ്ങളെ അതിശയിക്കുന്നുവെന്നുവേണം പറയാൻ.

സാഹിത്യസംഘടന

കവിസമാജം, ഭാഷാപോഷിണി, സാഹിത്യപരിഷത്ത് മുതലായ സാഹിത്യസംഘടനകളിലൂടെയാണ് കേരളത്തിലെ എഴുത്തുകാർ എഴുത്തുകാരായത്. നമ്മുടെ സമുദായത്തിലും ഒരുറച്ച സാഹിത്യസംഘടനയ്ക്കുവേണ്ടി സമുദായാഭിമാനികൾ പ്രവർത്തിക്കേണ്ടകാലം അതിക്രമിച്ചുകഴിഞ്ഞു. ഇപ്പോൾ കുറെ പാതിരിമാർ സംഘടനയുണ്ടാക്കുന്നു!

— പരീക്ഷണി —

1963 മെയ് 12-ാം തീയതി, അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് ഹൈസ്കൂൾ സീൽവച്ച് കേരളത്തിലെ സാഹിത്യകാരന്മാരുടെ ഒരു സമ്മേളനംകൂടുകയുണ്ടായി.

കത്തോലിക്കാ സാഹിത്യകാരന്മാർക്ക് സംസ്ഥാനാടിസ്ഥാനത്തിലുള്ള ഒരു സംഘടന, അനിർവാര്യമാണെന്ന അഭിപ്രായത്തിലാണ് പലരും എത്തിച്ചേർന്നത്.

പക്ഷേ, നിർഭാഗ്യവശാൽ അതേക്കുറിച്ച് അധികമൊന്നും ആലോചിക്കാൻ അവർക്കുതന്നെ തരപ്പെട്ടില്ല. കാരണമെന്തെന്നോ? ഇത്തരത്തിലൊരു സംഘടന ഇവിടെയെങ്ങോ ജീവിച്ചിരിപ്പുണ്ടെന്ന ഒരു പൊതുജനവിശ്വാസം നിലനില്പുണ്ടത്രെ! അവിടെകൂടിയ പലർക്കും ഇതൊരു പുതിയ വാർത്തയായിരുന്നു. കൂടുതൽ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്, ഏതാനും വർഷങ്ങൾക്കുമുമ്പ് ചിലർ കൂടി പാലായിൽവച്ച് ''കേരള കത്തോലിക്കാ കലാ- സാഹിത്യ സമിതി'' എന്നോ മറ്റോ പേരുള്ള ഒരു കോലംകെട്ട അല്പപ്രാണിക്ക് ജന്മംനൽകിയിരുന്നു എന്നാണ്. ഈ വികൃതജന്തുവിനു പിന്നെ എന്തു സംഭവിച്ചു എന്ന് ഒരുത്തർക്കും അറിഞ്ഞുകൂടാ. എന്നാൽ, സമ്മേളനത്തിൽസംബന്ധിച്ച പലരും, ഇതിപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നു വിശ്വസിക്കപ്പെടുന്നതായിപറഞ്ഞു. പക്ഷെ ആർക്കും തന്നെ, ഇങ്ങനെയൊരെണ്ണം ഉണ്ടായിരുന്നുവെന്നോ, ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നോ യോഗത്തെ ബോധ്യപ്പെടുത്താൽ കഴിഞ്ഞില്ല. അഥവാ, മൺമറഞ്ഞുകഴിഞ്ഞെങ്കിൽ അതിന്റെ അസ്ഥിവാരമെങ്കിലും തപ്പിയെടുക്കാൻ കഴിയണമല്ലോ? യോഗത്തിൽ ഇതിന്റെ ബന്ധുക്കളോ പരിചയക്കാരോ ആരും സംബന്ധിച്ചിരുന്നില്ലതാനും. ഒരു പക്ഷെ മി: മാത്യു ഉലകംതായുടെയോ, മി: മത്യു ഇടമറ്റത്തിന്റെയോ പക്കൽ, ഇതുമായി സംബന്ധിക്കുന്ന വല്ല കടലാസുകളും കിടപ്പുണ്ടായിരിക്കുമോ എന്നും തീർച്ചയില്ല. ഏതായാലും യോഗത്തിൽ സംബന്ധിച്ചവരെയൊക്കെ ഒരു ചിന്താക്കുഴപ്പത്തിലാഴ്ത്താൻ മാത്രം ഈ പ്രശ്നത്തിനു കഴിഞ്ഞു.

ശ്രീ. ജെയിംസ് മണിമലയേപ്പോലുള്ളവർക്ക് സംഘടനയുടെ കാര്യത്തിൽ ആദ്യം സന്ദേഹമാണുണ്ടായിരുന്നതെങ്കിലും, ഒടുവിൽ ഇതിന്റെ ആവശ്യകതയിലുള്ള അവരുടെ വിശ്വാസം ഉറപ്പിച്ചുപറയുകയാണുണ്ടായത്. മെ: റവ; ഫാ. മറ്റം, പി റ്റി ചാക്കോ എം ഓ ജോസഫ് നെടുങ്കുന്നം എന്നിവർ, സംഘടനയുടെ കാര്യത്തിലേക്കായി ഒരു പ്രസിദ്ധീകരണശാലയുടെ കാര്യത്തിലാണ് കൂടുതൽ താല്പര്യം പ്രകടിപ്പിച്ചതെന്നു തോന്നുന്നു. എന്നാൽ, കത്തോലിക്കാ സാഹിത്യകാരന്മാർക്ക് ഒരു കേന്ദ്രസംഘടന ആവശ്യമാണെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസത്തിന്റെ പ്രശ്നമൊന്നും ഉണ്ടാവിച്ചുകണ്ടില്ല. ഇതൊരു നസ്രാണിഭ്രഷണസമാജമായിരിക്കുമെന്നുതാണ്. പുരോഗമനസ്വഭാവമുള്ള ഒരു സാഹിത്യസംഘടനതന്നെയായിരിക്കണം എന്ന കാര്യത്തിലും യോജിപ്പുണ്ടായിരുന്നു. ചുരുക്കത്തിൽ, കത്തോലിക്കാജീവിതദർശനത്തെ ഉപോൽബലകമാക്കി, ഈ കാലഘട്ടത്തിന്റെ സവിശേഷതകളെയാകെ ഉൾക്കൊണ്ടുകൊണ്ട്, തികച്ചും വിപ്ലവകരമായ രീതിയിൽ സാഹിത്യസൃഷ്ടി നടത്തുവാൻ, കത്തോലിക്കരായ എഴുത്തുകാർക്ക് ഒരു പൊതുവേദിയുടെ സഹായം ആവശ്യമാണെന്ന അഭിപ്രായമാണ് എല്ലാവരിലും കണ്ടത്. വിശദാംശങ്ങളും പിന്നീട് ചിന്തിക്കാമെന്നു കരുതി ഓരോരുത്തരും പിരിയുകയും ചെയ്തു.

ആ സമ്മേളനംകഴിഞ്ഞിട്ട് ഇപ്പോൾ പത്തുമാസങ്ങൾ കടന്നുപോയിരിക്കുന്നു. പക്ഷെ ഇന്നുവരെ, കത്തോലിക്കാ കോൺഗ്രസ്സോ, കത്തോലിക്കാ സാഹിത്യകാരന്മാരോ, ഒരു സാഹിത്യസംഘടനയുടെ രൂപീകരണം സംബന്ധിച്ച യാതൊരു നടപടികൾക്കും മുന്നോട്ടുവന്നതായി കാണുന്നില്ല. ഇതു വളരെ ഖേദകരമെന്നേ പറയേണ്ടൂ. എന്നാൽ ഏതാനും ചില മാസങ്ങൾക്കുമുൻപ് തൃശ്ശൂരിനു സമീപംവച്ച് ചില കത്തോലിക്കാ സാഹിത്യകാരന്മാർ ഒരു യോഗം കൂടി, വി

ഈ മൂന്നു നാടകങ്ങളും ശക്തമായ ഒരു സർഗ്ഗവൈഭവത്തിന്റെ സൃഷ്ടികളാണെന്ന പറയാൻ മടിക്കേണ്ടതില്ല. അനന്യമാനസരായി രണ്ടോ മൂന്നോ മണിക്കൂർനേരം പ്രേക്ഷകരെ തന്റെ കഥാപാത്രങ്ങളുടെ ജീവിതവുമായി അലിഞ്ഞുചേരുവാൻ പ്രേരിപ്പിക്കുക. അതിൽ അസൂയാർഹമായ വിധം വിജയിക്കുക— ഇതിൽക്കവിഞ്ഞ ഒരു നേട്ടത്തിനു ഒരു നാടകകാരൻ കൊതിക്കേണ്ടതില്ല. രംഗസംവിധാനത്തിലും പാത്രസ്വഭാവചിത്രീകരണത്തിലും ചടുലമായ സംഭാഷണരചനയിലും ഫലിതപൂർണ്ണമായ സന്ദർഭങ്ങൾ സൃഷ്ടിക്കുന്നതിലും സർവ്വോപരി നിർണ്ണായകമായ ഒരു ക്ലൈമാക്സിലേക്കു കഥാബീജത്തെ വളർത്തിക്കൊണ്ടുവരുന്നതിലും മെലോഡ്റാമാറ്റിക് അന്തരീക്ഷത്തിലേക്കു ഭാവതരളമായ രംഗങ്ങൾ വഴുതിവീഴാതെ നോക്കുന്നതിലും ഏറെക്കുറെ സ്തുത്യർഹമായ വിജയമാണ് ജോസ് നേടിയിരിക്കുന്നത്. ഈ നാടകങ്ങളിലെ യുവതികളായ കഥാനായികമാരോട് ജോസിനു ഒരു പ്രത്യേക വാത്സല്യമുള്ളതുപോലെ തോന്നുന്നു. മനുഷ്യസ്വഭാവത്തിന്റെ അത്യന്ത ഭിന്നങ്ങളായ പ്രത്യേകതകളിലേക്ക് തികഞ്ഞ അന്തർദർശനത്തോടെ കടന്നുചെന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ ചർച്ചചെയ്യുന്ന മഹത്തായ കലാസൃഷ്ടികൾ രൂപപ്പെടുത്താൻ വേണ്ടുന്ന കൈമുതലുകൾ ജോസ് സമാർജ്ജിച്ചുകഴിഞ്ഞിട്ടുണ്ട്. ''ഞാൻ ചിന്നമ്മയുടെ തന്തയാണ്, വേലുപ്പിള്ളയുടെ അച്ഛനാണ്,'' എന്നു പറഞ്ഞു സ്വന്തം വക്കാലത്തുമായി മുണ്ടുമടക്കിക്കുത്തി തെരുവിലേക്ക് എടുത്തുചാടാതെ ഉത്തമ നാടകശില്പങ്ങളുടെ രചനക്കാവശ്യമായ തന്റേടത്തിൽ അദ്ദേഹം ദത്താവധാനത വേണ്ടതാണെന്നുമാത്രം പറയുന്നു. സംഭവപരമ്പരകൾക്കിടയിൽ കടന്നുവരുന്ന യാദൃശ്ചികതപോരായ്മ, ചില പാത്രങ്ങളിലും രംഗങ്ങളിലും കടന്നുകൂടിയിട്ടുള്ള അതിഭാവുകത്വം ഈ ലേഖകൻ കണ്ടില്ലെന്നു നടിക്കുന്നില്ല. ഇക്കാര്യം മറ്റാരെക്കാളും കൂടുതലായി ജോസിനുതന്നെ നിശ്ചയമുണ്ടാകുമെന്നു കരുതുന്നു.

എ. കെ. സി. സി. ബുള്ളറ്റിൻ

സംഘടനാകാര്യം

എറണാകുളം അതിരൂപതാസംഘം

എറണാകുളം അതിരൂപതാസംഘത്തിന്റെ ഒരു യോഗം മൻകൂട്ടിയുള്ളനോട്ടീസനുസരിച്ച് 24-3-64 ചൊവ്വാഴ്ച 4 P. M.നു് സ്ഥിരം പ്രസിഡണ്ട് ശ്രീ വി. ഒ: ജോൺ B. Sc., B. L. അവർകളുടെ അദ്ധ്യക്ഷതയിൽ എറണാകുളം മെത്രാപ്പോലീത്തൻപള്ളിമേടയിൽവച്ചു കൂടി. യോഗത്തിൽ മോൺ. വർഗീസ് കവലക്കാട്ട് അവർകളും സംബന്ധിച്ചിരുന്നു.

ഈശ്വരപ്രാർത്ഥനയ്ക്കുശേഷം 10-3-64 ലെ 207—ാംനമ്പർ പാഠവും, സർട്ടിഫിക്കറും അതിരൂപതാസംഘം രജിസ്റ്റർ ചെയ്ത വിവരങ്ങളും എ കെ സി സി ഹൈദ്രാഫീസിൽനിന്നും അയച്ചുകിട്ടിയിട്ടുള്ളതു് റിക്കാർഡ്ചെയ്തു. എ. കെ. സി. സി.യിലെ 12-3-64ലെ 213-ാം നമ്പർ ലറ്റർഅനുസരിച്ചുള്ള കാര്യങ്ങളും ചർച്ചചെയ്തു തീരുമാനിച്ചതിനുശേഷം താഴെക്കാണുന്ന പ്രമേയങ്ങളും പാസാക്കി;-

1. തൈക്കൽപള്ളി ഇടിച്ചുപൊളിക്കുകയും, ക്രിസ്ത്യാനികളും തങ്ങളുടെ പ്രാണനേക്കാളും കൂടുതൽ കാര്യമായും പരിപാവനമായും കരുതുന്ന സക്രാരിയും വിശുദ്ധവസ്തുക്കളും അപഹരിച്ചതിലും തല്ലിത്തകർത്തതിലും, ബഹു. ഹൈക്കോടതിയുടെ അനുരഞ്ജന തീരുമാനപ്രകാരം കെട്ടിയ സിമിത്തേരിമതിൽ പൊളിച്ചതിലും ഈ യോഗത്തിനുള്ള ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തുകയും, അക്രമികളെ എത്രയുംവേഗം മാതൃകാപരമായി ശിക്ഷിച്ചു് കേരളത്തിൽ സമുദായസൗഹാർദ്ദവും, സൈരജീവിതവും പുലർത്തുന്നതിനു് ആവശ്യമായ നടപടി കൈക്കൊള്ളണമെന്നു് ബഹു. കേന്ദ്ര, കേരളാ ഗവണ്മെന്റുകളോടു് ഈ യോഗം അപേക്ഷിച്ചുകൊള്ളുന്നു.

2 ചുരുളി, കീരിത്തോട് പ്രദേശങ്ങളിലെ കുടിയിറക്കിനുവേണ്ടി പോലീസ് നടത്തിയ നരവേട്ടയെപ്പറ്റി അന്വേഷിക്കുവാൻ നിയുക്തമായിട്ടുള്ള ജുഡീഷ്യൽ എൻക്വയറി കമ്മീഷന്റെ പ്രവർത്തനം പൊതുജനാഭിപ്രായത്തെ മാനിച്ചു് സാധുക്കളായ കർഷകർക്കു് മൊഴികൊടുക്കുവാൻ സൗകര്യം ലഭിക്കുമാറു് എൻക്വയറി കമ്മീഷൻ തെളിവെടുപ്പു് അവരുടെ കുടിയിരുപ്പുസ്ഥലത്തുനിന്നും പത്തും എൺപതും മൈൽ ദൂരമുള്ള കോട്ടയത്തുവച്ചുമാത്രം നടത്താതെ അവർക്കു കൂടുതൽ സൗകര്യം ചെയ്തുകൊടുക്കുവാൻ ബഹു: കേരള ഗവണ്മെന്റിനോടും എൻക്വയറി കമ്മീഷനോടും ഈ യോഗം അപേക്ഷിക്കുന്നു.

3. പാകിസ്ഥാൻഗവ. അവിടത്തെ ക്രിസ്ത്യാനികളടക്കമുള്ള ന്യൂനപക്ഷങ്ങളെ പീഡിപ്പിച്ചുപോരുന്നതിനെ പ്രതിഷേധിക്കുന്നതോടൊപ്പം അഭയാർത്ഥികളായി ഇൻഡ്യയിൽ വരുന്നവർക്കു് വേണ്ട സഹായങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിൽ ഇൻഡ്യാഗവണ്മെന്റിലുള്ള വിശ്വാസവും കൃതജ്ഞതയും രേഖപ്പെടുത്തുകയും, ആവശ്യമായ കൂടുതൽ സഹായം ചെയ്തുകൊടുക്കുവാൻ അപേക്ഷിക്കുകയും ചെയ്യുന്നു.

4. കേരളത്തിലെ ക്രിസ്ത്യാനികൾക്കു് പൊതുവേയും, കത്തോലിക്കർക്കു് പ്രത്യേകിച്ചും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന അവഗണനകളും, അക്രമങ്ങളും, പീഡനങ്ങളും, കുടിയിറക്കുഭീഷണികളും ഫലപ്രദമായി തടയുന്നതിനു് ആവശ്യമായ നടപടി കൈക്കൊള്ളുവാൻ എത്രയും വേഗം കത്തോലിക്കാ നേതൃസമ്മേളനം അഖിലകേരളാടിസ്ഥാനത്തിൽ വിളിച്ചുകൂട്ടുവാൻ എ. കെ. സി. സി. വർക്കിംഗ്കമ്മിറ്റിയോടു് അപേക്ഷിക്കുന്നു.

തുടർന്നു് എ. കെ. സി. സി. വർക്കിംഗ്കമ്മിറ്റി പ്രതിനിധിയായി ശ്രീ പോൾ ജെ. കൊണത്തുപ്പള്ളിയെ തെരഞ്ഞെടുത്തു. ആരമണിയോടുകൂടി യോഗം സമംഗളം സമാപിച്ചു.

ചങ്ങനാശേരി

വ്യക്തികൾക്കും അവരുടെ വസ്തുവകകൾക്കും സുരക്ഷിതത്വം നൽകാത്ത ഗവണ്മെന്റിനെ ഗവണ്മെന്റ് എന്നു പറയാൻ പാടില്ല. അവർക്കു ഭരിക്കാനർഹതയില്ല എന്നു ചങ്ങനാശേരി അതിരൂപതാ വികാരി ജനറാൾ മോൺ. എൽ. ജെ. ചിറ്റൂർ പ്രസ്താവിച്ചിരിക്കുന്നു. അഖിലകേരള കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി ശാഖയുടെ ആഭിമുഖ്യത്തിൽ ഈസ്റ്റർഞായറാഴ്ച വൈകിട്ട് ചങ്ങനാശേരി ചന്തക്കടവുമൈതാനത്തു് വാഴൂർ, തൈക്കൽ ദേവാലയാക്രമണങ്ങളെ പ്രതിഷേധിക്കുവാൻ ചേർന്ന പൗരമഹായോഗം ഉൽഘാടനം ചെയ്തുകൊണ്ടു് പ്രസംഗിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: വാഴൂർ, തൈക്കൽ എന്നീ ദേവാലയങ്ങളും തകർത്തു അകത്തുകയറി വിശുദ്ധ വസ്തുക്കളും നശിപ്പിച്ച ഈ രാജ്യത്തു സുരക്ഷിതത്വം ഉണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. വഴിയേപോകുമ്പോൾ യാതൊരു കാരണവുംകൂടാതെ ഒരുക്രമി ഒരു ബാലനെ മർദ്ദിക്കുന്നതു കണ്ടാൽ 'അരുതു്; അങ്ങനെ ചെയ്യരുതു്' എന്നു നാം പറയും. എന്നാൽ നമ്മുടെ അമ്മയെ ആരെങ്കിലും മർദ്ദിച്ചാൽ നാം അതിനെ കുറ്റകരമായി നേരിടും, കത്തോലിക്കനു മാതൃത്വലക്ഷ്യമുള്ളവയാണു് ദേവാലയങ്ങളും. അവയെ ആരെങ്കിലും കയ്യേറിയാൽ അതിനെ ജീവൻ നൽകിയും നാം ചെറുക്കും.

യോഗത്തിൽ ശ്രീ പി ജെ സെബാസ്റ്റ്യൻ ആദ്ധ്യക്ഷം വഹിച്ചു, ശ്രീ തോമസ് സെബാസ്റ്റ്യൻ, റവ. ഫാ. ജോസഫ് തോട്ടിൽ എന്നിവർ പ്രസംഗിച്ചു. ശാഖാപ്രസിഡണ്ട് ശ്രീ ജോസഫ് കൂട്ടുമ്മേലാണു് സ്വാഗതപ്രസംഗം നടത്തിയതു്. യോഗത്തിൽ ഒരു പ്രതിഷേധപ്രമേയവും പാസാക്കി.

പുതുപ്പള്ളിശാഖയുടെ '63-ലെ വാർഷികറിപ്പോർട്ട്

പുതുപ്പള്ളി സെൻറ് ആൻറണീസ് ആശ്രമദേവാലയത്തിലെ ഇടവകാംഗങ്ങളുടെ ഒരു യോഗം 20-1-63ൽ റവ. ഫാ. ഇഗ്നേഷ്യസ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി അഖിലകേരള കത്തോലിക്ക കോൺഗ്രസിന്റെ ഒരു ശാഖ ഇവിടെ അരംഭിച്ചു് പ്രവർത്തനം നടത്തുന്നതിനു തീരുമാനിച്ചു. റവ. ഫാദർ മാനേജരുസ് മുപ്പതു പേരടങ്ങുന്ന ഈ ശാഖ ഉൽഘാടനംചെയ്തു. ശ്രീ പി. റ്റി. പുന്നൂസ് പ്രസിഡണ്ടായും, എൻ സി കുര്യൻ സെക്രട്ടറിയായും, ആൻറണി മാവുനാടിയെൽ പ്രസിഡണ്ടായും, കെ വി വർഗീസ് ശാഖാപ്രതിനിധിയായി 9 പേരടങ്ങുന്ന ഒരു വർക്കിംഗ്കമ്മിറ്റിയെ തെരഞ്ഞെടുത്തു.

'63 ഫെബ്രുവരി 15—ാംനു 420-ാം നമ്പറായി ഈ ശാഖ രജിസ്റ്റർചെയ്തു് സാക്ഷിപത്രം അയച്ചുതന്നു. കേന്ദ്രസമിതിയുടെ നിർദ്ദേശപ്രകാരം പ്രതിനിധിസമ്മേളനങ്ങളിലും ബഡ്ജറ്റുസമ്മേളനങ്ങളിലും ഈശാഖയിലെ പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ടു്. ചങ്ങനാശേരി അതിരൂപതാസംഘം സ്ഥാപിക്കുന്നതിനു് സഹകരിക്കുകയും ശ്രീ എൻ സി കുര്യനെ അതിരൂപതാസംഘം പ്രതിനിധിയായി തെരഞ്ഞെടുക്കുകയുംചെയ്തു.

എ. കെ. സി. സി. ബുള്ളറ്റിൻ

പുലമായ ഉരു പ്രസിദ്ധീകരണശാല ആരംഭിക്കുന്നതിനേക്കുറിച്ചു് ആലോചിച്ചതായി അറിയാൻ കഴിഞ്ഞു. ഏതോ ഒരു പുരോഹിതപ്രസിദ്ധീകരണവും കുറെ പാതിരിമാരുംകൂടി യാണ പോലും ഈ യോഗം വിളിച്ചുകൂട്ടാൻ മുൻകൈയ്യെടുത്തതു്.

അവരുടെ ആലോചനകൾ എവിടംവരെയെത്തി എന്നതിനേക്കുറിച്ചു് പിന്നീടു് യാതൊന്നും കേൾക്കാൻ കഴിഞ്ഞിട്ടില്ല. അതെന്തുമാകട്ടെ.

കത്തോലിക്കാ സാഹിത്യകാരന്മാർക്കു് ഒരു കേന്ദ്രസംഘടന മുമ്പെന്നത്തേക്കാളും ആവശ്യമായിത്തീർന്നിട്ടുണ്ടെന്നുള്ളതു് ഒരു വസ്തുതയാണു്. എഴുത്തുകാരോടൊപ്പം കത്തോലിക്കാകോൺഗ്രസ്സ് നേതൃത്വവും ഇതേക്കുറിച്ചു് ഉറക്കെ ചിന്തിക്കുന്നതുകൊള്ളാം.

സമുദായവും സമരങ്ങളും

കത്തോലിക്കസമുദായം ക്ഷോഭിച്ചാൽ ഇത്രയേ ക്ഷോഭിക്കയുള്ളൂ എന്നു കീരിത്തോട്ടിൽ തെളിഞ്ഞതോടുകൂടി തൈക്കൽപള്ളിയുടെ അംത്താര പൊളിക്കാൻ ചിലർക്കു ധൈര്യം കിട്ടി. ഇപ്പോഴും ''പള്ളിപൊളിപ്രസ്ഥാനം'' ആരംഭിച്ചിരിക്കയാണു്. പതിവനസരിച്ചു് അല്പം ചില ക്ഷോഭങ്ങളും പ്രതിഷേധങ്ങളുമുണ്ടായി. അരമനകളുടെ അടിത്തറ മാന്തിനോക്കുകയായിരിക്കും അടുത്ത പരീക്ഷണം, കൂടെ പ്രതിഷേധപ്രമേയങ്ങളും മാത്രമല്ലേയുള്ളൂ. ദൈവത്തിന്റെ പാർട്ടിക്കു വോട്ടു കൊടുക്കണമെന്നു് ഇവിടെ യഥാസമയം സംയുക്താഹ്വാനങ്ങളും ഉണ്ടാകുകയും ചെയ്യും.

മാത്യു ഉലകംതറ എം. എ.

സമരം ചെയ്യു തളർന്ന ഒരു സമുദായമാണു കേരളകത്തോലിക്കരുടേതു്. പലരും ഈ അഭിപ്രായത്തോടു യോജിക്കയില്ലായിരിക്കാം. എന്നാൽ, സകാരണം ഞാനെത്തിച്ചേർന്നിരിക്കുന്ന എന്റെ സ്വന്തം നിഗമനമാണിതു്. കത്തോലിക്കർക്കുപറ്റിയ ഈ തളർച്ച അറിയണമെങ്കിൽ ഇനിയൊരു വിദ്യാഭ്യാസസമരമോ വിമോചനസമരമോ ഉണ്ടായാൽ മതി. പഴയതിന്റെ പകുതി ഉശിരും തന്റേടവും കാണിക്കാനാവാത്തവിധം സമരങ്ങളിൽ മടുപ്പും വെറുപ്പും നമ്മുടെ ജനസാമാന്യത്തെ ബാധിച്ചിട്ടുണ്ടു്. ഇതധികവും സംഭവിച്ചതു് കഴിഞ്ഞ സമരങ്ങളിൽ നേരിട്ട ഭാഗികമോ പൂർണ്ണമോ ആയ പരാജയം നിമിത്തമാണെന്നു പറഞ്ഞുകൂടാ. സമരങ്ങളിൽ വിജയാപജയങ്ങളുണ്ടാകാം. അതുകൊണ്ടുമാത്രം ഒരു ജനത നിവ്വീകാര്യമാകയില്ല. വിശദമായ ലക്ഷ്യബോധംകൂടാതെ സമരം നയിച്ച നേതൃത്വത്തിൽ അവർക്കു വിശ്വാസം കുറഞ്ഞിരിക്കുന്നു. സമരം അവസാനിച്ച ശേഷവും നമ്മുടെ താൽപര്യങ്ങളും ഒന്നൊന്നായി രഹസ്യത്തിൽ അടിയറവച്ചുകൊടുത്ത നേതൃമണ്ഡലത്തോടു് അമർഷമുള്ളവരുമാണു് ചിന്താശീലരായ ജനവിഭാഗം. ഇതൊക്കെ ഒഴിക്കണമായി ഇങ്ങനെ പറയുകയേ തൽക്കാലം നിർവാഹമുള്ളൂ. വിദ്യാഭ്യാസരംഗം ഒരുദാഹരണമായി ചൂണ്ടിക്കാണിച്ചു് തൽക്കാലം തൃപ്തിയടയട്ടെ.

ഓരോ വിദ്യാഭ്യാസസമരവും ജയിച്ചതോടുകൂടി—അല്ലെങ്കിൽ അതിനുശേഷം—നമ്മുടെ ഉത്തമതാൽപര്യങ്ങൾ ഓരോന്നായി അടിയറവയ്ക്കപ്പെട്ടു. നമ്മുടെ മഹനീയ ലക്ഷ്യമെന്നു കരുതിയിരുന്ന കത്തോലിക്കവിദ്യാഭ്യാസം പേരിനുപോലും ഇല്ലെന്നായി. അദ്ധ്യാപകനിയമനാവകാശംകൊണ്ടു തൃപ്തിപ്പെടാമെന്നനിലയിൽ മാനേജർമാർ എത്തിച്ചേർന്നു. നിയമനാവകാശമാകട്ടെ, ഭൗതികതാൽപര്യങ്ങളാൽ ദുഷിക്കാനും അധഃപതിക്കാനും തുടങ്ങി. തങ്ങൾ എന്തിനുവേണ്ടിയാണു് ഈ സമരമെല്ലാം ചെയ്തതെന്നും ജീവാപ്പണം ചെയ്തതെന്നും കത്തോലിക്കർ തിരിഞ്ഞുനോക്കി പശ്ചാത്തപിക്കയാണിപ്പോഴും. ഇനിയൊരു സമരത്തിനു ആഹ്വാനം ചെയ്യപ്പെട്ടപ്പോഴും ആ പശ്ചാത്താപത്തിന്റെ പ്രതികരണങ്ങൾ അവർ പ്രദർശിപ്പിക്കയും ചെയ്തു.

വിമോചനസമരംകൊണ്ടു കത്തോലിക്കസമുദായത്തിനുണ്ടായ നഷ്ടവും പിന്നീടുണ്ടായ ''നേട്ട''ങ്ങളും സാധാരണക്കാരായ കത്തോലിക്കർ നിശ്ശബ്ദമായിരുന്നു കണക്കുകൂട്ടി നോക്കുന്നുണ്ടു്. ഇനിയൊരു വിമോചനസമരത്തിനു് അവരെ വിളിച്ചാൽ അവരിൽനിന്നു തദനുസരണമായ പ്രതികരണങ്ങളാവും ഉണ്ടാവുക. ഇതെല്ലാം മനസ്സിലാക്കാനുള്ള വിവേകം സമുദായനേതൃത്വത്തിനുണ്ടാകണം. ഇല്ലെങ്കിൽ അനുഭവംകൊണ്ടെങ്കിലും പഠിക്കണം. അടുത്തകാലത്തുണ്ടായ ഒരനുഭവമാണു് ഓടപ്പുസ്തകപ്രക്ഷോഭണം. കഴിഞ്ഞ ജൂലൈ ആഗസ്റ്റ് സെപ്റ്റംബർമാസങ്ങളിലെ ചിലകത്തോലിക്കാപത്രങ്ങളും നോക്കിയാൽ ഓടപ്പുസ്തകം പിൻവലിക്കുന്നതിനുവേണ്ടി രാജ്യവ്യാപകമായ ഒരു സമരം ഇവിടെയുണ്ടാകുമെന്നും കടലും മലയും ഒരുമിച്ചിളകുമെന്നും വിമോചനസമരവിദഗ്ധകളായ സ്ത്രീജനങ്ങളും അവരുടെ സംഘടിതശക്തി പ്രദർശിപ്പിക്കുമെന്നുമൊക്കെ ആളുകൂടുന്നതെന്നുമൊക്കെ തെറ്റിദ്ധരിച്ചിരുന്നതായിക്കാണാം. അങ്ങനെയൊരു ധാരണയുണ്ടാകത്തക്കവണ്ണം സകല മത്തങ്ങാടൈപ്പുകളും നിരത്തി പ്രക്ഷോഭകരങ്ങളായ ലേഖനങ്ങളും റിപ്പോർട്ടുകളും പ്രസിദ്ധപ്പെടുത്തുകയുണ്ടു് പത്രങ്ങളുടെ പതിവായിരുന്നു. പിന്നീടെന്തുണ്ടായി. ഒരു അമ്മയും മകളും സെക്രട്ടേറിയേറ്റുപടിക്കൽ സത്യാഗ്രഹത്തിനെത്തി. പോലീസ് അവരെ നീക്കം ചെയ്തതോടെ സമരവും തീർന്നു. മലപോലെ വന്നതു് എലിപോലെ കലാശിച്ചു. ഒരു സമരം തോറ്റതിലല്ല, ഇത്ര നാണംകെട്ടവിധത്തിൽ തോറ്റല്ലോ എന്നോർത്തിട്ടാണു സങ്കടം. അതിലധികം സങ്കടമുണ്ടു് അതിന്റെ അനന്തരഫലങ്ങൾ കാണുമ്പോഴും.

കത്തോലിക്കാപത്രങ്ങളും മത്തങ്ങാനിരത്തിയാലും സമരാഹ്വാനം നടത്തിയാലും ഇത്രയേ വരുവാനുള്ളൂ എന്നൊരു ബോദ്ധ്യം ഭരണാധികാരികൾക്കുണ്ടാക്കിക്കൊടുത്തതു് ''ഓടസമര''മാണു്. അതിനെത്തുടർന്നു് കീരിത്തോട്പ്രശ്നം വന്നു. മത്തങ്ങായിലും ഭീഷിണിയിലും ഗവമ്മെൻറു് അശേഷം കുലുങ്ങിയില്ല. (ആ പ്രദേശങ്ങളിലെ ജനങ്ങളുടെ ചൂടേറിയ വികാരങ്ങളുടെ സമ്മർദ്ദം ഒന്നു രണ്ടു് എം. എൽ. എ മാരുടെ കണ്ണു തുറപ്പിച്ചപ്പോഴാം മാത്രമാണു് നാമമാത്രമായ ഒരന്വേഷണമെങ്കിലും നടത്താൻ ഗവമ്മെൻറു തയ്യാറായതു്, പ്രശ്നം അവസാനിച്ചല്ലോ.) കത്തോലിക്കാസമുദായം ക്ഷോഭിച്ചാൽ ഇത്രയേ ക്ഷോഭിക്കയുള്ളൂ എന്നു കീരിത്തോട്ടിൽ തെളിഞ്ഞതോടുകൂടി തൈക്കൽപള്ളിയുടെ അംത്താര പൊളിക്കാൻ ചിലർക്കു ധൈര്യം കിട്ടി. പതിവനുസരിച്ചു് അല്പം ചില ക്ഷോഭങ്ങളും പ്രതിഷേധങ്ങളും അതിനോടനുബന്ധിച്ചുമുണ്ടായി. അരമനകളുടെ അടിത്തറ മാന്തി നോക്കുകയായിരിക്കും അടുത്ത പരീക്ഷണം. അവിടെയും പതിവനുസരിച്ചുള്ള പ്രക്ഷോഭണങ്ങളൊക്കെയേയുള്ളൂ എന്നുവന്നാൽ പിന്നെ കത്തോലിക്കനെ കാണുന്നിടത്തുവച്ചു കയ്യേറാനും അവന്റെ കുടിലുകളും കിടപ്പാടങ്ങളും പട്ടാപ്പകൽ നശിപ്പിക്കാനും ഇവിടെ ആളുകളുണ്ടാവും. ഒന്നിനും ചൊല്ലും ചോദ്യവുമില്ലല്ലോ. കൂടെ പ്രതിഷേധപ്രമേയങ്ങളും മാത്രമല്ലേയുള്ളൂ. ഈ ലോകത്തിൽ മർദ്ദനമേറ്റാലും സ്വർഗ്ഗത്തിൽ പ്രതിഫലം കിട്ടുമെന്നുള്ളതുകൊണ്ടു് വോട്ടു മുഴുവൻ ദൈവത്തിന്റെ പാർട്ടിക്കു കൊടുക്കണമെന്നു് യഥാസമയം സംയുക്താഹ്വാനങ്ങളുണ്ടാവുകയും ചെയ്യും. വോട്ടു കയ്യിൽകിട്ടിക്കഴിഞ്ഞാൽഒരു ''വർഗ്ഗീയനേതൃത്വം'' തെരഞ്ഞെടുപ്പുകാര്യങ്ങളിൽ സംയുക്താഹ്വാനംപുറപ്പെടുവിക്കുന്നതു തെറ്റാണെന്നു നെഹ്രുവിനെപ്പോലുള്ളവർ വിധിയെഴുതും. തെറ്റാണെന്നു നെഹ്രു പറഞ്ഞാലും നമുക്കു ചെയ്യാതിരിക്കാനൊക്കുമോ? ദൈവത്തിനുവേണ്ടിയല്ലേ? കത്തോലിക്കൻ ചവിട്ടും വെടിയുംകൊണ്ടു ചാകുന്നതും അവന്റെ പള്ളി പൊളിയുന്നതുമൊന്നും ദൈവകാര്യമായിക്കാണാനും ശബ്ദിക്കാനുമാളില്ല. അവന്റെ വോട്ടു കോൺഗ്രസ്സുപാർട്ടിക്കു കൊടുക്കണമെ

ന്ന ദൈവനിയോഗം അവനെ അനസ്മരിപ്പിക്കാൻ ധാരാളം വേണ്ടേ.

വിദ്യാഭ്യാസകാര്യങ്ങളിലാണെങ്കിൽ യഥാസമയം പാഠ്യപുസ്തകങ്ങളും പരിശോധിക്കാനും, നമ്മുടെ മൗലികസ്വാതന്ത്ര്യത്തെ ധ്വംസിക്കുന്ന നിയമങ്ങളും കണ്ടുപിടിക്കാനും വിജിലൻസുകമ്മറികളും മറ്റും നിയമിച്ച പ്രവർത്തിക്കുക, പാഠ്യപുസ്തകദേശസാത്കരണം മുതലായ മാരകനയങ്ങൾക്കെതിരായി ഉറച്ച നിലപാടു് സ്വീകരിക്കുക ഇതെല്ലാം സമുദായനേതൃത്വത്തിന്റെ ചുമതലകളാണു് അവക്കതിലൊന്നും താത്പര്യമില്ലെങ്കിൽ ഓരോകൊല്ലവും സമരം ചെയ്യാനിറങ്ങുന്നതു ബുദ്ധിശൂന്യതയാണു്. നിവൃത്തിക്കപ്പെടാത്ത ലക്ഷ്യങ്ങൾക്കുവേണ്ടി പരിപാടികൂടാതെ സമരം ചെയ്യുമ്പോൾ നിയമായി പരാജയപ്പെടാനിടവന്നാൽ സമുദായത്തെ സംബന്ധിച്ചിടത്തോളം അതു് ആത്മഹത്യാപരമായിരിക്കും. ഓരോ സമരവും കത്തോലിക്കനെ ദുർബ്ബലനും, നിരാശനും പരാജിതനുമാക്കും. ഇക്കാരണങ്ങളാലാണു് ഓടസമരത്തിന്റെ രീതിയോടു് ഞാൻ യോജിക്കാഞ്ഞതു്, അതിന്റെ പരിണാമത്തിൽ ഞാൻ ദുഃഖിക്കുന്നതു്. ഇതു തുറന്നുപറയാൻ എനിക്കു രംഗമില്ല. എഴുതിക്കൊട്ടത്താൽ പ്രസിദ്ധപ്പെടുത്താൻ പത്രവുമില്ല. വിവാദവിഷയമായിക്കഴിഞ്ഞിരിക്കുന്ന കൗമുദിലേഖനത്തിലും സമുദായത്തെ അപഹാസ്യമാക്കുന്ന സമരങ്ങളിലേക്കെടുത്തുചാടരുതെന്നു നേതൃത്വത്തോടു് ഞാനപേക്ഷിച്ചിരുന്നു. അതൊന്നും കാണാനാക്കും കണ്ണില്ല. കണ്ണും ചെവിയുമില്ലാത്തവരുടെയിടയിൽ സത്യം പറയാനൊരുങ്ങിച്ചെല്ലുന്നതു് സ്വന്തം നിലനില്പിനു കേടാണെന്നു് എനിക്കു മനസ്സിലായിട്ടുണ്ടു്. അതുകൊണ്ടു് വി. എൽ. തോമസിനും ഡോ. പാലത്തുമ്പാടിനുമെല്ലാം ഞാനുപ്പുകൊടുക്കുകയാണു് എന്നെക്കൊണ്ടുള്ള ശല്യം ഇനി ഭയപ്പെടേണ്ട. ഞാൻ ''വഴിതെറ്റാതെ സൂക്ഷിക്കാം.''

ഇത്രയും പറഞ്ഞ സ്ഥിതിക്കു് 1964 മാർച്ച ലക്കത്തിൽ ഡാ. ജോർജ്ജ പാലത്തുമ്പാടൻ എന്റെ ലേഖനങ്ങളെക്കുറിച്ചു പറഞ്ഞ ചില അഭിപ്രായങ്ങൾകൂടി പരാമർശിച്ചുവിടുകയാം. അതൊരു വാഗ്വാദവിഷയമാക്കി നീട്ടിക്കൊണ്ടുപോകാനെനിക്കാഗ്രഹമില്ല. നീട്ടിക്കൊണ്ടുപോയാൽ ബുള്ളറിന് പത്രാധിപർ എവിടെ വച്ചാണു് ആ വാഗ്വാദം നിരോധിച്ചുകളയുന്നതെന്നും ഭയമുണ്ടു്. പത്രാധിപന്മാരുടെ കയ്യിലാണല്ലോ ലേഖകന്മാരുടെ സൽപ്പേരും സുരക്ഷിതത്വവുമിരിക്കുന്നതു്. പത്രാധിപരെയും എന്നെയും രക്ഷിക്കുന്നതിനുവേണ്ടി ഈ വിഷയം ഇതോടെ അവസാനിപ്പിക്കാനാണു ഞാനാശിക്കുന്നതു്. ഡോ. പാലത്തുമ്പാടന്റെ അനേകം ഉജ്ജ്വലലേഖനങ്ങളും തൊഴിലാളിയിലും മറ്റും മുമ്പു മുതലേ താത്പര്യത്തോടെ വായിച്ചുപോന്നിട്ടുള്ള ആളാണു് ഞാൻ. മാർച്ച ലക്കത്തിലെ ലേഖനത്തിലും അദ്ദേഹം ചെന്നെത്തിയിരിക്കുന്ന നിഗമനങ്ങളോടു് ഏറെക്കുറെ ആദരവു് എനിക്കുണ്ടു്. എന്നാൽ കണക്കുചോദ്യങ്ങളിലെന്നപോലെ ഉത്തരം മാത്രമല്ല. വഴിയുംകൂടി നോക്കണമല്ലോ. അദ്ദേഹത്തിന്റെ ''വഴി''ക്കുമാക്കുകൊടുക്കാൻ ഒരദ്ധ്യാപകനായ എനിക്കു സാദ്ധ്യമല്ലാതെയാണു വന്നിരിക്കുന്നതു്. എന്നിരിക്കിലും അദ്ദേഹത്തിന്റെ മാന്യമായ പ്രതിവാദരീതി വി. എൽ. തോമസ്സും മറ്റും കണ്ടുപഠിക്കേണ്ട സഭ്യമായ പ്രതിവാദരീതിയെ ഞാനഭിനന്ദിക്കുന്നു.

''കത്തോലിക്കാ സമുദായത്തിനു ലൈംഗികകാര്യങ്ങളിൽ അതിരുകവിഞ്ഞ ശ്രദ്ധിബോധവും അയഥാർത്ഥമായ യാഥാസ്ഥിതികത്വവുമാണുള്ളതു്'' എന്ന എന്റെ വാക്യത്തെപ്പറ്റി അദ്ദേഹം പറയുകയാണു് ''സഭ ഒരു മൂരാച്ചിയാണെന്നാണു ലേഖകൻ (ഞാൻ) ധരിച്ചിട്ടുള്ളതെന്നു തോന്നു'' തുടർന്നു സഭയുടെ ആദർശങ്ങളെക്കുറിച്ചദ്ദേഹം പ്രപഞ്ചനം ചെയ്യുന്നു. ഇവിടെ ഡോ. പാലത്തുമ്പാടനുപറ്റിയ തെറ്റുവ്യക്തമാണു്. കത്തോലിക്കാ സമുദായം എന്ന പ്രയോഗംകൊണ്ടു കത്തോലിക്കസഭയെന്നല്ല ഞാനുദ്ദേശിച്ചതു്. സഭയുടെ ലൈംഗികപ്രബോധനങ്ങളെ സപ്രമാണം നീതീകരിക്കയാണു കൗമുദിലേഖനത്തിൽപോലും ഞാൻ ചെയ്തിട്ടുള്ളതു്. നിർഭാഗ്യവശാൽ കൗമുദി ലേഖനം അദ്ദേഹം ശ്രദ്ധിച്ചു വായിച്ചതായികാണുന്നില്ല. തോമസ്സിന്റെ മുറിയുദ്ധരണികളാണു് പണ്ഡിതനായ പാലത്തുമ്പാടനും പ്രമാണമായെടുത്തിട്ടുള്ളതു്. സഭയെന്നും സമുദായമെന്നുമുള്ള പദങ്ങൾക്കു് അർത്ഥവ്യത്യാസമുണ്ടു്. സഭാനേതൃത്വമെന്നു പറഞ്ഞാൽ വൈദികനേതൃത്വമാണു്. സമുദായനേതൃത്വമെന്നു പറഞ്ഞാൽ അല്മായനേതൃത്വവും കത്തോലിക്കാകോൺഗ്രസ്സുമെല്ലാമുൾപ്പെടും. ഇതിലധികം ഇവിടെ വിവരിക്കുന്നില്ല. കേരളകത്തോലിക്കാ സമുദായത്തിനു് (അതിൽതന്നെ ആംഗ്ലോ ഇന്ത്യരെയും മറ്റും അല്പംമാറ്റിനിറുത്താം) ലൈംഗികവിഷയങ്ങളിൽ പരമ്പരാസിദ്ധമായ യാഥാസ്ഥിതികത്വത്തിനു സഭയെ ഞാൻ കുറ്റപ്പെടുത്തിയിട്ടില്ല. അങ്ങനെ ധരിച്ചതു് വിനീതമായ ഭാഷയിൽ പറഞ്ഞാൽ ഡാ. പാലത്തുമ്പാടിന്റെ ഉപരിപ്ലവബുദ്ധികൊണ്ടാണു്.

മറ്റൊന്നു് ''അശ്ലീലതയുടെ കാര്യം കത്തോലിക്കാസഭയ്ക്കുതന്നെ ബോദ്ധ്യമല്ലാതിരിക്കെ'' എന്നാരംഭിക്കുന്ന ഉദ്ധരണിയുടെ കാര്യമാണു്. ഇതു് കൗമുദിലേഖനത്തിൽനിന്നു തോമസ്കൊണ്ടുവന്ന ഒരു മുറിയുദ്ധരണിയാണു്. ഓടയിൽനിന്നു് എന്ന കൃതിയിലെ അശ്ലീലമെന്നുപറയപ്പെടുന്ന ഭാഗം കത്തോലിക്കാധർമ്മശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ചശേഷമാണു് അതിലെ അശ്ലീലത കത്തോലിക്കാസഭയ്ക്കുതന്നെ ബോദ്ധ്യമില്ലാത്തതാണു് എന്നു ഞാൻ സൂചിപ്പിച്ചതു്. കൗമുദിലേഖനം വായിച്ചാലേ ഇതറിയാനൊക്കൂ. ക്ഷീരമുള്ള അകിടിൻചുവട്ടിൽ ചോരതന്നെ തേടിനടക്കുന്ന ഒരാൾ ആ ലേഖനത്തിൽ നിന്നു് ഈ വാക്യം മുറിച്ചെടുത്തു് എന്നെ ചീത്തയാക്കാനുപയോഗിച്ചു. ഡാ. പാലത്തുമ്പാടൻ കൗമുദിലേഖനം ഇതിനകം വായിച്ചതായും തോന്നുന്നില്ല. അദ്ദേഹവും ആ രക്ഷാന്വേഷിയെ പിന്തുടരുന്നു. ഒന്നു ഞാൻ സമ്മതിക്കുന്നു. വേണ്ടത്ര വിശദമാക്കാതെ അല്പം തെറ്റിദ്ധാരണയുളവാകത്തക്കവണ്ണം ആ വാക്യമെഴുതിപ്പോയതു് എനിക്കു വന്ന ഒരു വീഴ്ചയാണു്.

എനിക്കു വന്ന ഈയൊരു വീഴ്ചയെ ഇരുത്തോളം പർവ്വതീകരിച്ചുകണ്ട ഡോ. പാലത്തുമ്പാടൻ അനവധി വീഴ്ചകളും അനവധാനങ്ങളും അനീതികളും തന്റെ ലേഖനത്തിൽ വരുത്തിവച്ച തോമസ്സിനോടു് ''എൻപിള്ളനയം'' അവലംബിക്കുന്നതു് അദ്ദേഹത്തിന്റെ നിഷ്പക്ഷബുദ്ധിക്കു ഭൂഷണമായിരിക്കുന്നില്ല. തോമസ്സിന്റെ ''പട്ടന്മാർ'' അനവധാനസ്സും, ''ഉലകംതറ കല്ലുടവിവാദകഥ'' വാദപ്രതിവാദത്തിലെ മര്യാദോലംഘനത്തിനും, ബൈബിളുദ്ധരണികളും വിശുദ്ധവസ്തുക്കളോടുള്ള അനാദരവിനും, ഉദാഹരണങ്ങളാണു്. എന്നെ ദുർമ്മാർഗ്ഗിയായും, അഹങ്കാരിയായും, വൈദികവിദ്വേഷിയായും ചിത്രീകരിച്ചതു് അദ്ദേഹത്തിന്റെ പക്വബുദ്ധിക്കും മാന്യതയ്ക്കും ചേർന്നതല്ല, എന്നിട്ടും അതെല്ലാം കണ്ടില്ലെന്നു വച്ചു് ''ഇമിറേഷൻ പ്രോട്ടസ്റ്റന്റു്'' എന്നു ഞാൻ പറഞ്ഞതുമാത്രം വലിയൊരപരാധമായി പൊക്കിക്കൊണ്ടുവരുന്നതു് പാലത്തുമ്പാടന്റെ ഉദ്ദേശ്യശുദ്ധിക്കു നേരെ വിരൽ ചൂണ്ടുന്നു. തോമസിന്റെ ബൈബിളും പ്രസംഗങ്ങൾക്കു സർട്ടിഫിക്കറ്റു കൊടുക്കുവാനും ഡോ. പാലത്തുമ്പാടൻ ഈയവസരം വിനിയോഗിക്കുന്നുണ്ടു്. എനിക്കതിൽ എതിരൊന്നുമില്ല. എന്നെ വധിക്കാൻ ബൈബിളുദ്ധരിച്ച രീതിതെറ്റായിരുന്നുവെന്നും അർത്ഥവും ഔചിത്യവും കൂടാതെ ബൈബിളും വാക്യങ്ങളെ പ്രസ്തുത ലേഖനത്തിൽ ഉപയോഗിച്ചിട്ടുണ്ടെന്നുമാണു് എന്റെ ആരോപണം. ഇതു് ഡോ. സാമുവൽ റയൻ തൊഴിലാളിലേഖനത്തിൽ ഉദാഹരണസഹിതം തെളിയിച്ചിട്ടുണ്ടു്. അതിനാൽ ഞാൻ കൂടുതൽ ഉദാഹരിക്കുന്നില്ല. വി. എൽ. തോമസ് സുവിശേഷപ്രസംഗങ്ങളും കൊണ്ടു് ആളുകളെ അമ്പരപ്പിച്ചിരിക്കാം. പലരിൽ നിന്നും സർട്ടിഫിക്കറ്റു വാങ്ങിയിരിക്കാം. എനിക്കതിൽ സന്തോഷമേയുള്ളു. എന്നെക്കുറിച്ചെഴുതിയ ലേഖനത്തിനു ബൈബിളുദ്ധരണിയുമായിവന്നപ്പോഴും അദ്ദേഹം ഒരു പ്രോട്ടസ്റ്റന്റു് ഇമിറേഷനായികാണപ്പെട്ടുവെന്നാണു വാദം. ഈ യുക്തി ഡോക്ടർക്കു മനസ്സിലാകുമെന്നു വിശ്വസിക്കുന്നു.

ടൈംമാസികയിലെ ഉദ്ധരണിയെക്കുറിച്ചുള്ള ഡോക്ടറുടെ വിദഗ്ദ്ധാഭിപ്രായത്തിനു ഞാൻ നന്ദിപറയുന്നു. എന്നാ

ചെറുപ്പക്കാരെ തെറിപറയരുത്

കഴിഞ്ഞ ലക്കത്തിൽ ശ്രീ ജോർജ്ജ് അന്തിക്കാട് "തുണിയില്ലാത്ത പരിഷ്ക്കാരം" എന്ന ലേഖനത്തിൽ ചെറുപ്പക്കാരെ, പ്രത്യേകിച്ച് വനിതകളെ കടന്നാക്രമിക്കയാണ ചെയ്തിട്ടുള്ളതെന്നും സ്ത്രീകൾ വെറും നാണംകുണുങ്ങികൾ മാത്രമല്ലെന്നും വേണ്ടപ്പോൾ നിവർന്ന നടക്കാനും പറയാനും അവർക്ക കഴിയുമെന്നും ലേഖിക വികാരവായ്പോടെ സമർത്ഥിക്കുന്നു.

— അച്ചാമ്മ കെ. സി. മാവേലിക്കര —

കഴിഞ്ഞ ലക്കത്തിൽ ജോർജ്ജ് അന്തിക്കാട് ചിലരുടെ വസ്ത്രധാരണത്തെ പ്പറ്റി ഭാവനാത്മകമായി എഴുതിയ ആ ശൃംഗാര ലേഖനം ഞാൻ വായിച്ചു. എഴുത്ത് നന്ന്, പക്ഷേ അത് കളിയാക്കലായി തുടന്നാൽ മറ്റുള്ളവരും വെറുതെയിരിക്കയില്ല എന്ന ഒമ്മിപ്പിക്കാൻ മാത്രമാണ ഞാനിതെഴുതുന്നത്. ഞാൻ ഒരു കാളെജ് വിദ്യാർത്ഥിയാണ്. എന്റെ കൂട്ടുകാരികളുടെ ഇടയിൽ ഏതെല്ലാം ഫാഷനുകൾ അവതരിപ്പിക്കപ്പെട്ടുന്നുണ്ടെന്നും എനിക്കറിയാം.

പണ്ടെല്ലാം പുരോഹിതന്മാർ അളന്നുമുറിച്ച ദീകരപ്രസംഗങ്ങൾ ചെയ്യാറുണ്ട് ചെറുപ്പക്കാരുടെ വസ്ത്രധാരണത്തെ പ്പറ്റി. ഏതാണ്ട ആ വേഷം കെട്ടൽ തന്നെയാണ ജോർജ്ജിന്റെ ലേഖനത്തിലും കാണുന്നത്. ജോർജ്ജ് അച്ചനാണോ അതോ സെമിനാരിക്കാരനാണോ എന്നറിഞ്ഞുകൂടാ. ഏതായാലും ആ ഗതിക്ക ഒരു ചാച്ചിലുണ്ടെന്ന തോന്നുന്നു.

അതുകൊണ്ട്, ലോകത്തിൽതന്നെ ജീവിക്കണമെന്നുള്ളവരെ തെറിപറഞ്ഞു ആശ്രമത്തിലിരുത്തുകൊഴുക്കുന്ന ഏവല ഇറക്കാതെ, ചുമ്മാ ഗിരിപ്രഭാഷണം ആവർത്തിക്കാതെ വസ്തുനിഷ്ഠമായും കാലോചിതമായും എഴുതുവാനും സംസാരിക്കാനും പഠിക്കണമെന്നാണ എനിക്ക പറയാനുള്ളത്.


കേരളത്തിന്റെ കാലാവസ്ഥക്കും കത്തോലിക്കാസഭ തന്നെ "സമീപന"ത്തിൽ (അടിസ്ഥാനവിശ്വാസങ്ങളിലല്ല) കാലോചിതവ്യതിയാനം വരുത്തുന്നുവെന്നതിൽ രണ്ടാംവത്തിക്കാൻസൂനഹദോസുപോലെതന്നെ അകത്തോലിക്കാപത്രങ്ങളും സാക്ഷ്യം വഹിക്കുന്ന എന്ന കാണിക്കാൻ അടുത്തകാലത്തുണ്ടായ ഒരു ലേഖനഭാഗം ഞാനുദ്ധരിക്കയാണുണ്ടായത്. സമീപനങ്ങളിൽ സഭ കാലോചിത പരിഷ്കാരം വരുത്തുന്നില്ലെന്നവരെ ഡാക്ടർ വാദിച്ചിരിക്കുന്നു! പോകട്ടെ. ടൈമിലെ ഉദ്ധരണിക്ക് ടൈംമാസികയുടെ നയങ്ങളെ വിമർശിച്ചാൽ പോരാ. ആ ഉദ്ധരണിയിൽകിടക്കുന്ന പന്ത്രണ്ടാം പീയൂസിന്റെ വാക്യത്തെയും കത്തോലിക്കാ സോഷ്യോളജിസ്റ്റായ വന്ദ്യവയോധികനെയുമാണ വിമർശിക്കേണ്ടത്. അവരുടെ അഭിപ്രായങ്ങൾക്ക ടൈംവാരിക ഉത്തരവാദിയല്ല. ഞാനും ഉത്തരവാദിയല്ല. അതുകൊണ്ട് ഡോ. പാലത്തുമ്പാടന്റെ പ്രത്യക്ഷത്തി അപര്യാപ്തവും വെല്ലുവിളി അസ്ഥാനത്തുമാണ്.

'ഓടയിൽനിന്നി'നെ എതിർത്തവർ പല കാരണങ്ങളും അതിനു കണ്ടെത്തിട്ടുണ്ടാവാം. ചില കാരണങ്ങളിൽ ഞാനുമതിനെ എതിർക്കുന്നു. എന്നാൽ അന്തരീക്ഷത്തിലുയർന്നുകേട്ട ശബ്ദം "അശ്ലീലം" എന്നായിരുന്നു. അതിന്റെ അവസാനത്തെ തെളിവ് 1964 ജനു. 20—ാം തീയതിയിലെ ദീപിക ഒന്നാംപേജ് ഒന്നാം കോളത്തിൽ കൊടുത്തിരുന്ന റിപ്പോർട്ടാണ്, നിഷിദ്ധ ഭാഗങ്ങൾ (അശ്ലീലഭാഗങ്ങൾ) എടുത്തുകളഞ്ഞാൽ തൃപ്തിപ്പെടാം എന്നായിന്നു ആ റിപ്പോർട്ടിന്റെ സാരം. അങ്ങിനെ സംവേക്കയും ചെയ്തു. സമരക്കാർക്ക് ഏറെക്കുറെ തൃപ്തിയായ മട്ടുണ്ട്. എന്നിട്ടും പാലത്തുമ്പാടൻ പറയുന്നു അശ്ലീലതയെച്ചൊല്ലിയല്ലായിരുന്ന പ്രതിഷേധമെന്ന്. എങ്കിൽ ഈ പരിണാമത്തിലെത്തിയതെങ്ങനെ? രണ്ടു അശ്ലീല രംഗങ്ങളില്ലായിരുന്നെങ്കിൽ പപ്പുകുബ്ബ ളിവാലായെപ്പോലൊരുത്തമ പാത്രമാകുമായിന്നു എന്നെഴുതിയ കത്തോലിക്കാ പ്രൊഫസ്സർമാരും അതൊക്കെ അച്ചടിച്ച വിട്ട സമരവീര്യം കത്തിച്ച പത്രങ്ങളുമില്ലേ? സമരം നയിച്ചവർക്ക ലക്ഷ്യബോധമില്ലായിരുന്നു. സമരം ചെയ്യാനാളുണ്ടായില്ല. സമരം തോറ്റതിലല്ലാ ഇങ്ങനെ തോറ്റതിലാണെന്റെ വിഷാദം. ഇനിയുമെന്റെ നിലപാട മനസ്സിലാകാത്തവരുണ്ടെങ്കിൽ കുറെക്കൂടി നീട്ടിപിടിച്ചെഴുതിയാലും അവർക്ക മനസ്സിലാവാൻ പ്രയാസമായിരിക്കും.

ഡാ. പാലത്തുമ്പാടന്റെ ലേഖനം കണ്ടിടത്തോളം അദ്ദേഹവും ഞാനും തോമസ്സും വളരെ അഭിപ്രായൈക്യമുള്ളവരാണ്. എന്നിട്ടും പരസ്പരം മനസ്സിലാക്കാനും ക്ഷമിക്കാനും തിരുത്താനും തയ്യാറാകാതെ ഒരുവന്റെ ചെറിയ തെറ്റുകൾ പർവ്വതീകരിച്ചു കാണിച്ച മാലാഖാചമയാനും തൊഴുത്തിൽക്കുത്തി നശിക്കാനുമാണ നമ്മുടെ വാസന. അനയായികളും ഇങ്ങനെയുംനേതൃത്വംങ്ങനെയുമായാൽ കത്തോലിക്കാസമുദായം (സഭയല്ല) ഒരുമുന്നിന്ന് ഐക്യവും കരുത്തും പ്രദർശിപ്പിക്കാതെ ഇവിടെ ജീവിക്കാനാവില്ല. സമുദായം ഒറ്റക്കെട്ടായിനിന്ന രാഷ്ട്രീയകക്ഷികളോട് തിരഞ്ഞെടുപ്പുഘട്ടങ്ങളിൽ വിലപേശാൻ തയ്യാറാവണം. ഒരു കക്ഷിക്കും നമ്മെ അടിയറവയ്ക്കരുത്. അപ്പോഴും സമുദായം വിളിച്ചാൽ എം. എൽ. ഏമാർ ചുവട്ടിൽ വരും. മഹമ്മദുനബിയുടെ വിശ്വാസ മുടി കാണാതായതിനെത്തുടർന്ന് മുസ്ലീംങ്ങളനുവർത്തിച്ച നയം കത്തോലിക്കർക്ക ചേർന്നതല്ല എന്ന നമ്മുടെ ഒരു പത്രം എഴുതിയിരുന്നു. ശരിയാണ്, എന്നാൽ, ആ മുടിമോഷണക്കേസ് കേന്ദ്രഗവണ്മെന്റ ഏറെറടുത്തതും, ലാൽബഹദൂർശാസ്ത്രിയും മറ്റും അവിടെ ഓടിച്ചെന്നതും എന്തുകൊണ്ടാണെന്നോർക്കണം. തൈക്കൽ സംഭവിച്ചത് ഒരു മുസ്ലീംപള്ളിക്കായിരുന്നെങ്കിലോ? മുസ്ലീമിന്റെ കരുത്തും ഐക്യവും അപ്പോഴാണ കാണാമായിരുന്നു. ആക്രമണങ്ങളെ നമുക്ക ചേർന്നതല്ല, എന്നാൽ, നമ്മുടെ കരുത്തും ഐക്യവും വേണ്ടതിക്കിൽ വിവേകപൂർവ്വം പ്രയോഗിച്ചില്ലെങ്കിൽ ഇവിടെ ജീവിതം ദുസ്സഹമായിരിക്കും.

ഇങ്ങനെ സമുദായത്തെയും സമരങ്ങളെയും കുറിച്ചെല്ലാം ചില എളിയ അഭിപ്രായങ്ങളും എനിക്കുണ്ട്. ഇന്നത്തെ പ്രശ്നങ്ങൾക്ക പലരും നിർദ്ദേശിക്കുന്ന പ്രതിവിധികളിൽ നിന്ന ഭിന്നമായിരിക്കാം എന്റേത്. കത്തോലിക്കാ യുവജനോത്സവം നിറുത്തിക്കളഞ്ഞതിൽ ഡാ. പാലത്തുമ്പാടൻ ദുഃഖിക്കുന്നു. എന്നാൽ അതു എത്രനേരത്തേ നിറുത്തിയോ അത്രയും നന്നായി എന്നാണെന്റെ അഭിപ്രായം. അദ്ദേഹം ഊഹിക്കുന്ന കാരണങ്ങളല്ല ഞാൻ പറയാനുദ്ദേശിക്കുന്നത്'. ചിലതെല്ലാം ഒന്നാം യുവജനോത്സവം നടന്നുകൊണ്ടിരിക്കേ ഞാൻ ദീപികയിലെഴുതിയിരുന്നു. അതു മറ്റൊരു ലേഖനത്തിനു വിഷയമാകയാൽ ഇപ്പോഴത്തെ ദീർഘമായിപ്പോയ ഈ ലേഖനത്തിൽ പരാമർശിക്കുന്നില്ല. തുടർന്നു എന്നെങ്കിലും എഴുതണമോ എന്നും ആലോചിക്കേണ്ടിയിരിക്കുന്നു. ബൈബിൾ ബ്ലീരുങ്ങളും സാക്ഷ്യപത്രങ്ങളും വശമുള്ളയാളകും—അവക്കിഷ്ടമില്ലാത്തതെന്തെങ്കിലും പറഞ്ഞുപോയാൽ— എന്തു മുദ്രയാണ പുറത്തിറക്കുക എന്ന ഭയപ്പെടണമല്ലോ, ഇനിയെങ്കിലും വഴിതെറ്റാതെ സൂക്ഷിക്കാം. കത്തോലിക്കാ സമുദായം ഇപ്പോഴും നടക്കുന്ന മാതിരി സമരങ്ങളിലൂടെ അഭിവൃദ്ധി പ്രാപിക്കട്ടെ.

— 0 —



വനിതാ പംക്തി

സ്ത്രീകളായ ഞങ്ങൾ വെറും ഗർഭപാത്രങ്ങളല്ല

സ്ത്രീയെന്നു പറയുമ്പോഴും മുമ്പാ ഗർഭപാത്രമായാണു മിക്ക പുരുഷന്മാരും വീക്ഷിക്കുന്നതു് അടുക്കളമൂലയിൽ ഒതുങ്ങിപ്പതുങ്ങിക്കഴിയേണ്ടിവരുന്ന സ്ത്രീകൾക്കു സമുദായത്തിൽ വലിയൊരു പരിവർത്തനത്തിനു കളമൊരുക്കേണ്ടതുണ്ടു്. അതൊന്നും പുരുഷന്മാർ മനസ്സിലാക്കാതെ അവരെ എന്നും അടിമയാക്കാമെന്നു കരുതുന്നതു് വെറും വ്യാമോഹവും വിഡ്ഢിത്തവുമാണു്. ഉടൻതന്നെ കേരളവനിതകളും ഈ പ്രവണതക്കെതിരായി ശബ്ദമുയർത്തണം.

നാടിന്റെ പുരോഗതിക്കും ചേർന്തരത്തിൽ വസ്ത്രം തിരഞ്ഞെടുക്കേണ്ടതു് അതു ധരിക്കുന്നവർതന്നെയാണു്. ചിലർക്കു് അതു ഉത്പാദനവും വെറുപ്പിനും കാരണമാകുന്നുണ്ടെങ്കിൽ അവരെയാണു സൂക്ഷിക്കേണ്ടതു്. എന്തുണ്ടു് അങ്ങനെയെല്ലാം പരിഭ്രാന്തരാകാൻ. എല്ലാം ദൈവം സൃഷ്ടിച്ചതല്ലേ? അതു കാണാനും കേൾക്കാനും വയ്യാത്തവർ അങ്ങനെ ചെയ്തുകൊള്ളട്ടെ. ആ വേല ഈ യുള്ളവരുടെ പക്കലേക്കു പ്രയോഗിക്കുന്നതു ആലോചിച്ചിട്ടുവേണം.

ശ്രീ. ജോർജ്ജു് ലേഖനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ആശയങ്ങളും പെൺകുട്ടികളെ പരിഹസിക്കുന്നവയാണു്, പെണ്ണുങ്ങളെ ഒന്നും ചെയ്യാം എന്ന ബോധം പലരിലും കടന്നുകൂടിയിട്ടുണ്ടു് അതിന്റെ ഭാവിയെപ്പറ്റി ഞാൻ സംശയിക്കയാണു്. പെണ്ണു് ബസ്സിൽ സിറ്റുന്നതിനും കാളജിൽ പോകുന്നതിനും റോഡിലൂടെ നടക്കുന്നതിനും ഓഫീസിൽ പോകുന്നതിനും എല്ലാം ഒരു കാലത്തു കുറേമായിരുന്നു. ഇന്നോ? കൈയും വീശി പോകുന്ന എത്ര പെമ്പിള്ളേരുണ്ടു് ഇന്നാട്ടിൽ? അവർക്കും ഈ രാജ്യത്തിന്റെ പുരോഗതിയിലും സമൂഹത്തിന്റെ ഉൽക്കർഷത്തിലും എ. കെ. സി. സിയുടെ നടത്തിപ്പിലും ചില്ലറ പങ്കുകളുണ്ടു്. അതു സമ്മതിച്ചു തന്നേ പറ്റൂ. വസ്ത്രധാരണത്തേയും മറ്റും പിടിച്ചു തെറിപറഞ്ഞാൽ അതിനൊപ്പിച്ചു അങ്ങോട്ടും പറയാൻ ഈ യുള്ളവർ നിർബന്ധിതരാകും.

വാസ്തവത്തിൽ സ്ത്രീകളും നമ്മുടെ നാട്ടിൽ പലേ കാര്യങ്ങളിലും നാണംകെട്ടവരികളാണു്. കുണ്ഠിതപ്പെടുത്തി അവരങ്ങനെ ആയിപ്പോയി. ആ പതിവിനെതിരെ പരിവർത്തനത്തിന്റെ ഉഗ്രൻ കൊട്ടുകാറു ആഞ്ഞു വീശണം, രംഗത്തിറങ്ങി പ്രവർത്തിക്കാൻ തയ്യാറുള്ള ആയിരമായിരം വീരതരുണികളും ഇക്കേരളത്തിലുണ്ടു്. പക്ഷേ, അവരെയെല്ലാം പാരമ്പര്യത്തിന്റെ കൈച്ചങ്ങലകളും വീട്ടിനുള്ളിൽ ബന്ധിച്ചിരിക്കയാണു് ആരാണു്. ഈ പതിവു് വരുത്തിവച്ചതു എന്നറിയില്ല. എന്തായാലും ഈ ചടഞ്ഞിരിപ്പു അവസാനിപ്പിക്കാൻ എല്ലാ സ്ത്രീകളും ഒരു തീരുമാനമെടുക്കണം.

ഞാൻ ശ്രീ. ജോർജ്ജിനെ കുറ്റം പറയുകയല്ല. ചില ചെറുപ്പക്കാർ എഴുതാൻ തുടങ്ങുമ്പോൾ എഴുത്തുമുഴുവൻ പെണ്ണുങ്ങളെപ്പറ്റിയാണു്! ഇവറ്റകൾക്കു ചിന്തിച്ചും പഠിച്ചും വേറെ നല്ലകാര്യങ്ങൾ എഴുതിക്കൂടേ? തെരുവിൽനിന്നു പൂവാലന്മാർ സാഹിത്യത്തിലേക്കു തരംതാഴ്ന്നാൽ തെരുവിലെ നിശ്ശബ്ദതപാലിച്ചെന്നുവരികയില്ല. എ.കെ.സി. സിമുഴുവനായി പുരുഷന്മാർക്കുള്ളതാണെന്നും അവിടെക്കേറി സ്ത്രീകൾ ഒന്നും മിണ്ടിപ്പോകരുതെന്നും ആരും എഴുതിവച്ചിട്ടില്ല.

മിസ്സസ് ഫിലോമിന മാത്യു

ഞങ്ങളെപ്പറ്റി അല്പമൊന്നു ചിന്തിക്കാൻ ഞാനാഗ്രഹിക്കുന്നു. പലരും ചിന്തിച്ചിട്ടുണ്ടു്. എഴുതിയിട്ടുണ്ടു്. ശരിതന്നെ, എന്നാലും സ്ത്രീകളോടു് പുരുഷന്മാരുടെ മനോഭാവവും ഭംഗിവാക്കുകളിലും ഭാവനമായ ചിത്രങ്ങളിലും ഒതുങ്ങിനിൽക്കുന്നുവെന്നും പ്രായോഗികമായി സ്ത്രീയെപ്പറ്റി കടുത്തപുച്ഛവും അവളുടെ കഴിവിനെപ്പറ്റി അക്ഷന്തവ്യമായ അവഗണനയുമാണെന്നും പൂർണ്ണബോധ്യം വന്നതുകൊണ്ടു്, അതു സംബന്ധമായി ചിലതെല്ലാം തുറന്നു പറയണമെന്നു ഞാനാഗ്രഹിക്കുകയാണു്. ഒരു പുരുഷവിദ്വേഷിയായിട്ടു മാറാതിരിക്കണമെങ്കിൽ, ഈ തുറന്നു പറച്ചിൽ ആവശ്യമാണെന്നുപോലും എനിക്കു തോന്നുന്നു.

കവികളും സാഹിത്യകാരന്മാരും പുരുക്കന്മാരാഷ്ട്രീയക്കാരുമാണല്ലൊ സ്ത്രീകളെ പുകഴ്ത്തിയിട്ടുള്ളതു്. പക്ഷെ പൊതുവേയുള്ള പുരുഷനുണ്ടല്ലോ, അയാളും സ്ത്രീയെപ്പറ്റി മതിപ്പില്ലാത്ത കൂട്ടത്തിലാണു്. സോഷ്യലിസമാണു ഇന്നവരെ കണ്ടിട്ടുള്ളതിൽ ഏറ്റവുമധികം, അവസരസമത്വം വാഗ്ദാനം ചെയ്യുന്ന വ്യവസ്ഥിതി. ആ വ്യവസ്ഥിതി വിപുലമായി പരീക്ഷിക്കപ്പെട്ട നാടാണു് റ

എ. കെ. സി. സി. ബുള്ളറ്റിൻ

ഒരു ക്ലാസ്സ്

(സെബാസ്റ്റ്യൻ പുല്ലോപ്പിള്ളി)

(അദ്ധ്യാപകൻ പ്രവേശിക്കുന്നു. എല്ലാവരും എഴുന്നേൽക്കുന്നു.)

എല്ലാവരും— സലാം സാർ സലാം.

അദ്ധ്യാപകൻ—എല്ലാവരും സിറ്റ്ഡൗൺ (ഇരുന്നിട്ട്) ഹാജരു വിളിക്കാം കേട്ടോണം; വിളിക്കുമ്പോൾ എല്ലാവരും പ്രസൻറ് പറയണം.

എല്ലാവരും— ഉവ്വാ സാർ,

അദ്ധ്യാ— രാമൻകുട്ടി പി. എ.

രാമൻ—സേ....ൻ

അദ്ധ്യാ— പ്രസൻറ്എന്നു പറയടാ! കണ്ണൻ കെ. എ.

കണ്ണൻ— ''പ്രശൻ''

(മൂന്നാലു കുട്ടികളും എഴുന്നേറ്റു നിൽക്കുന്നു)

അദ്ധ്യാ— എല്ലാവരും സിറ്റ്ഡൗൺ; എല്ലാവരും ഇരിക്കണം.

ഒരു കുട്ടി (ഇരിക്കാതെ) രാമൻകുട്ടി വന്നിട്ടില്ല സാർ.

അദ്ധ്യാ— ഇരിക്കടാ അവിടെ. ഞാൻ ചോദിച്ചോളാം. വരാത്തവർ എണീറ്റു നിൽക്കണം.

മറ്റൊരു കുട്ടി—ഞാൻ വന്നിട്ടുണ്ട് സാർ.

അദ്ധ്യാ—ഇന്നലെ വരാത്തവർ എണീറ്റു നില്ക്കണം,

(എണീറ്റ ഒരു കുട്ടിയോട് അദ്ധ്യാപകൻ പറയുന്നു) എന്താടാ ഇന്നലെ വരാഞ്ഞതു്.

കുട്ടി— പനിയായിരുന്നു സാർ.

മറ്റൊരു കുട്ടി—അല്ല സാർ അവനിന്നലെ ചന്തയ്ക്കു പോയതായിരുന്നു.

അദ്ധ്യാ—അതെയോടാ! നീ ഇന്നലെ ചന്തയ്ക്കു പോയോ!

കുട്ടി—എൻറഛനാ സാർ ചന്തയ്ക്കു പോയതു്. ഞാൻ വെറുതെ പോയതാ സാറേ.

അദ്ധ്യാ—നീ നുണ പറഞ്ഞതു് എന്തിനാടാ.

കുട്ടി— അഛൻ പറഞ്ഞിട്ടാ സാറേ.

അദ്ധ്യാ—നിൻറഛനെ വിളിച്ചുകൊണ്ടു വന്നിട്ടു പഠിച്ചാമതി. പൊയ്ക്കോ. (കുട്ടി പോകുന്നു)

ഒരു കുട്ടി—സാറേ, ഈ കുട്ടി എന്നെ പോത്തേന്നു വിളിക്കുവാ സാറേ.

അദ്ധ്യാ—ആരെടാ അവനെ പോത്തേന്നു വിളിക്കുന്നേ, ഞാനിവിടെ ഇരിക്കുമ്പോ! ''ആം സ്റ്റാൻ''

ഷ്യ എന്നിട്ട് ആ റഷ്യയെപ്പറ്റി ഒരു പുരുഷനെഴുതിയ പുസ്തകത്തിൽ ഇങ്ങനെ ഒരു വാചകം വായിക്കാനിടയായി. ''റഷ്യയിൽപോലും സ്ത്രീകൾ ഇപ്പോഴും സ്ത്രീകളാണ്.'' സോഷ്യലിസത്തെപ്പറ്റി പറയുമ്പോഴുംപോലും പുരുഷൻറെ ഉള്ളിലിരുപ്പ ഇതാണ്. സ്ത്രീ പിന്നെ എന്തായിരിക്കണം? സ്ത്രീ സ്ത്രീയായിരിക്കയും അതേ സമയം സമുദായത്തിൽ പുരുഷനോടൊപ്പം നിൽക്കുകയും ചെയ്യാൻ പാടില്ലേ? അല്ലെങ്കിൽ ആ പ്രശ്നങ്ങളിലേക്കു പിന്നെ കടക്കാം. ചിലകാര്യങ്ങൾ അതിനു മുൻപേ പറയട്ടെ.

ബോധം വച്ച കാലം മുതൽക്കു പുരുഷൻ സ്ത്രീയെ ഇടിച്ചുതാഴ്ത്തിയിടാൻ മനസാവാചാ കർമ്മണാ ഉദ്ദേശിച്ചിട്ടുണ്ട്. പണ്ട് ലത്തീൻ ഭാഷയിൽ ഒരാൾ ഒരു ചൊല്ലുപറഞ്ഞതു നിങ്ങൾ കേട്ടിരിക്കുമോ?. ''Tota mulier in utero' എന്നാണ്അതു്. എന്നുവച്ചാൽ ''സ്ത്രീയെന്നു പറഞ്ഞാൽ ഒരു ഗർഭപാത്രമാണ്'' എന്നർത്ഥം. പോരേ? സന്താനോല്പാദനത്തിൽ കവിഞ്ഞ് അവൾക്കു മറ്റൊരർത്ഥവുമില്ല! ഈ മനോഭാവം കുറെക്കൂടി വ്യക്തമാക്കാൻ ഏതാനും വാചകങ്ങൾകൂടി ഞാനുദ്ധരിക്കാം. ''ചില ഗുണങ്ങളുടെ അഭാവത്തിൽകൂടിയാണു പെൺവിരോഗം പെൺവിരോഗമായിരിക്കുന്നതു്'' (അരിസ്റ്റോട്ടിൽ), ''സ്ത്രീ അപൂർണ്ണനായ പുരുഷനാണ്.'' (സെൻറ് തോമസ്), ''അവനെറ വാരിയെല്ലെടുത്തു ദൈവം അവളെ സൃഷ്ടിച്ചു'' (ബൈബിളിലെ ഉല്പത്തികഥ), ''സ്ത്രീ ആപേക്ഷികമായ ഒരു ജീവി'' (മീച്ചലറ്റ്); അവളുടെ ശരീരം എന്തോ സ്വയം പ്രത്യേകതയില്ലാത്തതാണു്, ''പുരുഷനെ സ്ത്രീയെ കൂടാതെ ചിന്തിക്കാൻ കഴിയും. പക്ഷേ സ്ത്രീക്കു പുരുഷനെ കൂട്ടില്ലാതെ തന്നെപ്പറ്റി ചിന്തിക്കാനാവില്ല (ഏബന്ദാ).

ഈ മനോഭാവം തന്നെയല്ലേ, ഇന്നും മനസ്സിൻറെ അടിത്തട്ടിൽ പുരുഷനുള്ളതു്? തന്നെ ചുറ്റിപ്പറ്റിയും ആശ്രയിച്ചുമല്ലാതെ പെണ്ണുങ്ങൾക്കു നിലനില്പില്ലെന്ന അല്ലേ? സ്ത്രീപുരുഷഭേദം ഒരു ചരിത്രഘട്ടത്തിലെ സംഭവമല്ല; ഒരു ജീവശാസ്ത്രപരമായ പ്രതിഭാസമാണു്. സ്ത്രീക്കു പ്രത്യേകമായി ഒരു ഭൂതകാലമോ ചരിത്രമോ മതമോ ഒന്നുമില്ലെന്ന സമ്മതിക്കാം. അവർ കൃഷിക്കാർ, തൊഴിലാളിവർഗ്ഗം എന്നൊക്കെ പറയുംപോലെ ഒരു ''വർഗ്ഗ''മായി ശ്രോഡീകരിക്കപ്പെട്ട ചരിത്രത്തിൽ നിലനിന്നിട്ടില്ല. അവർ പുരുഷന്മാരുടെകൂടെ വിഭജിക്കപ്പെട്ടും വിതരണം ചെയ്യപ്പെട്ടും കിടക്കുകയാണു്— സാമ്പത്തികകാര്യങ്ങളിൽ, പാർപ്പിടകാര്യത്തിൽ, ജോലിയിൽ, കുടുംബവ്യാപാരങ്ങളിൽ എല്ലാംഎല്ലാം തൊഴിലാളിവർഗ്ഗത്തിനു മുതലാളിമാരെ സംഘടിതമായി നിന്നു കശാപ്പുചെയ്യുകവരെ ചെയ്യാം; പക്ഷേ, സ്ത്രീകൾ വർഗ്ഗമായിതിരിഞ്ഞുനിന്നും പുരുഷന്മാരെതോല്പിക്കാനോ നിഹനിക്കാനോസാധ്യമല്ല. ഇതെല്ലാമാണോ സ്ത്രീ മോശപ്പെട്ടവളാകാൻ കാരണം? ജീവശാസ്ത്രപരമായി അവൾ മറ്റൊരിനത്തിൽ പെട്ടുപോയെങ്കിൽ അതു പുരുഷൻറെ ആവശ്യത്തിനും കൂടിയാണു്. ആ ആവശ്യം നിറവേറ്റാതെ പുരുഷവർഗ്ഗത്തിൻറെയും (മനുഷ്യപരമ്പരയുടെയും) നിലനില്പില്ല. പിന്നെ- പിന്നെ എന്താണു സ്ത്രീയുടെപോരായ്മ; ക്ഷിണവശം ആരോപിക്കപ്പെട്ട അപകർഷത?

ലൈംഗികസംതൃപ്തിക്കും സന്താനലാഭത്തിനും പുരുഷനു സ്ത്രീയെ ആവശ്യമാണു്. പക്ഷെ, അതുകൊണ്ടു പുരുഷൻ പ്രത്യേകമായ പരിഗണനയും അവളുടെ സാമൂഹ്യോന്നതിക്കു വേണ്ടിയുള്ള ശ്രദ്ധയും നൽകിയെന്നു വിശ്വസിക്കാൻ കഴിയുന്നില്ല. കാരണം ആ സംതൃപ്തിയെക്കാളും ലാഭത്തെക്കാളുമധികം, പുരുഷനു അവൻറെ സാമൂഹ്യമായ മേധാവിത്വത്തെപ്പറ്റി എക്കാലത്തും കരുതലുണ്ടായിരുന്നിട്ടുണ്ട്, സ്ത്രീകൾക്കു പ്രത്യേക ''പെരുമാറ്റച്ചട്ടങ്ങൾ'' വിധിച്ചുവച്ച ഭാരതത്തിൽ മാത്രമല്ല ഇതു്; ലോകത്തെങ്ങും പുരുഷൻ ഈ കരുതൽ നടപടി നടപ്പാക്കിയിട്ടുണ്ടെന്നു സാമൂഹ്യചരിത്രം പഠിച്ചാൽ മനസ്സിലാകും. ഉടമയും അടിമയും തമ്മിലുള്ള ബന്ധത്തിൻറെസ്വഭാവങ്ങൾനിലനിർത്താനാണു ഏതുരാജ്യത്തും സ്ത്രീപുരുഷബന്ധത്തിൽപുരുഷൻറെ രഹസ്യമായ ഉദ്ദേശവും. ഉടമയും അടിമയും പരസ്പരം ആവശ്യമുള്ളവരാണു്. പക്ഷേ, ഉടമ ഒരിക്കലും അടിമയെ സ്വതന്ത്രനാക്കുകയില്ല. എന്നുമല്ല അടിമ തനിക്കാവശ്യമുള്ളവനാണെന്ന ഒരു സൂചനകൊണ്ടുപോലും വെളിവാക്കാൻ ഒരിക്കലും ഒരുങ്ങുകയില്ല. തൻറെ പ്രവർത്തികൾ, അടിമയെക്കൊണ്ടു തൻറെ ആവശ്യങ്ങൾ സാധിക്കാത്തവിധം ഉടമ സംവിധാനം ചെയ്തുകൊള്ളും. അടിമയാകട്ടെ, തൻറെ ആശ്രയാവസ്ഥമൂലം തൻറെ പ്രത്യാശകളും ഭീതികളും മൂലം ഒന്നുങ്ങിക്കഴിയും.

പുരുക്കത്തിൽ, സ്ത്രീയുടെ മഹത്വം മനസ്സിലാക്കാൻ പുരുഷനു ഇനിയും കഴിഞ്ഞിട്ടില്ല. മനഃശാസ്ത്രവും തത്വശാസ്ത്രവും ചരിത്രവുമെല്ലാം പുരുഷൻ, മുതലാളമനഃസ്ഥിതിയുടെ മഞ്ഞക്കണ്ണുവച്ചു് കണ്ടതുകൊണ്ടു് സ്ത്രീയെ യഥാർത്ഥമായി മനസ്സിലാക്കാൻ പുരുഷന്മാർക്കു കഴിഞ്ഞിട്ടില്ല. ഇനിയെങ്കിലും അതിനു ശ്രമിക്കുവാനാണു എനിക്കഭ്യർത്ഥിക്കാനുള്ളതു്.

സമുദായത്തിൽ "കറവപ്പശുക്കളില്ലേ?"

കഴിഞ്ഞ ലക്കത്തിൽ ''സ്ത്രീകളെ കറവപ്പശുക്കളെന്ന വിളിച്ചാൽ'' എന്ന ലേഖനത്തിൽ തെറ്റിദ്ധാരണകളും ചിന്താക്കുഴപ്പങ്ങളും കൂമിഞ്ഞുകൂടിയിട്ടുണ്ടെന്നും ഇന്നും സമുദായത്തിൽ ''കറവപ്പശു'' ആളുണ്ടെന്നും ലേഖകൻ മിസ്സസ് അന്നാമ്മ മാമ്മന്റെ വാദമുഖങ്ങളെ കടപുഴക്കിക്കൊണ്ട് വിവരിച്ചുപോകുന്നു.

ജോർജ് വെളിയത്തിൽ

ഫെബ്രുവരി ലക്കത്തിൽ ഞാനെഴുതിയിരുന്ന ലേഖനം ശ്രീമതി അന്നാമ്മ മാമ്മനെപ്പോലെ ചിലരെ ആശയക്കുഴപ്പത്തിൽ ചാടിച്ചിട്ടുണ്ടെന്നതുകൊണ്ടും കഴിയുന്നതും അതു പരിഹരിക്കേണ്ടതു് എന്റെ ധാർമ്മിക ചുമതലയാണെന്നു തോന്നുന്നതുകൊണ്ടും മാത്രം ഞാനീ ലേഖനം എഴുതുകയാണു്.

ആരംഭത്തിൽ തന്നെ ലേഖനകർത്രിക്കു പ്രമാദം പറ്റിയിരിക്കുന്നുവെന്നു് പറയേണ്ടിയിരിക്കുന്നു. ''ലേഖകൻ വിഭാവനം ചെയ്യുന്ന മധുരമനോഹരസ്വപ്നങ്ങളും മാനംമര്യാദയായി വളർത്തപ്പെടുന്ന ക്രൈസ്തവബാലികമാരെ സാധാരണ അലട്ടാറില്ല. അവരുടെ ദൃഷ്ടിയിൽ വിവാഹം നിർബന്ധിതമല്ലാത്ത ഒരു കൂദാശമാത്രമാണു്.'' ലേഖനകർത്രിയുടെ പ്രതിഭയിൽനിന്നുടലെടുത്ത ദിവ്യസാരോപദേശമാണിതു്. ഈ വരികളിൽനിന്നു് സാമാന്യബുദ്ധിയുള്ള ഒരാൾ മനസ്സിലാക്കുന്നതു് ക്രൈസ്തവബാലികമാർ വിവാഹവും വിചാരവുമില്ലാത്ത ഒരുതരം നിർജ്ജീവജന്തുക്കളാണു്. 'മാനവും മര്യാദയു'മായി വളർത്തപ്പെടുന്ന ഒരു ബാലികയിൽ കാലത്തിന്റെ പൂർണ്ണതയിൽ ചില വികാരങ്ങളും അതിനടുത്ത പ്രതീക്ഷകളും ഉടലെടുക്കുകയില്ലെന്നാണോ ലേഖനകർത്രി മനസ്സിലാക്കിയിരിക്കുന്നതു്.

ആദിമാതാവായ ഹവ്വ പിശാചിന്റെ പിടിയിൽ പെട്ടു് വിലക്കപ്പെട്ട കനി പറിച്ചു് ആദത്തിനു കൊടുത്തതായും അങ്ങിനെ അവർ ദൈവശാപത്തിനു് ഇരയായതായും വേദപുസ്തകത്തിൽ നാം വായിക്കുന്നു. ആ വിലക്കപ്പെട്ട കനി ലൈംഗികസുഖമാണെന്നുള്ള നൂനവ്യാഖ്യാനത്തിനു് അത്ഥമുണ്ടെന്നു് കല്പിക്കാമെങ്കിൽ പുരുഷനെ ആദ്യമായി വികാരക്കുടുക്കിൽ പെടുത്തിയതു് സ്ത്രീയാണെന്ന സ്പഷ്ടമാണു് ഇതിൽ നിന്നു് സ്ത്രീയും വികാരവിധേയാണെന്ന തെളിയുന്നു എങ്കിൽ ആ ആദിമാതാവിന്റെ തനിവഴിക്കാരായ 'മാനംമര്യാദയായി വളർത്തപ്പെടുന്ന'' കത്തോലിക്കാ യുവതികളും ഇതിൽ നിന്നു് വ്യത്യസ്തമാവുമോ? അവര

യിൻറ്. ഈ വാസ്തവം തുറന്നു വെച്ചു വർ പത്രപംക്തികളും മറിച്ചു നോക്കാറുണ്ടോ? അവിടെ ആത്മഹത്യയുടെ വാർത്തകളും വായിക്കാറുണ്ടോ? അക്കൂട്ടത്തിൽ കത്തോലിക്കാ വനിതകളും ഇല്ലേ?'' അവിവാഹിതയായ ഒരു യുവതിയുടെ മൃതദേഹം കിട്ടിയെന്നും അന്വേഷണത്തിൽ അവരും ഗർഭിണിയാണെന്നു് കാണുകയുണ്ടായെ''ന്നുമുള്ള വാർത്തകളും ഇടക്കിടെ നാം വായിക്കുന്നില്ലേ? ഇതിനു കാരണമെന്താണു്? തക്ക സമയങ്ങളിൽ മക്കളെ അവർ അർഹിക്കുന്ന അന്തസ്സിൽ പ്രവേശിപ്പിക്കുവാൻ മാതാപിതാക്കന്മാർ മുതിരാത്തതുകൊണ്ടല്ലെന്നു് പറയാമോ? നാടും വീടും വിട്ടിറങ്ങിപ്പോയി ആത്മഹത്യ ചെയ്യ കാമുകിമാരുടെ ലിസ്റ്റിൽ വിവാഹപ്രായം തെറ്റിയ കത്തോലിക്കാ യുവതികളില്ലേ? ''വിവാഹം കഴിക്കാൻ സാധിക്കാത്തതിൽ ഞാൻ ആത്മഹത്യ ചെയ്യുന്നു'' എന്നവർ എഴുതി വെച്ചിട്ടില്ലെന്നതാണോ കത്തോലിക്കാ യുവതികൾ ആത്മഹത്യ ചെയ്തിട്ടില്ലെന്നു് ഉറപ്പിച്ചു പറയുവാൻ നിദാനം? (ഓ അല്ലെങ്കിൽ അവർ മാനം മര്യാദയായി വളർത്തപ്പോടാത്തവരായിരിക്കാം.) എങ്കിലും അവർ കത്തോലിക്കരാണു്. കത്തോലിക്കരെപ്പറ്റിയാണു് ഞാൻ മുൻലേഖനത്തിൽ പ്രതിപാദിച്ചിട്ടുള്ളതും.

''അധ:സ്ഥിതരും അശരണരും അനഭ്യസ്തരുമായ സാധുയുവതികൾ''ക്കുവേണ്ടി വ്യഗ്രതപ്പെടുന്നതു് അഭിനന്ദനീയമാണെന്നു് തുറന്ന സമ്മതിച്ചിരിക്കുന്നു. മുമ്പു പറഞ്ഞ, 'വിവാഹം നിർബന്ധിതമല്ലാത്ത കൂദാശ' എന്ന പ്രയോഗം പാവങ്ങളിൽ സാക്ഷാൽക്കരിക്കപ്പെട്ടുകയില്ലെന്നുണ്ടോ? അതോ 'മാനംമര്യാദയോയി' വളർത്തപ്പെടാത്തതുകൊണ്ടു് പാവങ്ങൾ വികാരത്തിനടിമകളാണോ?

മേൽത്തരം ഒരു 'കറവപ്പശു'വിനെ കൊതിച്ചിട്ടു് കിട്ടാഞ്ഞതിൽ നൈരാശ്യം പൂണ്ട ഒരു യുവാവിന്റെ കാര്യം കഴിഞ്ഞ ലേഖനത്തിൽ ഞാൻ ഉദാഹരിച്ചിട്ടില്ല. എന്റെ ഉദാഹരണത്തിലെ പിതാവു് നിസ്സഹായനും നിസ്വനുമാണെന്നു് ധനികരുടെ വീടുകളിലെയാണു്? അയാളെ സംരക്ഷിക്കുവാനുള്ള ഭാരം 'ആ കറവപ്പശുക്കുട്ടി' ഏറ്റെടുക്കാൻ തയ്യാറായില്ലെന്നുള്ളതുംവ്യവിടുന്നു കിട്ടി? കേവലം വാദപ്രതിവാദത്തിനു വേണ്ടി മാത്രം വസ്തുതകളെ വളച്ചൊടിക്കുവാനും ഇല്ലാത്തവർക്കു് ശാപം കൊടുക്കാനും മുതിരുന്നതു് അപലപനീയമാണു്.

ഭാരം പേറി സ്വന്തം മകളെ പഠിപ്പിച്ചു് ഉദ്യോഗസ്ഥയാക്കുന്നതു് അവസാനകാലത്തു് ഒരു താങ്ങാകുവാൻ വേണ്ടിയാണെന്നാണു് ലേഖിക സമർത്ഥിക്കുന്നതു്. അങ്ങനെയെങ്കിൽ ജീവിതാന്ത്യം വരെ അവിവാഹിതയായി തന്നെ സംരക്ഷിച്ച ആ ഉദ്യോഗസ്ഥയെ ആരുടെ കയ്യിൽ ഏല്പിച്ചിട്ടു് ആ പിതാവു് കണ്ണടക്കും? സമാധാനത്തോടെ ആ പിതാവു് അന്ത്യശ്വാസം വലിക്കുന്നതെങ്ങനെ? പിതാവു മരിച്ചു കഴിഞ്ഞാൽ ഏകാകിനിയായ ആ ഉദ്യോഗസ്ഥ എങ്ങനെയെങ്കിലും ജീവിച്ചോട്ടെ എന്നാണോ ഉദ്ദേശിക്കുന്നതു്? ഒരു അവിവാഹിയായിരുന്നെങ്കിൽ ഈ മുട്ടന്യായം അവതരിപ്പിക്കുവാൻ ലേഖിക തയ്യാറാകുമായിരുന്നോ?

പെണ്ണിനു് പ്രായം കൂടുന്തോറും ആളെക്കിട്ടാൻ വിഷമമാണെന്നു് ലേഖിക സമ്മതിക്കുന്നുണ്ടു്. അവസാനം വരെ പിതാവിനെ ശുശ്രൂഷിച്ചു കഴിയുമ്പോഴും ഉദ്യോഗസ്ഥയുടെ പ്രായം കൂടുമോ? കെട്ടപ്രായം കഴിഞ്ഞിട്ടും യുവതികളും അവിവാഹിതരായി നില്ക്കുന്നതിൽ 'അനുഭവപരിചയമുള്ള ഒരുവനും, പാവപ്പെട്ട പിതാക്കന്മാരിൽ അലസമനോഭാവവും സ്വാർത്ഥലാഭേച്ഛയും ആരോപിക്കുന്നതല്ലതു്! തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളുടെ വേലിക്കെട്ടുകൾക്കകത്തു മാത്രം ഒതുങ്ങിനിന്നു് ചിന്തിച്ചതുകൊണ്ടാണു് ഇത്തരമൊരു വിധിതീർപ്പിൽ എത്തേണ്ടിവന്നതു്. ആ വിധിതീർപ്പു് തെറ്റാണെന്നു് തിരുവിതാംകൂറിലെ തന്നെയും മലബാർ പ്രദേശങ്ങളിലെയും ധാരാളം ഉദാഹരണങ്ങളും എടുത്തു കാട്ടി തെളിയിക്കുവാൻ സാധിക്കുമെന്നു് ഞാൻ കരുതുന്നു. കിണറ്റിൽ കിടക്കുന്ന തവളക്കു് ആ കിണറു് മാത്രമാണു് ലോകം എന്നു തോന്നുന്നതുപോലെയുള്ള ഒരനുഭവമാണു് ലേഖനകർത്രിയുടേതു്.

പെണ്ണിനു് വിദ്യാഭ്യാസവും ഉദ്യോഗവും കൂടുന്തോറും സ്ത്രീധനത്തിന്റെ റേറ്റും ചെലവിന്റെ മാനദണ്ഡവും കൂടും. ഒരു പരിധി വരെ ഇതു ശരിയാവാം. എന്നാൽ സാധാരണഗതിയിൽ വിദ്യാഭ്യാസമുള്ള യുവാക്കന്മാർ സ്ത്രീധനത്തെക്കാളും 'സ്ത്രീ' എന്ന 'ധന'ത്തെയാണു് കാംക്ഷിക്കുന്നതെന്നു് അല്പം വിശാലമായി ചിന്തിച്ചാൽ മനസ്സിലാക്കുവാൻ സാധിക്കും. ഒരു കാര്യം ശരിയാണു്. വിവാഹമാർക്കറ്റിൽ ചിലവാകാത്ത 'മുടങ്ങാച്ചരക്കു' കൾക്കു് റേറ്റു് കൂടിയേക്കാം. അതിന്റെ ഉത്തരവാദിത്വം പെണ്ണിന്റെ ഉദ്യോഗത്തിൽ കെട്ടിവയ്ക്കുന്നതു് ശരിയല്ല.

സ്ത്രീധനം കൊടുത്തേ വിവാഹം നടക്കൂ, എങ്കിൽ അതു വേണ്ടായെന്നു് ദൃഢപ്രതിജ്ഞ എടുത്തിട്ടുള്ള ഉദ്യോഗസ്ഥകളേയും, സാധുക്കളായ സ്വജനങ്ങളുടെ സംരക്ഷണാർത്ഥം വിവാഹജീവിതം വേണ്ടെന്നു് വച്ചിട്ടുള്ള മാന്യനിരകളേയുംപറ്റി ധാരാളം അറിവുണ്ടെന്നു് ലേഖിക അഭിമാനിക്കുന്നു. ഉണ്ടാവാം. എന്നാൽ യാഥാർത്ഥ്യത്തിൽ നിന്നു് വഴുതിവീണു തുടങ്ങിയിട്ടും വിവാഹജീവിതം നയിക്കുവാൻ സാധിക്കാത്തതിൽ പ്രതീക്ഷകളും പ്രത്യാശകളും ചവുട്ടടിഞ്ഞു മുഖോവുങ്ങളുമായി വീടിന്റെ ജനാലക്കൽ മണിക്കൂറുകളോളം നിരാശയിൽ നിന്നും ഉൽഭൂതമായ നിശ്വാസവുമായി നോക്കിനില്ക്കുന്ന ഹതഭാഗ്യകളായ കത്തോലിക്കായുവതികളെപ്പറ്റി എനിക്കറിയാം.

കൊട്ടേഷൻ കണ്ടുകൊണ്ടു് എന്റെ ലേഖനത്തിലെ അവസാനവാചകം ഏതോ ഒരു പുരോഗമനസാഹിത്യകാരന്റേതെന്നു് തെറ്റിദ്ധരിച്ചിരിക്കുന്നു. ചുറ്റുപാടുകളെ കുറെയൊക്കെ നിരീക്ഷിക്കാൻ കഴിഞ്ഞതിൽ നിന്നുരുവെടുത്ത, പരമാർത്ഥങ്ങളെ കോർത്തിണക്കിയ ഏതാനും വാക്കുകളാണതു്. സംശയിക്കേണ്ട.

കറവപ്പശുക്കളുടെ വരുമാനം ഇഹരിച്ചു് വിവാഹത്തിനൊരുങ്ങരുതെന്ന ഉപദേശം നന്ദിപൂർവ്വം സ്വീകരിക്കുന്നു. അതോടൊപ്പം കറവപ്പശുക്കളുടെ ആദായം പ്രതീക്ഷിച്ചു് ''സ്വാർത്ഥലാഭേച്ഛയിന്റെ പേരിൽ കുടുംബമാകുന്ന കുറിയിൽ കെട്ടിയിട്ടു് അവളുടെ യുവത്വം അതിനടുത്ത പ്രതീക്ഷകളും വാടുവോളം കുറഞ്ഞെടുത്തു് അവസാനം അരക്കാശിന്റെ വിലയില്ലാത്ത പാഴ്ചരക്കായി അവളെ അധ:പ്പതിപ്പിക്കുവാൻ'' നിങ്ങളെപ്പോലുള്ള രക്ഷിതാക്കളും മുതിരരുതു്. അങ്ങിനെ ചെയ്യുന്നെങ്കിൽ അവരുടെ ഓരോ തുള്ളി കണ്ണുനീരും ഓരോ നിശ്വാസത്തിനും പരിപൂർണ്ണ ഉത്തരവാദിത്വം നിങ്ങൾക്കായിരിക്കും.

ഏതായാലും ശ്രീമതി അന്നാമ്മ മാമ്മന്റെ ലേഖനം കുറെയൊക്കെ തെറ്റിദ്ധാരണകളിൽ നിന്നു് ഉപമെടുത്തതാണെന്നു് പറയാതെ തരമില്ല. സകലതും ത്യജിച്ചു് കന്യകാലയത്തിന്റെ മതിൽക്കെട്ടിനുള്ളിൽ കഴിയുന്ന യുവധീരകളെ ഞാൻ മറന്നില്ല: പാടുപെട്ടു് ഭൂണഭാരം പേറി മക്കളെ പഠിപ്പിച്ചു് ഉദ്യോഗസ്ഥകളാക്കിയ പിതാക്കന്മാരെ ഞാൻ കല്ലെറിഞ്ഞില്ല: കുടിപാർത്തിരുന്ന വീടും പറമ്പും വിറ്റു് പെൺമക്കളെ വിവാഹിതരാക്കി അയച്ച രക്ഷിതാക്കളെ

ലേഖകരുടെ ശ്രദ്ധയ്ക്കു്

കടലാസ്സിന്റെ ഒരു വശത്തു മാത്രം വൃത്തിയായി ലേഖനം എഴുതുക, ലേഖകരുടെ ഫോട്ടോയും അഡ്രസ്സും അയയ്ക്കുക, തിരിച്ചു കിട്ടണമെന്നുള്ളവർ അതിനനുയോജ്യമായ കവറും സ്റ്റാമ്പും അയച്ചിരിക്കുക, ഒന്നാം തീയതിക്കു മുമ്പു കിട്ടത്തക്കവണ്ണം ലേഖനം എഴുതി അയയ്ക്കുക, ലേഖനം മാസികയുടെ വലിപ്പത്തിലുള്ള രണ്ടു പേജിൽ കവിയാതെ സൂക്ഷിക്കുക, പുതിയ അവതരണരീതികളും നവീന വിഷയങ്ങളും സ്വീകരിക്കുക എന്നീ കാര്യങ്ങളിലേക്കു് മാന്യലേഖകരുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

"ദാസനും" "യുവഭാര

ധൈര്യം വെടിയാത്ത പത്രപ്രവർത്തനംകൊണ്ടു എ. കെ. സി. സി. യെയും സഭയെയും ജനാധിപത്യ നീതിയെയും സംരക്ഷിച്ച ശ്രീ. എം. എം. വക്കി തന്റെ ജീവിതാനുഭവത്തിൽ നിന്നു ഒരേട് നിവർത്തിവച്ചിരിക്കുന്നു. ആത്മാർത്ഥതയും അത്യധ്വാനവും മുറിനിലുന്ന അദ്ദേഹത്തിന്റെ ജീവിതം സമുദായാഭിമാനികൾക്കു മാതൃകായോഗ്യമാണു്.

കത്തോലിക്കാ സമുദായത്തിന്റെ രാഷ്ട്രീയാവശ്യകതകൾ മാത്രമല്ല 'ദാസൻ' കൈകാര്യം ചെയ്തിരുന്നതു്. സമുദായത്തിന്റെ സാമൂഹ്യവും സാഹിത്യപരവുമായ ഉന്നമനത്തിലും 'ദാസൻ' പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ദാസനിൽ രംഗപ്രവേശം ചെയ്തു് എഴുതിത്തെളിഞ്ഞ പല കത്തോലിക്കാ സാഹിത്യകാരന്മാരുമുണ്ടു്. യുവലേഖകന്മാർ എഴുതി അയയ്ക്കുന്നവയിൽ ഭാഷാപരമായും മറ്റും വേണ്ട സംസ്കരണം നടത്തി പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു് അവർക്കു് ലേഖനവിദ്യയിൽ ഒരു ആശ്വാസമുണ്ടാക്കുന്നതിനു കാരണമായിത്തീർന്നു. ആധുനിക മലയാളഗദ്യത്തിന്റെ ആദ്യമാതൃകയും മലയാളത്തിലെ ഒന്നാമത്തെ യാത്രാവിവരണഗ്രന്ഥവുമായ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ "വർത്തമാനപുസ്തകം" ആദ്യമായി വെളിച്ചത്തു കൊണ്ടുവന്നതു് ദാസനാണു്. ഉത്തരേന്ത്യയിലെ ഒരു കത്തോലിക്കാമഹാറാണിയായിരുന്ന ബീഗംസമ്രുവിന്റെ ചരിത്രം പ്രസിദ്ധീകരിച്ച ചുറുപാടു് മുൻപൊരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ദാസനിൽ ആ ചരിത്രപരമ്പര വരുന്നതുവരെ ആ മഹാറാണിയെപ്പറ്റി കേരളീയർ കേട്ടിട്ടുതന്നെ ഉണ്ടായിരുന്നില്ല.

കത്തോലിക്കരുടെ സാമൂഹ്യസംഘടനയായ കേരളകത്തോലിക്കാ മഹാജനസഭയുടെയും പിന്നീടു കത്തോലിക്കാ കൊൺഗ്രസ്സിന്റെയും കാര്യത്തിൽ അദ്യം മുതൽതന്നെ 'ദാസൻ' താല്പര്യം പ്രകടിപ്പിച്ചിരുന്നു. കത്തോലിക്കർക്കു് സംഘടിക്കാതെ രക്ഷയില്ലെന്നുള്ള വസ്തുത തിരുവനന്തപുരത്തുചെന്നു് അധികം കഴിയുന്നതിനു മുൻപുതന്നെ എനിക്കു ബോദ്ധ്യമായി. തന്മൂലം സംഘടനാകാര്യങ്ങളിലേയ്ക്കു സമുദായത്തിന്റെ സവ്വശ്രദ്ധയും തിരിക്കുന്നതിനു വേണ്ട ഉദ്ബോധനങ്ങളും നൽകുന്നതിൽ ദാസൻ അമാന്തം കാണിച്ചില്ല. കത്തോലിക്കകോൺഗ്രസ് വാഷ്കത്തോടു് അനുബന്ധിച്ചു് ദാസൻ പ്രസിദ്ധം ചെയ്ത പൂസ്തകരൂപത്തിലുള്ള വിശേഷാൽപ്രതി ഏവരുടെയും അഭിനന്ദനത്തിനു പാത്രമായി. ഒരു കത്തോലിക്കാപത്രം കേരളത്തിൽ ആദ്യമായി ഒരു വിശേഷാൽപ്രതി ഇറക്കിയതു് ദാസന്റെ ഈ പ്രസിദ്ധീകരണം വഴിയായിരുന്നു. കത്തോലിക്കാ സമുദായത്തിലെ അന്നത്തെ മിക്ക എഴുത്തുകാരും അതിൽ അണിനിരന്നു എന്നു മാത്രമല്ല, സമുദായത്തിന്റെ അഭിവൃദ്ധിക്കു് ആവശ്യമായ വിവിധ വിഷയങ്ങളെപ്പറ്റി അതിൽ പ്രതിപാദിക്കുകയും ചെയ്തിരുന്നു

തിരുവനന്തപുരത്തെ താമസംകൊണ്ടു, രാഷ്ട്രീയമായ കരുനീക്കങ്ങളുടെ ഗതിവിഗതികളും ഉടനടൻ അറിയുന്നതിനുള്ള സന്ദർഭങ്ങളും എനിക്കു ധാരാളമുണ്ടായിട്ടുണ്ടു്. ആ അറിവു ഉപയോഗിച്ചു് മറ്റുവിധത്തിൽ സംഭവിക്കാമായിരുന്ന പല ദോഷങ്ങളും നിവാരണംചെയ്യുന്നതിനു സാധിച്ചിരുന്നു. അതിലൊന്നാണു് ആലുവാ മംഗലപ്പുഴ സെമ്മിനാരി സ്ഥിതിചെയ്യുന്ന സ്ഥലംസംബന്ധിച്ചുള്ളതു്. കത്തോലിക്കർക്കു ഒരു സെമിനാരി സ്ഥാപിക്കുന്നതിനു ഒരുക്കപ്പെട്ടിരുന്ന ആ സ്ഥലം മറ്റൊരു കൂട്ടർക്കു പതിച്ചുകൊടുക്കുന്നതിനു് ഗവണ്മെൻറു ലവലിൽ ഗൂഢമായ ഒരു ശ്രമം ദിവാൻ ഒപ്പുവയ്ക്കുന്ന ഘട്ടം വരെ എത്തി. ആ വിവരം എനിക്കു രഹസ്യമായി ലഭിച്ചു. ഞാനതു ഉടനെ പത്രമുതലപ്പെട്ട സഭാധികാരികളെ അറിയിച്ചുവെന്നു മാത്രമല്ല, സ്വന്തനിലയിൽ ദിവാനൊരു കത്തയയ്ക്കുകയും ചെയ്തു. കത്തോലിക്കരുടേതായ ആ സ്ഥലം അന്യായമായി കൈമാറാം ചെയ്താൽ അതേപ്പറ്റി ശക്തിയായ പ്രക്ഷോഭണമുണ്ടാകുമെന്നു ആ കത്തിൽ വ്യക്തമാക്കിയിരുന്നു. വിവരം ഗ്രഹിച്ച വസ്തുവുടമസ്ഥർ അനങ്ങിത്തിരിഞ്ഞു തിരുവനന്തപുരത്തു എത്തുന്നതിനു മുമ്പായിതന്നെ ദിവാൻജിയെക്കൊണ്ടു് ആ ശ്രമം നിഷ്ഫലമാക്കിത്തീർത്തു.

ഈ വിധത്തിൽ ഞാനുമായി ബന്ധപ്പെട്ട മറ്റൊരു സ്ഥാപനമാണു് ചങ്ങനാശ്ശേരി സെൻറു ബർക്കുമാൻസു കോളേജു്. ആ കോളേജിന്റെ ആരംഭകനും ജീവനാഡിയുമായിരുന്നതു് യശശ്ശരീരനായ ഫാദർ മാത്യു പുരയ്ക്കൽ, എം. എ. ആയിരുന്നല്ലോ. മഹാനായ ഒരു വിദ്യാഭ്യാസപ്രവർത്തകനും സ്ഥിരോത്സാഹിയുമായിരുന്നഅദ്ദേഹത്തിനു വലിയൊരു ഹൃദയമാണുണ്ടായിരുന്നതു്. തന്റെസകല താല്പര്യങ്ങളും ജീവിതംതന്നെയും കോളജിനുവേണ്ടി ഉഴിഞ്ഞു വച്ചിരിക്കുകയായിരുന്നു. ദാസനു് അദ്ദേഹം ചെയ്തതന്നിട്ടുള്ള സഹായം ഒരു കാലത്തും വിസ്മരിക്കത്തക്കതല്ല. ദാസന്റെ വിതരണം സംബന്ധിച്ചു് ഏതാണ്ടു് എഴുപതു കേന്ദ്രങ്ങളിലെ ഏജൻറായിരുന്ന ഫാദർ പുരയ്ക്കലെന്നു പറഞ്ഞാൽ, അദ്ദേഹത്തിന്റെ സഹായഹസ്തം എത്രമാത്രം ശക്തമായിരുന്നു എന്നു മനസ്സിലാക്കാമല്ലോ. വരിക്കാരെ ചേർക്കുക, അവരിൽനിന്നു് വരിസംഖ്യ പിരിച്ചയച്ചുതരിക മുതലായ എല്ലാ പ്രമുതലകളും സ്വന്തം കാര്യമെന്നപോലെയാണു് അദ്ദേഹം വഹിച്ചിരുന്നതു്. തിരുവനന്തപുരത്തു വരുമ്പോഴൊക്കെ ദാസൻ ആഫീസായിരുന്നു അദ്ദേഹത്തിന്റെ സങ്കേതം. ഞങ്ങളും തമ്മിൽ ദൃഢമൂലമായിരുന്ന ഈ സ്നേഹബന്ധംകൊണ്ടു് കോളജു് സംബന്ധമായ പല കാര്യങ്ങൾക്കും ഞാൻ ഒരു കൂട്ടാളിയായിരുന്നിട്ടുണ്ടു്. ഗവണ്മെൻറിൽ നിന്നും സാധിക്കേണ്ട നിരവധി കാര്യങ്ങളിൽ അദ്ദേഹം എന്നെ പ്രമുതലപ്പെടുത്തുകയും വിശ്വസ്തതാപൂർവ്വം ഞാനതു നിവ്വഹിക്കുകയും ചെയ്തിട്ടുണ്ടു്. ഈ കോളജ്കാര്യം സംബന്ധിച്ചു് അനേകപ്രാവശ്യം എനിക്കു ചങ്ങനാശ്ശേരിക്കു യാത്രചെയ്യേണ്ടിവന്നിരുന്നു. ചങ്ങനാശ്ശേരിയിൽ പാറയിൽ ആയിരുന്ന അദ്ദേഹത്തിന്റെ താമസം: പല രാത്രികളും ഞാൻ അവിടെ കഴിച്ചുകൂട്ടിയിട്ടുണ്ടു്. ഇന്നു് ആ കോളജ് കെട്ടിടങ്ങളും കാണുമ്പോഴും അതേപ്പറ്റി ഓർക്കുമ്പോഴും, ഉറക്കമൊഴിച്ചിരുന്നും ക്ലേശകരമായ ബസ്സുയാത്രചെയ്തും അതുകെട്ടിപ്പടുക്കുവാൻ അത്യധ്വാനംചെയ്തിരുന്ന ബ. പുരയ്ക്കലച്ചന്റെ രൂപവും അദ്ദേഹമൊരുമിച്ചു് അതിനുവേണ്ടി എന്നാൽ കഴിവുള്ളതു ചെയ്തിരുന്ന കാലഘട്ടവുമാണു് സ്മരണയിൽ തള്ളിക്കയറി വരുന്നതു്. കോളജുമായുള്ള ബന്ധം വിട്ടതിനുശേ

ളെ ഞാൻ അവഹേളിച്ചില്ല. പ്രത്യുത പെൺമക്കളെ പഠിപ്പിച്ചു് ഉദ്യോഗസ്ഥകളാക്കി കറവപ്പശുക്കളെപ്പോലെ അവരുടെ വരുമാനം ഊറിഊറി എടുക്കുകയും കണ്ണീരിന്റെ ശ്മശാനത്തിലേക്കു് തള്ളിവിടുകയും നിരാശയുടെ കഴിമാടത്തിൽ അവസാനം സംസ്ക്കരിക്കുകയും ചെയ്യുന്ന സ്വാർത്ഥലാഭേച്ഛുക്കളായ മാതാപിതാക്കന്മാരെയാണു് ഞാൻ വിമർശിച്ചതു്.

'കറവപ്പശുവെന്ന വിളിച്ചാൽ' എന്ന ഭീഷണിപ്പെടുത്തലിനും ഹാലിളക്കത്തിനും മാത്രം കാരണമെന്താണെന്നു് മനസ്സിലാകുന്നില്ല. 'കറവപ്പശു'വെന്ന വിളിച്ചു് ഞാൻ സ്ത്രീസമുദായത്തെ അവഹേളിച്ചു എന്നു് വരുത്തി എന്തു് നേടുവാനാണു്?

തി''യും വഹിച്ചപങ്കു്.

എം. എം. വർക്കി. മൂക്കഞ്ചേരിൽ

ഷവും അദ്ദേഹം എന്റെ കാര്യത്തിൽ അത്യന്തം തല്പരനായിരുന്നു. ഒരു ഉറച്ച സുഹൃത്തായ സ്നേഹിയായിരുന്നതുപോലെ തന്നെ ഒരുതികഞ്ഞമനുഷ്യസ്നേഹിയുമായിരുന്ന അദ്ദേഹം. അതിനുദാഹരണമായി എനിക്കു നേരിട്ടനുഭവപ്പെട്ട അനവധി കാര്യങ്ങളിൽ ഒന്നുമാത്രം പറയാൻപോകുന്നു. വിസ്തരഭയത്താൽ അതിനു് ഉദ്യമിക്കുന്നില്ലെന്നു മാത്രം.

ഏഴുകൊല്ലത്തെ ആയുസ്സേ ദാസനുണ്ടായിരുന്നുള്ളൂ. 1933 ഏപ്രിൽ 5-ാം തീയതി തിരുവിതാംകൂർ ഗവണ്മെന്റു് അതിന്റെ ലൈസൻസു റദ്ദുചെയ്തു. ദാസന്റെ മാർച്ച 25-ാം തീയതിയിലെ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയ The Taught Errant എന്ന മുഖപ്രസംഗം അന്നത്തെ ദേശാധികാരികൾക്കു് പിടിച്ചില്ലെന്നുള്ളതാണു് ഈ കടുംകൈക്കു് പെട്ടെന്നുണ്ടായ കാരണം. അന്നു സർ സി. പി. രാമസ്വാമി അയ്യർ തിരുവിതാംകൂറിലെ ഒരു ഉദ്യോഗസ്ഥനാകാതെ തിരുവിതാംകൂർ ഭരണകാര്യങ്ങളിൽ കൈകടത്തിക്കൊണ്ടിരുന്നു മഹാരാജാവിന്റെ രാഷ്ട്രിയോപദേഷ്ടാവായി വാണരുളുകയായിരുന്നു. തിരുവിതാംകൂറിലെ സമുദായങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുന്നതിനും ഒരു സമുദായത്തെ മാത്രം പ്രീണിപ്പിക്കുന്നതിനും അദ്ദേഹം സ്വീകരിച്ചുപോന്ന അടവുകളെ ആ മുഖപ്രസംഗത്തിൽ നഗ്നമായും ശക്തിയായ ഭാഷയിലും എടുത്തു കാണിച്ചിരുന്നു. കൂടാതെ ഐ. സി. എസ്. കാരനും വെള്ളക്കാരനുമായ അന്നത്തെ ദിവാൻ മി. ആസ്റ്റിന്റെ ആരേയും ലജ്ജിപ്പിക്കുന്ന നട്ടെല്ലില്ലായ്മയേയും തികഞ്ഞ അപ്രാപ്തിയേയും അതിൽ നിർദ്ദയം വിമർശിക്കുകയും ചെയ്തിരുന്നു.

എന്നാൽ, ദാസനെ ഇല്ലായ്മ ചെയ്യുന്നതിനു കാരണം ഇതൊന്നുമല്ലായിരുന്നു. സർ സി. പി. യുടെ പുതിയ ഭരണപരിഷ്ക്കാരത്തെ നഖശിഖാന്തം എതിർക്കുക മാത്രമല്ല, പരിഷ്കരിക്കുന്നതിനും 'ദാസൻ' നിരന്തരമായി നടത്തിപ്പോന്ന ശ്രമങ്ങളേയും അതു സംബന്ധിച്ചുള്ള ക്രൈസ്തവ-ഈഴവ-മുസ്ലീം സമുദായങ്ങളുടെ പ്രക്ഷോഭണത്തെയും അടിച്ചമർത്താനുള്ള അദ്ദേഹത്തിന്റെ നിഷ്ഠുരപരിപാടിയുടെ ഒരു ഭാഗമായിരുന്ന 'ദാസൻവധം.' ദാസൻ ഇല്ലാതായാൽ പ്രക്ഷോഭണം താനേ കെട്ടടങ്ങുമെന്നായിരുന്നു സർ സി. പി.യുടെയും സിൽബന്ധികളുടെയും കണക്കുകൂട്ടൽ. പക്ഷേ, അതിബുദ്ധിമാനായ, എന്നാൽ ഒരു രാഷ്ട്രീയതന്ത്രജ്ഞനല്ലാത്ത അദ്ദേഹത്തെ കവച്ചുവയ്ക്കാൻ എനിയ്ക്കൊരു പ്രയാസവുമുണ്ടായില്ല. 1933 ഏപ്രിൽ 5-ാംതീയതിയാണല്ലൊ ദാസന്റെലൈസൻസു് റദ്ദാക്കിയതു്. അതുകഴിഞ്ഞു ഒരു മാസം തികയുന്നതിനുമുമ്പു് അതായതു് ഏപ്രിൽ 29-ാംതീയതി, ദാസന്റെ സ്ഥാനത്തു് ''യുവഭാരതി'' എന്ന പേരിൽ എന്റെ സർവ്വാധിപത്യത്തിൽതന്നെ വേറൊരു പത്രം പുറത്തുവന്നു. ദാസനിലേതിനേക്കാളും ശ്രുക്ഷതരമായ വിമർശനങ്ങളോടെയായിരുന്ന ''യുവഭാരതി'' യുടെ പുറപ്പാടു് ദാസന്റെ ലൈസൻസു് റദ്ദു് ചെയ്തതിനെ ശക്തിയായി ആക്ഷേപിച്ചുള്ള ലേഖനങ്ങളും പ്രസ്താവനകളുമായിരുന്ന ഏറെനാളും 'യുവഭാരതി'യിലെ ഉള്ളടക്കം മാത്രമല്ല, ആ ലൈസൻസു് റദ്ദാക്കാൻ സംയുക്തസമുദായങ്ങളുടെ പ്രക്ഷോഭണത്തിനു് ശക്തികൂട്ടാൻ യുവഭാരതിയുടെ പംക്തികളും എല്ലാവിധത്തിലും വിനിയോഗിക്കുകയുംചെയ്തു. ഇതു് അന്നത്തെ തലതിരിഞ്ഞ ഭരണാധികാരികൾക്കു് കനത്ത ഒരു അടിയായിരുന്നു. എന്നാൽ, ഇവിടംകൊണ്ടും 'ദാസൻവധ'പ്രക്ഷോഭണം അവസാനിപ്പിച്ചില്ല. ലൈസൻസു് റദ്ദാക്കാൻ ഗവണ്മെന്റു കയറിപ്പിടിച്ച ആ സുപ്രസിദ്ധ മുഖപ്രസംഗവും, ആ ഗവണ്മെന്റുത്തരവിനേൽ അപ്പീലായി, ആ പ്രസംഗത്തേക്കാളും ശതമടങ്ങു് ശക്തിമത്തായ ഒരു വിമർശനവും, അതിനേയെല്ലാം സാധൂകരിക്കാൻ പറ്റുന്ന ഒട്ടേറെ രേഖകളും ചേർത്തു് ലൈസൻസു് റദ്ദാക്കിയ ആറാഴ്ചയ്ക്കുള്ളിൽ, ഒരു മെമ്മോറിയൽ തയ്യാറാക്കി ഗവണ്മെന്റിനു സമർപ്പിക്കുകയും അതു് Before The Government of Travancore'' (തിരുവിതാംകൂർ ഗവണ്മെന്റിന്റെ മുമ്പാകെ) എന്ന പേരിൽ എത്രയും ആകർഷകമായവിധം പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. മേയ് 18-ാംതീയതിയാണു് ഇംഗ്ലീഷ്ഭാഷയിൽ തയ്യാറാക്കിയ ഈ മെമ്മോറിയൽ ഗവണ്മെന്റിലേക്കു സമർപ്പിച്ചതും പ്രസിദ്ധപ്പെടുത്തിയതും. ഇതിന്റെ 1,000 കോപ്പികളും നാട്ടിലും പുറത്തുമായി അധികാരികൾ, നേതാക്കന്മാർ, പത്രക്കാർ എന്നിവരുടെ ഇടയിൽ സൗജന്യമായി വിതരണംചെയ്തു. 1,000 കോപ്പികളും ഒന്നിനു് ഒന്നേകാൽ രൂപാ വച്ചു വില്പനയുണ്ടായി. ക്രൗൺ നാലിലൊന്നു സൈസിൽ 112 പുറങ്ങളും അടങ്ങിയതാണു് ഈ മൂന്നാം പതിപ്പു്. ഇതിൽ 23 പേജുകളും അടങ്ങുന്ന അവതാരികയും, 19 പേജുകളിൽ മെമ്മോറിയലും, 70 പുറങ്ങളിൽ 25 അനുബന്ധങ്ങളുമാണു് അടങ്ങിയിരിക്കുന്നതു്. അന്നത്തെ രാഷ്ട്രീയതിരുവിതാംകൂറിന്റെ ഒരു തനി ചിത്രമാണു് ഈ ഗ്രന്ഥമെന്നു് നിസ്സംശയം പറയാം. മൂന്നാം പതിപ്പു് മുഴുവനും (2000 കോപ്പികളും) സംയുക്തപ്രക്ഷോഭണാവശ്യത്തിനാണു് വിനിയോഗിച്ചതു്. ഇന്ത്യയിലും ബ്രിട്ടനിലും ഇതു ധാരാളമായി പ്രചരിച്ചു. ഇന്ത്യൻ സാമ്രാജ്യ നിയമസഭാമെമ്പറന്മാർ ബ്രിട്ടീഷ് പാർലമെന്റു് മെമ്പറന്മാർ എന്നിവരിൽ ഈ പുസ്തകത്തിന്റെ കോപ്പി കിട്ടാത്തവർ അക്കാലത്തു് ആരും കാണുകയില്ല. അത്ര വിപുലമായ തോതിൽ, അത്ര ആസൂത്രണം ചെയ്താണു് അവക്കിടയിൽ അതു പ്രചരിപ്പിച്ചതു്. ഈ ഗ്രന്ഥം വിറ്റു കിട്ടിയ വലിയ തുകയുമല്ല ലോകക്കിടയിലും അധികാരികൾക്കിടയിലും ഇതു് പ്രചരിപ്പിക്കാൻ തന്നെ വിനിയോഗിക്കുകയും ചെയ്തു. സർ സി. പി. യും കൂട്ടരും തീരെ പ്രതീക്ഷിക്കാത്ത ഒരു പോരായിരുന്നു ഇതു്. ഈ പോരു് സർ സി. പി. യുടെ നിലപാടിനെയും, തിരുവിതാംകൂറിലിരുന്നുകൊണ്ടുള്ള അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കളെയും അതിന്റെ തനിനിറം പത്തിനു വെളിച്ചത്തു കൊണ്ടുവരാൻ സഹായിച്ചു. എന്നു തന്നെയല്ല, സംയുക്ത സമുദായങ്ങളുടെ പ്രക്ഷോഭണത്തിന്റെ സാധുത്വവും അകൃത്രിമത്വവും ലോകക്കു മനസ്സിലാക്കികൊടുക്കുവാനും അതു വളരെയേറെ ഉപകരിച്ചു. ഈ ഗ്രന്ഥത്തെ നാട്ടിലും പുറത്തുമുള്ള അനേകം പത്രങ്ങളും അനുകൂലിച്ചും അനുഭാവത്തോടെയും വിമർശിക്കുകയുണ്ടായിട്ടുണ്ടു്. മാത്രമല്ല, വിദേശങ്ങളിൽ നിന്നും ഇന്ത്യയിൽ തന്നെ പല ഉന്നതസ്ഥാനങ്ങളിൽനിന്നും നാട്ടരാജ്യനേതാക്കളിൽ നിന്നും, ഇത്തരം വിജ്ഞാനപ്രദവും തോന്ന്യാസികളുടെ കരണത്തടിക്കുന്ന തരത്തിലുള്ളതുമായ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്താൻ സർ സി. പി. യുടെ വെല്ലുവിളിയെ ചങ്കൂറ്റപ്പോടെ നേരിട്ടതിനു് എനിക്കു വളരെ അധികം അഭിനന്ദനക്കത്തുകളും ലഭിക്കുകയുണ്ടായി,

എ. കെ. സി. സി.
ബുള്ളറ്റിൻ
വാർഷികവരിസംഖ്യ 3 ക.
ഒറ്റപ്രതി 25 ന.പ.

ഏ.ജെ.ജോൺസ് മാരകം

സമുദായാഭിമാനി, രാഷ്ട്രീയ നേതാവ്, കേരളത്തിലെ മുഖ്യമന്ത്രി, ഗവർണർ എന്നീ ഉന്നതനിലകളിൽ കേരളത്തിലും ഇന്ത്യയിലും അദമ്യമായ പ്രശസ്തിയാർജ്ജിച്ച ശ്രീ. ഏ.ജെ. ജോൺ ഇരുപതാംനൂറ്റാണ്ടിൽ കേരളകത്തോലിക്കസഭ കാഴ്ചവച്ച രാഷ്ട്രീയ—സാമൂഹ്യനേതാക്കളിൽ അഗ്രഗണ്യനാണ്. ഇന്നത്തെ നേതാക്കന്മാർ അദ്ദേഹത്തെ അനുകരിച്ചിരുന്നെങ്കിൽ!

ആര്യപുത്രൻ

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിൽ അല്പം മാറി കോട്ടയം—എറണാകുളം വഴിയിലായി ഒരു വെളിമ്പറമ്പിന്റെ വക്കിൽ പഴകി തുരുമ്പിച്ച ഒരു ബോർഡ് അപമാനഭാരത്തോടെ നിൽക്കുന്നതു കാണാം. ചായമടർന്നു വികലമായ അക്ഷരങ്ങൾ കൂട്ടിവായിക്കാൻ പ്രയാസം തോന്നുമെങ്കിലും ശ്രദ്ധാപൂർവ്വം പരിശോധിച്ചാൽ അതിലെഴുതപ്പെട്ടിരിക്കുന്ന വരികൾ ഏതാണ്ടു വ്യക്തമാകും:— ''ഏ. ജെ. ജോൺ സ്മാരകഹാൾ'' അതാണു പഴക്കംചെന്ന ആ ബോർഡ്. പേറിനിൽക്കുന്ന ഭാഗ്യഹീനമായ വരി.

പടർന്നുകയറിയ പുല്ലും തൊട്ടാവാടികളുമല്ലാതെ ആ വെളിമ്പറമ്പിൽ മറ്റൊന്നുമില്ല. ആരുടെയും മുതൽമുടക്കൊന്നും കൂടാതെ പ്രകൃതി നട്ടുവളർത്തിയിരിക്കുന്ന തൊട്ടാവാടിയും പുൽക്കൊടിയും ഒരു ഹാളായിക്കരുതാമെങ്കിൽ ദിവംഗതനായ ശ്രീ ഏ. ജെ. ജോണിനുള്ള സ്മാരകഹാളും അവിടെ തലയുയർത്തിനിൽക്കുന്നതായി കരുതുന്നതിൽ തെറ്റില്ല. ഭാവനയെ എത്രമാത്രം കൂട്ടുപിടിച്ചു ചിന്തിച്ചിട്ടും തൊട്ടാവാടികളെയും പുൽക്കൊടികളെയും ശ്രീ ഏ. ജെ. ജോണിനുള്ള സ്മാരകമായി കണക്കാക്കുവാൻ എന്റെ എളിയ ബുദ്ധി സമ്മതിക്കുന്നില്ല. അതുകൊണ്ട് ചിന്തിക്കുന്നവരുടെ കണ്ണിനും കാതിനും മുമ്പിൽ ഈ പ്രശ്നം വിനയപൂർവ്വം ഞാനവതരിപ്പിക്കുന്നു.

പരേതനായ ശ്രീ ഏ. ജെ; ജോൺ തിരു—കൊച്ചിയിലെ ഒരു കാലഘട്ടത്തെ പ്രതിനിധീകരിച്ചുവെന്നു പറഞ്ഞാൽ തെറ്റില്ല. ശ്രുതിഭമായ പൊതു പ്രവർത്തനപാരമ്പര്യം ശ്രീ ജോണിനുണ്ടായിരുന്നതുപോലെ മറ്റാർക്കെങ്കിലും ഉണ്ടായിരുന്നതായി കണ്ടുപിടിക്കാൻ ആർക്കും ഇന്നുവരെ കഴിഞ്ഞിട്ടുമില്ല. സത്യസന്ധനായ ഒരു ഭരണാധികാരി എന്ന നിലയിലും ആദർശധീരനായ ഒരു കോൺഗ്രസുകാരൻ എന്നനിലയിലും രാജ്യത്തെ നിഷ്കളങ്കമായി സേവിച്ച ആ ദേശസ്നേഹി ഇന്നു മദ്രാസ്സംസ്ഥാനത്തെ മൈലാപ്പൂരിലെ ആറടിമണ്ണിൽ വിശ്രമംകൊള്ളുന്നു. ''ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം'' എന്ന യേശുക്രിസ്തു അരുളിച്ചെയ്തു. നേരാണ്. പാരശാലമുതൽ കാസർകോടുവരെയുള്ള കേരളത്തിന്റെ ഭൂമിയിൽ ആദർശഘാതകർക്കും, സദാചാരവിധ്വംസകർക്കും ലഭിക്കുന്ന അനുമോദനവും സ്വീകരണവും കാണുമ്പോഴും ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനമെങ്കിലും ഉണ്ടാകട്ടെയെന്ന ആശംസ പ്രാർത്ഥിച്ചുപോകും. ശ്രീ ഏ. ജെ. ജോൺ ജീവിച്ചിരുന്നപ്പോഴും, അദ്ദേഹത്തിന്റെ ആത്മാവ് അപാരതയിൽ വിലയംപ്രാപിച്ചതിനുശേഷവും ആ സന്മനസ്സ് സമാധാനത്തോടെ കഴിഞ്ഞിട്ടുണ്ടാകുമെന്ന വിശ്വാസമൊന്നുമാത്രമാണ് അദ്ദേഹത്തെ സ്നേഹിച്ചാദരിക്കുന്നവർക്കുള്ള ഏകആശ്വാസം.

പ്രകാശധാവള്യം മുറ്റിനിൽക്കുന്ന ആ രാഷ്ട്രീയജീവിതത്തിന്റെ അദ്ധ്യായങ്ങളോരോന്നും നിറഞ്ഞ ആത്മാർത്ഥതയുടെയും സേവനമനഃസ്ഥിതിയുടെയും അക്ഷരങ്ങൾകൊണ്ടു മുദ്രണംചെയ്യപ്പെട്ടിരിക്കുന്നു. കളങ്കലേശമേശാത്ത പെരുമാറ്റവും പ്രവർത്തനവുംകൊണ്ട് കോൺഗ്രസ് തറവാട്ടിനു ഉത്തമനും ധീരനുമായ ഒരു പുത്രനായ മി. ജോൺ വളർന്നുവന്നു. സ്ഥാനമാനങ്ങളുടെ തിരക്കിട്ട രംഗത്തു അദ്ദേഹം തള്ളിക്കയറുകയോ 'കൃ'നിൽക്കുകയോ ചെയ്തില്ല. സ്ഥാനമാനങ്ങളാണ് അദ്ദേഹത്തെത്തേടി, അദ്ദേഹത്തിന്റെ ചുമലുകളിൽ സങ്കേതം കണ്ടെത്തുകയാണു ചെയ്തത്. ഒരു കൊച്ചുകുഞ്ഞിന്റെ സ്വഭാവത്തെ മ്ലേച്ഛതയോടെ അദ്ദേഹം ഭരണരംഗത്തും സംഘടനയിലും പ്രവർത്തിച്ചു.

കത്തോലിക്കാസമുദായം രാഷ്ട്രീയ വേദിയിലേക്കു സമർപ്പിച്ച ഏറ്റവും പ്രഗത്ഭനും ബഹുമാന്യനുമായിരുന്ന ശ്രീ ജോണെന്ന ആരും സമ്മതിക്കും. അദ്ദേഹത്തിനു എതിരാളികളായി ആരെങ്കിലുമുണ്ടായിരുന്നോ എന്നു സംശയമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തെത്തുടർന്നു ഒരു സ്മാരകഹാളെങ്കിലും പണിയുന്നതിനു ആരംഭശൂരത്വമാരായി കോട്ടയം ജില്ലാ കോൺഗ്രസ് നേതാക്കന്മാർ ഉടൻതന്നെ മുന്നോട്ടുവന്നിരുന്നു. പ്രമേയങ്ങളും ഏറെ പാസാക്കപ്പെട്ടു. പലരും തങ്ങൾ ഒരു മഹത്തായ കാര്യം ചെയ്യാൻ പോകുന്നെന്ന ഗമയിൽ തല സാധാരണയിൽകവിഞ്ഞു ഉയർത്തിനടന്നു. വർഷംതോറും മാറിമാറിവരുന്ന കോട്ടയം ഡി. സി സി. കളും സ്മാരകഹാളിനെക്കുറിച്ചു പ്രമേയവും ബഡ്ജറ്റും പാസാക്കി. കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ അവർക്കു അക്കാര്യത്തിൽ ഒരു ചെറുവിരലെങ്കിലും അനക്കാൻ കഴിഞ്ഞതില്ല. ഈ വഴിയിലൂടെ കടന്നുപോകുന്ന മുഴുവൻ മനുഷ്യരുടെയും മനഃസാക്ഷിയുടെമുമ്പിൽ ഒരു വെല്ലുവിളിപോലെ ഉയർന്നുനിൽക്കുന്ന ഈ ജീർണ്ണിച്ച ബോർഡിന്റെ മുന്നിൽ നിന്നുപ്രാർത്ഥിക്കുകയും അടുക്കും ചിട്ടയുമില്ലാതെ എന്റെ ചിന്തകൾ ചിറകുവിടർത്തി എങ്ങോട്ടെന്നില്ലാതെ പറക്കാൻ തുടങ്ങി.

ശ്രീ ഏ. ജെ. ജോൺ സമുദായത്തിൽ ഒരു കത്തോലിക്കനായിരുന്നു. രാഷ്ട്രീയത്തിൽ ഒരു കോൺഗ്രസ്സുകാരനും. സമുദായത്തിന്റെ നാവുപയോഗിച്ചു് അദ്ദേഹം ഒരിക്കലും രാഷ്ട്രീയവേദിയിൽസംസാരിച്ചില്ല. സമുദായത്തിന്റെ പിൻബലം ചൂണ്ടിക്കാട്ടി രാഷ്ട്രീയരംഗത്തു പടർന്നുകയറാനും ശ്രമിച്ചില്ല. തന്നെ അന്ധമായി അനുകൂലിക്കുന്ന അനുയായിവ്യൂഹത്തിനു അവിഹിതമായ മാർഗ്ഗങ്ങളിലൂടെ ആനുകൂല്യങ്ങളും ചെയ്തുകൊടുത്തു്, താനൊന്നു കൈ ഞൊടിച്ചാൽ എന്തൊരാൾക്കൂട്ടവും മുതിരുന്ന വിലകൊടുത്ത ആരാധകരുടെ ഒരു പട അദ്ദേഹം സൃഷ്ടിച്ചില്ല; ഒരു രാഷ്ട്രീയസംഘടനയും ഒഴിച്ചുകൂടാനാവാത്ത അച്ചടക്കം ലംഘിക്കാനും നേതൃത്വത്തെ പരസ്യമായി ധിക്കരിച്ചുപമാനിക്കാനും അദ്ദേഹം നേതൃത്വം നൽകിയില്ല. സർവ്വോപരി, കത്തോലിക്കാസമുദായവും മറ്റു സമുദായങ്ങളുമെല്ലാം ഒന്നുപോലെ അംഗീകരിച്ചിട്ടുള്ള സദാചാരതത്വങ്ങളുടെ വേലിപൊളിച്ചുകയറി അദ്ദേഹം ജനങ്ങളുടെ കണ്ണിൽ അപഹാസ്യനും വർജ്ജിക്കപ്പെടേണ്ടവനുമായില്ല.

സമുദായപ്രേമത്തിന്റെ പുറംകുപ്പായവും പാർട്ടിക്കൂറിന്റെ പട്ടുതലപ്പാവും ഒരേസമയം ചൂടി സ്വന്തം കാര്യലാഭത്തിനായി ഇവ രണ്ടിന്റെയും അഭിമാനം വിറ്റു കാശ്രമാറാനുള്ള ക്രൂരത അദ്ദേഹം കാട്ടിയില്ല.

പ്രണിതമായ കേരളത്തിന്റെ മനസ്സാക്ഷി ഒന്നുമാത്രം ആവശ്യപ്പെടുന്നു—സമുദായവാദവും ദേശാഭിമാനവും പ്രസംഗിക്കുന്ന സംരക്ഷകന്മാർക്കു മുന്നിനെങ്കി

മൂത്രനീരു്.

(ഡോക്ടർ ററി. കെ. ജോസ്)

വളരെവേഗം പടർന്നുപിടിക്കുന്ന ഒരു രോഗമാണു് ഇതു്. പെവിയുടെ താഴെ നീരുണ്ടാകുന്നു. തൊണ്ടനൊമ്പരം ആദ്യം അനുഭവപ്പെടുന്നു. ഉമനീർഗ്രന്ഥികളെ ബാധിക്കുന്ന ഒരു അസുഖമാണു്. രണ്ടു പെവിട്ടത്തും നീരു് ഉണ്ടാകുന്നു. പനിയും തലവേദനയും ക്ഷീണവും ഉണ്ടാകുന്നു.

2 മുതൽ 15 വയസ്സുവരെ പ്രായമുള്ളവരെ ഇതു പിടികൂടുന്നു. ഒരിക്കൽ വന്നാൽ പിന്നെയും വരുന്നതിനു് ഇതിനു് മടിയില്ല. രോഗാണുക്കൾ ശരീരത്തിൽ പ്രവേശിച്ചു് ഒന്നു രണ്ടു ആഴ്ചകഴിഞ്ഞു് രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നതാണു്. രണ്ടുമൂന്നു ദിവസം നില്ക്കും. ചിലതു് 10 ദിവസം വരെ നീണ്ടുനില്ക്കും. പ്രായമായവർക്കു് ഇതുപകരുകയില്ലാ. വരികയില്ല. പെവിയുടെ താഴെ കഴുത്തുമായി ചേരുന്ന ഭാഗത്തു് കല്ലുപോലെ നീരു ഉണ്ടാകുന്നു, ആരംഭത്തിൽ പനിയുണ്ടാകുന്നു. ഉമ്മിനീർ ഇറക്കുന്നതിനും ഭക്ഷിക്കുന്നതിനും പ്രയാസമായിരിക്കും, നീരു പഴുക്കുക പതിവില്ല. ഉമ്മിനീർ കൊഴുത്തിരിക്കും. നീരു് കുറയുന്ന അവസരത്തിൽ ആൺകുട്ടികളുടെ വൃഷണത്തിൽ നീരു് ഉണ്ടായിട്ടുണ്ടെന്നു വരാം, പെൺകുഞ്ഞുങ്ങളുടെ സ്തനങ്ങളിലും നീരു് ഉണ്ടാകാം. അപ്രകാരം ഉണ്ടാകാതിരിക്കുവാൻ ചികിത്സ സഹായിക്കുന്നു. ഇടത്തുവശത്താണു് മിക്കവാറും വീക്കം ആദ്യം കാണുന്നതു്. ഒരിക്കൽ ഈ രോഗം വന്നാൽ പിന്നെ ഇതു് വരികയില്ലയെന്ന ഒരു അഭിപ്രായഗതി ഉണ്ടു്.

തണുപ്പു് അടിക്കാതെയും നനവു തട്ടാതെയും സൂക്ഷിക്കുക. വ്യാനൽ ചുറ്റുന്നതു് നല്ലതു്. ലഘുഭക്ഷണം കൊടുക്കുക.

ചികിത്സ

ആരംഭപനിക്കു് അക്കൊണൈറ്റം 3 എന്ന ഔഷധം കൊടുക്കുക.

തലവേദന, വലുതുവശംനീരു്, തൊണ്ടനൊമ്പരം ഇവയ്ക്കു് ബെല്ലഡോണ 30 കൊടുക്കുക.

മേയറിലസ് സൊലുബിലിസ് 6 കൊടുത്താൽ ഈ രോഗം പകരുകയില്ല. മൂത്രനീരു് പിടിപ്പെട്ടവർക്കും കൊടുക്കാവുന്ന പ്രധാനപ്പെട്ട ഔഷധം. കൊഴുത്ത ഉമ്മിനീർ. വായ്നാറ്റം, ശക്തിയായ ആശ്വാസമില്ലാത്ത വിയർപ്പു് മണിവീർപ്പിനും സ്തനങ്ങൾക്കു് ഉണ്ടാകുന്ന നീരിനും പൽസാറ്റിലാ 30 കൊടുക്കുക.

കൂടാതെ റസ്, കർബോ–വെജി, കൊക്കുലസ് അറം എന്നിവയും ലക്ഷണം അനുസരിച്ചു് ഉപയോഗിക്കുന്നു.

ഔഷധങ്ങൾ എല്ലാം ഭക്ഷണത്തിനു് ഒരു മണിക്കൂർ മുമ്പു് കൊടുക്കുക. കഠിനതരത്തിനു് 2 മണിക്കൂർ ഇടയിട്ടു കൊടുക്കുക. ആശ്വാസം ആയാൽ ദിവസം 3 നേരം വീതം മതിയാകും.

പത്രപരിഷ്കരണം.

ജനാധിപത്യയുഗത്തിൽ പത്രങ്ങൾ അപരിത്യാജ്യവും ഉപകാരപ്രദവുമെങ്കിലും അവ ദുരുപയോഗിക്കപ്പെട്ടാൽ നേരിടാവുന്ന അനർത്ഥങ്ങൾ നിസ്സാരങ്ങളല്ല. കേരളത്തിലെ ഇന്നത്തെ പത്രങ്ങളെ വിലയിരുത്താൻ ശ്രീ. ജോർജ്ജ് വലിയചാലിന്റെ വീക്ഷണങ്ങൾ ഉപകരിക്കും.

ജോർജ് വലിയചാൽ

ആധുനികയുഗത്തിലെ അവിഭാജ്യവും അത്യന്താപേക്ഷിതവുമായ ഒരാവശ്യഘടകമാണല്ലോ വർത്തമാനപത്രം. മുദ്രണവിദ്യ കണ്ടുപിടിക്കുന്നതിനു മുമ്പു് മനുഷ്യർ കേട്ടുകേൾവിയെ ആശ്രയിച്ചായിരുന്നു വസ്തുതകൾ മനസ്സിലാക്കിയിരുന്നതു്. പുരാതന റോമാ നഗരിയിലും മറ്റും ആളുകൾ കൂടുന്ന സ്ഥലങ്ങളിൽ വിശേഷവാർത്ത എഴുതി പ്രദർശിപ്പിച്ചിരുന്നു. മാനവലോകത്തിനു ഏതാണ്ടു് 17–ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലശേഷം വരെ കേട്ടുകേൾവിയേയും മേൽപ്പറഞ്ഞ ഒറ്റപ്പെട്ട ഉപാധികളെയും ആശ്രയിക്കേണ്ടി വന്നു വാർത്താഗ്രഹണത്തിനു വേണ്ടി. 1653–ാമാണ്ടിൽ ഇംഗ്ലണ്ടിലാണെന്നു തോന്നുന്നു ഒരു വർത്തമാനപ്പത്രം ലോകത്തിലാദ്യമായി പ്രകാശം കണ്ടു. കാലവിളംബമനുഭവപ്പെടുത്തുന്ന ആ നവ്യകല അനന്യസാധാരണവും അത്ഭുതാവഹവുമായ ഒരു സ്ഥാനം കരസ്ഥമാക്കിക്കൊണ്ടു് സർവ്വവ്യാപകമായിത്തീരുകയും ചെയ്തു.

ജനതയുടെ വികാരങ്ങളോടൊത്തുചേർന്നു് അവരുടെ ആവശ്യങ്ങളേയും അവസരങ്ങളേയും ചൂണ്ടിക്കാണിക്കുകയും പൊതുജനാഭിപ്രായത്തിനും പൊതുനിയമത്തിനുമെതിരായി അനുസ്യൂതം രാജ്യത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന വസ്തുതകളെ ചിത്രീകരിക്കുകയും പ്രതിവിധികൾ നിർദ്ദേശിക്കുകയും കാലാനുകൂലമായ പരിഹാരമാർഗ്ഗം കണ്ടെത്തുകയുമാണു് പത്രധർമ്മമെന്നു നമുക്കു വിശ്വസിക്കാം. ഒരു ദിനപത്രം അതിന്റെ മഹത്തായ സേവനപാരമ്പര്യത്തിലൂടെ ജനപദങ്ങളുടെ സന്തതസഹചാരിയായിത്തീരണം. ജനസാമാന്യത്തിന്റെ കഷ്ടപ്പാടുകളും പ്രയാസങ്ങളും ഒരു ജനപ്രതിനിധിയേപ്പോലെ ഏറ്റു പറഞ്ഞുകൊണ്ടു് രാജ്യത്തിന്റെ ഒരു നല്ല നാളേയ്ക്കു വേണ്ടി യത്നിക്കുകയായിരിക്കണം ഒരു ദിനപത്രത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യം.

പൊതുപ്രശ്നങ്ങൾക്കു നിവാരണപദ്ധതികൾ കണ്ടുപിടിക്കുകയും പൊതുപുരോഗതിക്കു വേണ്ടി പൊതുസേവനം ചെയ്യുകയും ചെയ്യുന്നതിനോടൊപ്പം നമ്മുടെ പത്രസാഹിത്യത്തിനു് മറെറാന്നുകൂടി ചെയ്യുവാനുണ്ടു്. അതാണു് സാംസ്ക്കാരികവും വിദ്യാഭ്യാസപരവും ശാസ്ത്രീയവുമായ മണ്ഡലങ്ങളെ പരിപുഷ്ടമാക്കിത്തീർക്കുകയെന്നതു്. അതിനു വേണ്ടി നമ്മുടെ ദിനപത്രങ്ങൾക്കും വാരികകൾക്കും മാസികകൾക്കും ചെയ്യുവാനുള്ളതു് വായനക്കാരായ സാമാന്യജനങ്ങളിൽ ഒരു വൈജ്ഞാനികവിപ്ലവം തന്നെ അഴിച്ചുവിടുകയാണു്. അതിനുവേണ്ടി നമ്മുടെ വർത്തമാനപ്പത്രങ്ങൾ വിശിഷ്യാ മലയാളദിനപത്രങ്ങൾ ഉറ്റുശ്രമിക്കേണ്ടിയിരിക്കുന്നു. സാമാന്യേന കേരളീയദിനപത്രങ്ങളുടെ വിജ്ഞാനശാഖ കേവലം ശൂന്യവും ശൂന്യവുമെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. മലയാളദിനപ്പ

ലും നാണമുണ്ടെങ്കിൽ അവർ ലജ്ജിക്കണം. ലജ്ജിക്കാനറിഞ്ഞുകൂടാത്തവർ നെഞ്ഞത്തു കൈവച്ചു ചിന്തിക്കുകയെങ്കിലും ചെയ്യണം.

ത്രങ്ങളെ ആകമാനമൊന്ന നിരീക്ഷണം ചെയ്യനോക്കിയാൽ വാരാന്ത്യപ്പതിപ്പുകളിൽ മാത്രമാണ് എന്തെങ്കിലും ശാസ്ത്രീയമായ രണ്ടോ മൂന്നോ ലേഖനങ്ങളം കാണുക. സാംസ്ക്കാരികമായ ലേഖനങ്ങളുടെ എണ്ണം മലയാളദിനപ്പത്രങ്ങളെ ഒന്നിച്ചു നോക്കുകയാണെങ്കിൽപോലും അംഗുലീപരിമിതമാണ്. സാംസ്ക്കാരികം പോകട്ടെ; തത്വശാസ്ത്രത്തിന്റെ കാര്യമോ? അതു പറയാനുമില്ല. തത്വശാസ്ത്രപരമായ ഏതെങ്കിലും ലേഖനങ്ങളം മലയാളദിനപ്പത്രങ്ങളം കണ്ടിട്ടുണ്ടോയെന്ന തന്നെ സംശയിക്കേണ്ടിയിരിക്കുന്നു.

ഒരു വർത്തമാനപ്പത്രത്തിന്റെ ലക്ഷ്യം രാഷ്ട്രീയകാര്യങ്ങളം സവിസ്തരം പ്രതിപാദിക്കുകയെന്നതു തന്നെയാണോയെന്ന ഈയവസരത്തിൽ ചിന്തിക്കുന്നതു യുക്തിപൂർവ്വമായിരിക്കും. തീർച്ചയായും ഒരു പത്രത്തിനു് ഏറ്റവും കൂടുതൽ വിനിയോഗിക്കുവാനുള്ളതു ജനസാമാന്യത്തിന്റെ സാംസ്ക്കാരികരംഗത്താണെന്നതു. ഈ നവീനകാലത്തു വിശിഷ്യാ ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യദശകത്തോടെ പത്രവും മാനവലോകവും അടുത്ത ബന്ധുക്കളായിക്കഴിഞ്ഞിരിക്കുന്നു. അന്തസ്സുള്ള പത്രം പറഞ്ഞാൽ സാക്ഷരം ശ്രവിക്കാത്തവരുണ്ടോ ഇന്നു്? അനന്യസ്മൃതമായി ഒരേയൊരു ദിനപ്പത്രം തന്നെ വായിക്കുന്ന ഒരാളുടെ ചിന്താഗതിയും ജീവിതരീതിയും ആ പത്രത്തിന്റെ ആശയങ്ങൾക്കും താൽപ്പര്യങ്ങൾക്കും അനുസരണമായിരിക്കുമെന്നുള്ളതു നമുക്കു പ്രത്യക്ഷീഭൂതമായ ഒന്നുതന്നെയാണല്ലോ. വേണ്ടിവന്നാൽ ഭരണകൂടങ്ങളെത്തന്നെ തകിടം മറിക്കുന്നതിനും പത്രങ്ങളുടെ ആശയതാൽപ്പര്യങ്ങൾക്കനുരൂപങ്ങളായ സർക്കാരുകളെ വാഴ്ത്തിക്കുന്നതിനും കൂടി ആധുനികപത്രസാഹിത്യരംഗം പര്യാപ്തമായിത്തീർന്നുകഴിഞ്ഞിരിക്കുന്നുവെന്ന ഇന്നലെകളുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അതുമാത്രം ചിരശുദ്ധപ്രതിഷ്ഠിതങ്ങളായിത്തീർന്നുകഴിഞ്ഞു ആ വാർത്താഗ്രഹണോപാധി. അതുകൊണ്ടു കിട്ടിയ അവസരം പാഴാക്കാതെയും പൊയ്പ്പോയ കാലഘട്ടങ്ങളിലേയ്ക്കൊന്നു കണ്ണോടിച്ചും നമ്മുടെ പത്രങ്ങൾക്കു പ്രവർത്തിക്കേണ്ടിയ കാലം ഇതാ അടുത്തുകഴിഞ്ഞിരിക്കുന്നു. രാജ്യത്തിലെ ജനസഹസ്രങ്ങളുടെ വൈജ്ഞാനികമായ പരാധീനതകളെ ആകമാനമൊന്നവലോകനം ചെയ്തു അതിനു പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിനുവേണ്ടി ഒന്നാം തരങ്ങളം അനുകരണീയങ്ങളുമായ ധാർമ്മികസാഹിത്യപദ്ധതികൾക്കു വിരാമമിടുക. സന്മാർഗ്ഗത്തിലൂടെ ചരിക്കുന്നതിനും സർവ്വജനൈക്യവും സാഹോദര്യവും കെട്ടിപ്പടുക്കുന്നതിനും രാജ്യത്തിൽ സമാധാനവും ശാന്തിയും കളിയാടുന്നതിനും ജനപദങ്ങളെ പ്രേരിപ്പിക്കുക. ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്ന നന്മകളെയും തിന്മകളെയും ഭാവനാസമ്പന്നതയോടെ ചിത്രീകരിക്കുകയും ധീക്ഷണാശക്തിയോടെ അവരിന്റെ അന്തഃസാരസത്തയെ വായനക്കാർക്കു് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുക. അങ്ങനെ ഭൗതികവും ആദ്ധ്യാത്മികവുമായ ഇരുപ്രകാരങ്ങളെയും ഒന്നിച്ചിണക്കിക്കൊണ്ടു് മനുഷ്യമായ ജീവകാരുണ്യത്താൽ ഉൽബുദ്ധരാക്കിത്തീർത്തു മാനുഷികവ്യക്തിത്വത്തെയും മാനുഷികപ്രതിഭയേയും ദിഗ്ദർശനീയമാക്കിച്ചമച്ചുകൊണ്ടു് മഹത്തായ ജ്ഞാനത്തിന്റെയും പ്രേമത്തിന്റെയും പരമപാവനങ്ങളായ ഉൽകൃഷ്ടതത്വസംഹിതകളുമായി—ചെറിയവനും വലിയവനും ലോകപടലത്തിലുണ്ടെങ്കിലും അതെല്ലാം ക്ഷണഭംഗുരങ്ങളാണെന്നും—സനാതനമായി ഒന്നേയുള്ളവനെന്നും—മനുഷ്യർക്കെല്ലാം പഠിപ്പിക്കുക. ഈ മഹനീയ വസ്തുതയെത്തന്നെ അഭിനവപത്രലോകത്തിനു ഈ കലങ്ങിമറിഞ്ഞ സങ്കൽപ്പങ്ങളം ഇരഞ്ഞുപതഞ്ഞുയരുന്നതായ ഈ കാലഘട്ടത്തിൽ ചെയ്യുവാനുള്ളതായ ഭാരിച്ച ചുമതല. എന്നാൽ അതുമാത്രമാണോ ഇന്നു പത്രങ്ങൾക്കു ചെയ്യുവാനുള്ളതു—അല്ല. നവീനലോകത്തിലെ ശാസ്ത്രീയ സ്വയംസിദ്ധികളേപ്പറ്റിയും ശാസ്ത്രത്തിന്റെ അത്ഭുതാവഹങ്ങളായ നേട്ടങ്ങളേപ്പറ്റിയും മനുഷ്യോപകാരപ്രദങ്ങളായ ശാസ്ത്രീയ ചര്യകളേക്കുറിച്ചും നമ്മുടെ പത്രങ്ങളം വായനക്കാരായ സാധാരണക്കാർക്കു സാമാന്യജ്ഞാനം പ്രദാനം ചെയ്തിരിക്കേണ്ടിയതാണു. എന്നാൽ ശാസ്ത്രീയമെന്നും സാംസ്ക്കാരികമെന്നും പറഞ്ഞതുകൊണ്ടു് അതിനേത്തന്നെ ആഹരിച്ചുകൊണ്ടു ആജീവനാന്തം ഒരു പത്രം കഴിച്ചുകൂട്ടണമെന്നല്ല, അർത്ഥമാക്കിയതു്. ഒരു പത്രം സാവ്വലൗകികവും സാവ്വഭൗമികവുമായ വിജ്ഞാനത്തിന്റെ നാനാശാഖകളിലും വ്യാപരിച്ചിരിക്കേണ്ടിയതുണ്ടു്. അങ്ങനെ ഇന്നത്തെ മാസികകളും വാരികകളും എല്ലാമെല്ലാം ഓരോ വിജ്ഞാനകോശങ്ങളായി രൂപാന്തരപ്പെട്ടേണ്ടിയിരിക്കുന്നു.

ഭാരതത്തിലെ മറ്റേതൊരു സംസ്ഥാനത്തേയുമപേക്ഷിച്ചു് ദിനപ്പത്രങ്ങളും അതുപോലെതന്നെ വാരികകളും മാസികകളും സുലഭമാണു കേരളത്തിൽ. വർത്തമാനപ്പത്രങ്ങളുടെ ദൗർലഭ്യംകൊണ്ടു് ചിലർ പുതിയ പുതിയ പത്രങ്ങൾക്കു വേണ്ടി പേരിടുന്നതിനുതന്നേ വിഷമിക്കുകയാണു. കേൾക്കാൻ കൊള്ളാവുന്ന പേരുകളെല്ലാം മുന്നാലെ വന്ന പത്രങ്ങൾ അപഹരിച്ചുകഴിഞ്ഞിരിക്കുന്നു എന്നാണവരുടെ പരാതി കൈരളീ സാഹിത്യത്തിന്റെ ഭാഗ്യംകൊണ്ടോ നിർഭാഗ്യംകൊണ്ടോ ഇത്രയധികം പത്രങ്ങളും പത്രാധിപന്മാരും എഴുത്തുകാരും കേരളത്തിലുണ്ടാകുന്നതിനു കാരണഭൂതമായിത്തീർന്നു. മലയാള മാസികകളിൽ പലതും വാരികകളിൽ ചിലതും രണ്ടാംതരമാണെന്നു പറയേണ്ടിയിരിക്കുന്നു. ഒന്നോ രണ്ടോ ചെറുകഥകളും ചില നോവൽ പ്രസ്ഥാനങ്ങളും മറ്റു ചില ലേഖനപംക്തികളും കുറെ വ്യവസായിക വാണിജ്യപ്പരസ്യങ്ങളും മാത്രമാണവകളിലുള്ളതു്. എങ്ങനെയെങ്കിലും ആരുടെയെങ്കിലും ഏതാനും ലേഖനങ്ങളും ആദായത്തിനുവേണ്ടി കുറെ പരസ്യങ്ങളും ശേഖരിച്ചു് ആഴ്ചയിലോ മാസത്തിലോ വണ്ടിപ്പടി പത്രക്കെട്ടുകളം അച്ചടിച്ചിറക്കുകയെന്നുള്ളതിൽ കവിഞ്ഞൊന്നുംതന്നെ ഉദ്ദേശ്യമില്ലെന്നു തോന്നുന്ന ഇന്നത്തെ ചില പത്രാധിപന്മാർക്കു്.

ഒരു നല്ലശതമാനം മലയാളമാസികകളേയും വാരികകളേയും ബാധിച്ചിരിക്കുന്ന ഒരു വൻ ഗതികേടാണിതു്. മാസികാപത്രങ്ങളേയും മറ്റിതര ആനുകാലിക പ്രസിദ്ധീകരണങ്ങളേയുമപേക്ഷിച്ചുനോക്കുമ്പോൾ കേരളീയദിനപത്രങ്ങളുടെ നിലവാരവും അതിൽനിന്നും ഒട്ടുംതന്നെ ഭേദമില്ലെന്നുവേണംപറയുവാൻ. ആധുനിക പത്രപ്രവർത്തനരംഗത്തിൽ പത്രങ്ങളം ചേരിചേരാനയം വെടിഞ്ഞു ഏതെങ്കിലും ചേരിയിൽ നിന്നുകൊണ്ടു പ്രവർത്തിക്കുന്നതു സവ്വസാധാരണമായിത്തീർന്നിരിക്കുന്നു. അതു നമ്മുടെ പത്രസാഹിത്യവേദിയിലെ ഒരു തീരാക്കളങ്കവുമാണു്. വസ്തുതകളെ ഒരേ കണ്ണുകൊണ്ടു് ദർശിക്കുന്നതിനു കഴിയാത്തിടത്തോളംകാലവും യാഥാർത്ഥ്യങ്ങളെ അവധാനപൂർവ്വം ഗ്രഹിക്കുന്നതിനു ശ്രമിക്കാത്തടത്തോളം കാലവും ഈ നിലപാടു ഇനിയും തുടർന്നുകൊണ്ടുതന്നെയിരിക്കും. ഇന്നു പത്രലോകത്തിലേയ്ക്കൊന്നെത്തിനോക്കിയാൽ അവിടെ നാം കാണുന്നതു ആശയസമരവും സംഘട്ടനവുമാണെന്നു പറയേണ്ടിയിരിക്കുന്നു. കേരളത്തിലെ ചില പത്രങ്ങളം സർക്കാരിന്റെ വക്താക്കളായി അല്ലെങ്കിൽ രാഷ്ട്രീയ മുതലെടുപ്പുകാരായി അധഃപതിച്ചുകഴിഞ്ഞിരിക്കുന്നു. മറ്റു ചില പത്രങ്ങളം സർക്കാരിനെതിരായിത്തീർന്നുകൊണ്ടുമെയെന്നുകരുതി പൊതുജനാഭിപ്രായത്തെപ്പോലും ആദരിക്കുന്നതിനു കൂട്ടാക്കുന്നില്ലതുതന്നെ. ധാർമ്മികതയ്ക്കുവേണ്ടിയോ അധാർമ്മികതയ്ക്കുവേണ്ടിയോ കേരളത്തിലെ ചില വൃത്താന്തപ്പത്രങ്ങളം വിമർശനവ്യത്യാസത്തിന്റെ കേളീരംഗങ്ങളായിരിക്കുമ്പോൾ മറ്റുചില പത്രങ്ങളം വിമർശനം എന്താണെന്നുതന്നെ കണ്ടിട്ടുണ്ടോയെന്ന സംശയിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ ദിനപ്പത്രങ്ങളുടെ ഇമ്മാതിരി വൈരുദ്ധ്യം കലർന്ന പ്രവർത്തനരീതികളം ഇനിയും തുടർന്നുകൊണ്ടുതന്നെ പോയാൽ ഇന്നാട്ടിലെ പത്രപ്രവർത്തനത്തിന്റെ ഭാവി ഒരുപക്ഷേ അന്ധകാരാവൃതമായിരിക്കാൻ തികഞ്ഞ സാദ്ധ്യതകളില്ലാതില്ല.

..O..

ഗലീലിയൊസംഭവവും തെറ്റിദ്ധാരണകളും.

കത്തോലിക്കസഭയെ താറടിക്കാൻ കുബുദ്ധികൾ പ്രയോഗിക്കുന്ന തുറുപ്പുശീട്ടാണ ഗലീലിയൊ പ്രശ്നം. പണ്ഡിതനായ ഡോ. ജോർജ്ജ് പാലത്തുമ്പാട്ട് ആ പ്രശ്നത്തെ സംശയാതീതമായി വിശദീകരിക്കയും കഴിഞ്ഞ ലക്കത്തിൽ ചേർത്തിരുന്ന ''ഗലീലിയൊഗലീലി'' എന്ന ലേഖനത്തെ വിലയിരുത്തുകയും ചെയ്യുന്നു.

(ഡോ. ജോർജ് പാലത്തുമ്പാട്ട്)

ശാസ്ത്രരംഗത്തു് ഗലീലിയോ പ്രശ്നംപോലെ ഇത്രയധികം തെറ്റിദ്ധരിപ്പിക്കപ്പെട്ടിട്ടുള്ള ഒരു പ്രശ്നമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. തിരുസഭയുടെ പ്രബോധനഭ്രതയിൽ അഭിമാനംകൊള്ളുന്ന കത്തോലിക്കരായ ചില എഴുത്തുകാർപോലും ഗലീലിയോ പ്രശ്നത്തിന്റെനമ്പിൽ കുറെ ബോധം കൊണ്ടു തലകുനിക്കുന്നതു് വിരളമല്ല. മാപ്പുപ്പായുടെ അപ്രമാദിത്വം എന്നു വിശ്വാസസത്യത്തിനു് ഒരാഘാതമല്ലേ ഇതെന്നു് അവർ പതുക്കെ ചോദിക്കുന്നുണ്ടു്! സഭാശത്രുക്കളാകട്ടെ, ചിന്താസ്വാതന്ത്ര്യത്തിന്റെ ഒരു രക്തസാക്ഷിയായി ഗലീലിയോയെ ചിത്രീകരിച്ചുകൊണ്ടു് അദ്ദേഹം ഉപദ്രവിപ്പെട്ടിരുന്ന കത്തോലിക്കാസഭയെ താറടിക്കാൻ തരപ്പെടുന്നു. സഭ ശാസ്ത്രത്തിന്റെ ശത്രുവാണെന്നും ഗലീലിയോസംഭവം അതിനുള്ള അനിഷേദ്ധ്യമായ ഒരു തെളിവാണെന്നും വായ്തോരാതെ പ്രസംഗിക്കുന്ന ഗലീലിയോപ്രേമികളെ ശ്രവിക്കാനുള്ള ഗതികേടാണു് മിക്കവാറും എല്ലാ സ്ത്രീകളിലും കോളജുകളിലും കത്തോലിക്കരായ വിദ്യാർത്ഥികൾക്കു് അനുഭവപ്പെടുന്നതു്. 'ഗലീലിയോ ഗലീലി' എന്ന തലക്കെട്ടിൽ ഇക്കഴിഞ്ഞ മാർച്ചുലക്കം എ. കെ. സി. സി, ബുള്ളറ്റിനിൽ 'കോന്നിയൂർ എഴുതിയ ലേഖനത്തിന്റെ ചില ഭാഗങ്ങളും പഴയ തെറ്റിദ്ധാരണകളുടെ ഒരു പുനരാവർത്തനംമാത്രമാണു്.

ശ്രീ കോന്നിയൂർ ഉദ്ധരിക്കുന്നതരത്തിലുള്ള ഒരു പ്രമാണം—പ്രത്യേകിച്ചു്

''....ഭൂമി സൂര്യനെ പ്രദക്ഷിണം ചെയ്യുന്നില്ല എന്നു ഞാൻ സത്യംചെയ്തു പറയുന്നു'' എന്ന പ്രഖ്യാപനത്തോടുകൂടിയ ഒരു പ്രമാണം ഒപ്പുവയ്ക്കുന്നതിനായി ഗലീലിയോയെ വിസ്തരിച്ചവർ അദ്ദേഹത്തിനു സമർപ്പിക്കുകയോ അങ്ങനെയൊരു പ്രമാണത്തിൽ ഗലീലിയോ ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ല. പരമ്പരാഗതമായുള്ള ആരോപണച്ചുഴിയിൽ മനഃപൂർവ്വമല്ലെങ്കിലും ശ്രീ കോന്നിയൂരും അകപ്പെട്ടുപോയിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. പ്രബലപ്പെട്ടിരിക്കുന്ന തെറ്റിദ്ധാരണകളുടെ മദ്ധ്യേ— സഭയുടെ പ്രമാദരഹിതമായ പ്രബോധനവരത്തെ തച്ചുടക്കാൻ സാവൈരികളും ഗലീലിയോപ്രശ്നമെന്ന പടവാളും വീശുമ്പോൾ—നാമതിനെ അത്ര ലഘുവായി കൈകാര്യംചെയ്യുന്നതു് ശരിയല്ല. ഇതു സംബന്ധമായ നിശിതഗവേഷണങ്ങളും, പ്രശ്നവുമായി ബന്ധപ്പെട്ട വ്യക്തികളെപ്പറ്റിയും സാഹചര്യങ്ങളെപ്പറ്റിയുമുള്ള നിഷ്പക്ഷമായ വിലയിരുത്തലും നീതിപൂർവ്വകമായ ഒരു നിഗമനത്തിൽ എത്തിച്ചേരാൻ അത്യന്താപേക്ഷിതമായിട്ടാണിരിക്കുന്നതു്. അതിലേക്കുള്ള ഒരു വിനീതശ്രമമാണു' ഈ ലേഖനം;

ജനനവും വിദ്യാഭ്യാസവും

യൂറോപ്യൻ വിജ്ഞാനാഭ്യുദയത്തിന്റെ (Renaissance) ആവിർഭാവം, ആംഗ്ലേയ സാഹിത്യനഭോമണ്ഡലത്തിലെ ഉജ്ജ്വലതാരമായ ഷേക്സ്പീയറുടെ ജനനം. ശില്പകലാസമ്രാട്ടായ മൈക്കിൾ ആൻജെലോയുടെ മരണം എന്നിവ ദശാബ്ദി എ. ഡി. 1564-ൽ തന്നെയാണു് സൗരയൂഥഗവേഷണസാരഥിയായി ശാസ്ത്രലോകം കൊണ്ടാടുന്ന ഗലീലിയോയുടെ ജനനവും ഇറ്റലിയിലെ ഫ്ളോറൻസുപട്ടണത്തിനടുത്തുള്ള അച്ചേത്രി (Acetri) എന്ന ഗ്രാമത്തിൽ സംഭവിച്ചതു്.

പാനത്തിൽ അതിസമർത്ഥനായിരുന്ന ഗലീലിയോ പിസാ യൂണിവേഴ്സിറ്റിയിലാണു് മെഡിസിനും ഫിലോസഫിയും അഭ്യസിച്ചതു്. പക്ഷേ ജ്യോമെട്രിയിലും മെക്കാനിസത്തിലുമാണു് ഗലീലിയോ കൂടുതൽ താല്പര്യം പ്രദർശിപ്പിച്ചതു്. 1604—ൽ പാദുവാ യൂണിവേഴ്സിറ്റിയിൽ പഠിപ്പിക്കുന്ന കാലത്താണു് നിപതനവസ്തുക്കളുടെ ചലനനിയമം (Law of motion of falling bodies) അദ്ദേഹം പ്രഖ്യാപിച്ചതു്. ഇതേത്തുടർന്നു് ഒരു പ്രസിദ്ധ ശാസ്ത്രജ്ഞനായി അഭിജ്ഞവൃത്തങ്ങളിൽ ഗലീലിയോ അറിയപ്പെടാൻതുടങ്ങി. പാദുവായൂണിവേഴ്സിറ്റിയിൽ വച്ചതന്നെയാണു് അദ്ദേഹം കോപ്പർണിക്കസ്സിന്റെ സിദ്ധാന്തത്തിലേക്കു് ആകൃഷ്ടനാക്കപ്പെട്ടതു്.

കൊപ്പർണീക്കൻ സിദ്ധാന്തം

നിക്കൊളാസ് കൊപ്പർണിക്കസ് 1473മുതൽ 1543 വരെ ജീവിച്ചിരുന്ന ഒരു പ്രഷ്യൻ കത്തോലിക്കാവൈദികനും മികച്ച ഒരു ശാസ്ത്രജ്ഞനുമായിരുന്നു. ഭൂമിയല്ല, സൂര്യനാണു് പ്രപഞ്ചത്തിന്റെ കേന്ദ്രമെന്നും, ഭൂമിയാണു് സൂര്യനെ ചുറ്റുന്നതെന്നും ആദ്യമായി പ്രഖ്യാപിച്ചതു് ഈ കത്തോലിക്കാശാസ്ത്രജ്ഞനാണു്. ഈ സിദ്ധാന്തത്തിനു് വേണ്ടത്ര തെളിവില്ലെന്നു പാദുവാപ്രൊഫസ്സറായിരുന്ന ഗലീലിയോ മനസ്സിലാക്കിയെങ്കിലും, ഈ നൂതനസിദ്ധാന്തം വേദപുസ്തകവിരുദ്ധമാണെന്നു് പ്രഖ്യാപിച്ചുകൊണ്ടു് പ്രോട്ടസ്റ്റൻറുകാരും അതിനെ പ്രതിഷേധിച്ചു. ഈ എതിർപ്പുകളുടെ അന്തരീക്ഷത്തിലാണു് ഗലീലിയോ കൊപ്പർണിക്കൻസിദ്ധാന്തത്തിന്റെ പ്രേഷിതനായി രംഗപ്രവേശം ചെയ്യുന്നതു്

അന്നത്തെ ശാസ്ത്രജ്ഞന്മാരും ഗലീലിയോയും

ശാസ്ത്രമണ്ഡലത്തിൽ കൊപ്പർണിക്കൻസിദ്ധാന്തം അംഗീകരിക്കപ്പെട്ടകഴിഞ്ഞാൽ പാരമ്പര്യപ്രാബല്യമുള്ള Aristotle, Ptolemy എന്നിവരുടെ സൗരയൂഥശാസ്ത്രവുമായി അലിഞ്ഞുചേർന്നു കാലംകഴിച്ചിരുന്ന ശാസ്ത്രജ്ഞന്മാരുടെ വയറ്റുപിഴപ്പുതന്നെ അപകടത്തിലാക്കുമെന്നു പരിഭ്രമിച്ചാണു് അവർ കൂട്ടമായി ഗലീലിയോയെ എതിർത്തതു്. ഗലീലിയോആകട്ടെ താൻ പുതുതായി കണ്ടുപിടിച്ചതും Johannes Lipershey എന്ന നയനശാസ്ത്രജ്ഞൻ Magnifying Lens—ൽ നടത്തിയ പരീക്ഷണഫലങ്ങ

ളെ പ്രയോജനപ്പെടുത്തി പൂർണ്ണത നൽകിക്കഴിഞ്ഞിരുന്നതുമായ ടെലസ്കോപ്പിന്റെ സഹായത്താൽ കൊപ്പർണിക്കൻസിദ്ധാന്തം സംശയരഹിതമായി തെളിയിക്കാമെന്നു് അവകാശപ്പെട്ടു. ഇതോടെ എതിരാളികളുടെ എതിർപ്പിന്റെ രൂക്ഷത വർദ്ധിക്കാനും തുടങ്ങി. അവരിൽ ഭൂരിഭാഗവും ശാസ്ത്രജ്ഞന്മാർ എന്ന പേരിനുപോലും അർഹരായിരുന്നില്ല. പക്ഷേ അവരുടെ സ്വാർത്ഥതയുടെയും ദുരഭിമാനത്തിന്റെയും മുന്നേറ്റത്തെയാണു് ഗലിലിയോയിക്കു് അഭിമുഖീകരിക്കേണ്ടിയിരുന്നതു്.

നിർഭാഗ്യവശാൽ പ്രശ്നം ശാന്തമായി കൈകാര്യംചെയ്യാൻ ഗലിലിയോയ്ക്കും കഴിഞ്ഞില്ല. എതിരാളികളുടെനേരേ മൂർച്ചയേറിയ വാക്ശരങ്ങളും നിർദ്ദാക്ഷിണ്യം ഗലിലിയോ തൊട്ടുവിട്ടുതുടങ്ങി. തന്നോടുള്ള കൊപ്പർണിക്കൻസിദ്ധാന്തത്തെ ആശ്ലേഷിച്ച തന്റെ സ്നേഹിതൻ ജോൺ കെപ്ലറിനു് ഗലിലിയോ 1611-ൽ എഴുതിയ എഴുത്തിലെ ശൈലികളും ഇതിനുദാഹരണമാണു്. ‘‘വിജ്ഞാനികളെന്നു നടിക്കുന്ന ഈ ജളന്മാരുടെ വിജ്ഞാപനബോർഡിൽ ഒരടയാളം ഞാൻ കാണുന്നു. ഇടുങ്ങിയ പുകക്കുഴലുള്ള ഒരടുപ്പു്, അതിൽനിന്നു് പുറകോട്ടു് ഉരുണ്ടുവമിക്കുന്ന പുക കൊണ്ടു് വീടുമുഴുവൻ ഇരുണ്ടുനിറയുന്നു. നേരം വൈകുന്നതിനു മുൻപു് ഇരുട്ടു് അനുഭവപ്പെടുന്നവരാണു് അതിൽ കൂടിയിരിക്കുന്നവർ.’’ ഈ സന്ദർഭത്തിൽ ഗലിലിയോയുടെ കടന്നാക്രമത്തിൽനിന്നും തങ്ങളെ രക്ഷിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് ശാസ്ത്രജ്ഞന്മാർ സഭയുടെ നേരേ തിരിഞ്ഞു. അവരുടെ ഈ തന്ത്രത്തെ ബലപ്പെടുത്തുന്നതിനായി ശാസ്ത്രജ്ഞരെന്ന പേരിനു് അനർഹരായ ഏതാനും വൈദികരേയും അവർ കൂട്ടുപിടിച്ചു് നിവേദകലിസ്റ്റിൽ ഉൾപ്പെടുത്തി.

പ്രബുദ്ധരും ശാസ്ത്രജ്ഞരുമായ വൈദികർ

വിജ്ഞാനത്തിൽ മുൻപന്തിയിൽ നിന്നിരുന്ന വൈദികരിൽ ബഹുഭൂരിപക്ഷവും ഗലിലിയോ സിദ്ധാന്തത്തെ അനുകൂലിച്ചവരായിരുന്നു എന്നുള്ള ചരിത്രസത്യം പലർക്കും അജ്ഞാതമല്ലേ എന്നു ഞാൻ സംശയിക്കുന്നു. ‘മോന്തെ കസ്സീനോ’ ആശ്രമത്തിൽനിന്നുള്ള ബനഡെത്തോ കാസ്തെല്ലി, പ്രസിദ്ധ കർമ്മലീത്താ പ്രൊവിൻഷ്യൽ പാവുളോ അന്തോനിയോ ഫോന്താനീനി, സീയന്നാ ആർച്ചുബിഷപ്പ് ‘അസ്സാസിയോ പിക്കൊളോമീനി, നിരവധി ഡൊമിനിക്കൻ സന്യാസികളും, ജസ്യൂട്ടുവൈദികർ തുടങ്ങി ഗലിലിയോ സിദ്ധാന്താനുഭാവികളായി വിജ്ഞാനികളായ ഒരു വൈദികസൈന്യനിരതന്നെ ഉണ്ടായിരുന്നു. പക്ഷേ വാദപ്രതിവാദമത്സരത്തിൽ ഇടപെടാൻ കഴിയാത്തവിധം സഭാസംബന്ധമായ കാര്യങ്ങളിൽ അവർ വ്യാപൃതരായിരുന്നു.

അതേസമയം ഗലിലിയോ ഉന്നയിക്കുന്ന കൊപ്പർണിക്കൻ സിദ്ധാന്തം ബൈബിളിനും വിശ്വാസത്തിനും എതിരാണു്; ജോഷ്വാ ആകാശത്തട്ടിൽ സൂര്യനേ നിർത്തിയ സംഭവം വെറും കെട്ടുകഥയാക്കിക്കളയുകയാണു്; ചന്ദ്രനിൽ മനുഷ്യരുണ്ടെന്നൊക്കെ വരുത്തിവച്ചു് മനുഷ്യകുലത്തേയും മനുഷ്യരക്ഷയേയും മറ്റും സംബന്ധിക്കുന്ന വിശ്വാസസത്യങ്ങളെ തകർക്കുകയാണു് ഗലിലിയോ എന്നൊക്കെ ഗലിലിയോവിരോധികളായ ശാസ്ത്രജ്ഞന്മാർ മുറവിളി കൂട്ടി.

ഈ ദുശ്വാദകോലാഹലങ്ങളും വിജ്ഞാനികളായ നിരവധി വൈദികരുടെ ശ്രദ്ധയെ ആകഷ്ടിക്കുവാൻ തുടങ്ങി. വി. ഗ്രന്ഥത്തെസ്സംബന്ധിച്ചുള്ള പാരമ്പര്യാനുസാരം വ്യാഖ്യാനിക്കുക എന്ന അപകടത്തിന്റെ വക്കുവരെ എത്തിയ ഈ പ്രശ്നം ഒരു കുഴപ്പത്തിലേക്കു വഴിതെളിക്കുമോ എന്നു പോലും പലരും ഭയപ്പെട്ടു. അപ്രകാരമൊരു അപകടത്തെ തടയുന്നതിനു് ഏതെങ്കിലും ഒരു ശാസ്ത്രസിദ്ധാന്തത്തെ നിരോധിക്കുകയല്ല, പിന്നെയോ വാദപ്രതിവാദ— ആരോപണപ്രത്യാരോപണ— കോലാഹലത്തിലൂടെ പ്രത്യക്ഷമായി തുടങ്ങിയ ശിക്ഷണരാഹിത്യത്തെ തടയുകയാണാവശ്യമെന്നു് സഭാസ്നേഹികൾക്കു് ബോദ്ധ്യമായി.

കേവലം അനുമാനത്തിന്റെ പരിധിയിൽ നിന്നിരുന്ന പലതിനേയും വേണ്ടത്ര തെളിവു നൽകാതെ വസ്തുതകളായി പ്രഖ്യാപിച്ചും അതിനെ ചോദ്യം ചെയ്യുവരെ കഠിനമായി ഭത്സിച്ചും അന്തരീക്ഷം ഒന്നിനൊന്നു വഷളാക്കുകയാണു് ഗലിലിയോയും ചെയ്തതു്- അസഹിഷ്ണുതയും പ്രശസ്തിക്കുവേണ്ടിയുള്ള ദാഹവും ഗലിലിയോയുടെ ബലഹീനവശങ്ങളായിരുന്നു എന്നു് ചൂണ്ടിക്കാണിക്കുന്നവരുണ്ടു്. അതിനവർക്കുള്ള തെളിവുകളും ‘തിക്കൊബ്രാഹെ’യുടെ കോമറനിപ്പററിയുള്ള ഗവേഷണങ്ങളും (1577), കെപ്ലറിന്റെ ‘സൗരയൂഥനിയമങ്ങളും’ എന്നീ ഗ്രന്ഥങ്ങളും ഗലിലിയോയുടെ ലൈബ്രറിയിൽ ഉണ്ടായിരുന്നിട്ടും അവയെപ്പറ്റി പൂർണ്ണമായും അജ്ഞതനടിച്ചുകൊണ്ടു് അവയിലുണ്ടായിരുന്ന പലതും സ്വന്തമായി ഗലിലിയോ ഉദ്ധരിച്ചു എന്നതാണു്. വേലിയേറ്റം, വേലിയിറക്കം എന്നിവ ചന്ദ്രന്റെ ഏതോ സ്വാധീനത്തെ ആശ്രയിച്ചിരിക്കുന്നു’ എന്ന കെപ്ലറിന്റെ അഭിപ്രായത്തെ ഗലിലിയോ പുച്ഛിച്ചു തള്ളിയിരുന്നു. എന്നാൽ അസ്വീകാര്യമെന്നു പിന്നീടു തെളിയിക്കപ്പെട്ട ഗലിലിയോയുടെ ഇത്തരംസംബന്ധമായ സിദ്ധാന്തത്തെ സ്വീകരിക്കാതിരുന്നവരെ അദ്ദേഹം നിഷ്കരുണം കുറ്റപ്പെടുത്തുവാനും മുതിർന്നു.

ഗലിലിയോ വേദപുസ്തകത്തിനോ വിശ്വാസത്തിനോ എതിരല്ലായിരുന്നു

വേദപുസ്തകസംവേദങ്ങളിൽ ചിലതിന്റെ യാഥാർത്ഥ്യത്തെ ഗലിലിയോ ചോദ്യംചെയ്യുന്നു എന്ന എതിരാളികളുടെ ആരോപണത്തെ നിഷേധിച്ചുകൊണ്ടു് ഗലിലിയോ 1613-ൽ കാസ്തല്ലിക്കും ടസ്കണിയിലെ ക്രിസ്റ്റീനാ പ്രഭ്വിക്കും ഓരോ എഴുത്തു എഴുതുകയുണ്ടായി. വേദപുസ്തകപരമായ ഗലിലിയോയുടെ ആരോഗ്യപരമായ നിലപാടു് പ്രസ്തുത എഴുത്തുകളിൽ നിന്നും വ്യക്തമാകുന്നുണ്ടു്. ‘‘ദൈവവചനമായ ബൈബിൾ സത്യം തന്നെയാണു്. വായനക്കാരുടെ ഗ്രഹണശക്തിയ്ക്കു് അനുയോജ്യമായ ശൈലികളും ബൈബിളിൽ പലപ്പോഴും നമുക്കു കാണാം. അവയെ ശാസ്ത്രത്തിന്റെ ചട്ടക്കൂട്ടിൽ വലിച്ചുകയറ്റാൻ ശ്രമിക്കരുതു്. ജോഷ്വായെയും സൂര്യനേയും സംബന്ധിക്കുന്നകാര്യം പരമസത്യമാണു്. സൂര്യൻ കിഴക്കുദിച്ചു് പടിഞ്ഞാറു് അസ്തമിയ്ക്കുന്നു’ എന്നു പറഞ്ഞാൽ അതു ഏതുപ്രകാരം സത്യമായി നാം അംഗീകരിയ്ക്കുമോ അതുപോലെ. ബൈബിളും ശാസ്ത്രത്തിന്റെ ഒരു ഹാൻഡ്ബുക്കല്ല. അതുകൊണ്ടു് അതിനെ താങ്ങാൻ പുതൊളമിയുടെ പഴഞ്ചൻ സിദ്ധാന്തം സ്വീകരിച്ചേ മതിയാവൂ എന്നില്ല. കൊപ്പർണിക്കൻ സിദ്ധാന്തംഒരിക്കലുംബൈബിളിനു് എതിരുമല്ല. നിത്യരക്ഷയുടെ വചനങ്ങളും, നിത്യസത്യങ്ങളും മനുഷ്യർക്കു് പ്രാപ്യമായ ശൈലിയിൽ അവതരിപ്പിച്ചിട്ടുള്ളതാണു് ബൈബിളും ഇതായിരുന്ന ഗലിലിയോയുടെ വേദപുസ്തകപരമായനിലപാടു്. ‘‘അനുരഞ്ജനത്തിലുള്ള വിശ്വാസവും ശാസ്ത്രത്തിലുള്ള പ്രത്യാശയുമായിരുന്ന ഗലിലിയോയിലാണു് ഉണ്ടായിരുന്നതു്’’ എന്ന De Santillana യുടെ വാക്കുകളും സൂചനാർത്തമാണെന്നു് പറയാം. ശാസ്ത്രവും ആവിഷ്കൃത സത്യങ്ങളും തമ്മിൽ അത്ഭുതാവഹമായ പൊരുത്തമല്ലാതെ വൈരുദ്ധ്യം ഒരിക്കലും ഉണ്ടാകുവാൻ പാടില്ല ഉണ്ടാകുകയുമില്ല എന്ന പണ്ഡിതോചിതമായ അഭിപ്രായമായിരുന്നു ഗലിലിയോയിലുണ്ടായിരുന്നതു്.

ഗലിലിയോ Holy office മുമ്പാകെ

ഗലിലിയോയുടെ ഈ അനുരഞ്ജനമനോഭാവം ശരിക്കു ഗ്രഹിക്കാനുള്ള ക്ഷമ പ്രദർശിപ്പിക്കാതെ ‘‘വി. ഗ്രന്ഥത്തിനേലുള്ള ഗലിലിയോയുടെ അനധികൃതമായ കയ്യേറ്റത്തിനു് തങ്ങൾക്കു് തെളിവു ലഭിച്ചിരിയ്ക്കുന്നു’’ എന്നു് എതിർകക്ഷികൾ അവകാശപ്പെടുകയും റോമിൽ Holy officeൽ ഗലിലിയോ പരാതി സമർപ്പിയ്ക്കുകയുംചെ

അധികാരിവർഗ്ഗത്തോട്.

കവിതയെഴുതിത്തെളിയാൻ ആഗ്രഹിക്കുന്ന ഒരു കൊച്ചു കവിയുടെ കൈച്ചലനം ഈ വരികളിലുണ്ട്.

(എസ്. പി.)

അധികാരമേ! നിന്റെ നിർദ്ദയമർദ്ദനങ്ങ
ളിനിയും സഹിയ്ക്കുവാൻ ശക്തരല്ലി
പ്പാവങ്ങളം
പട്ടിണിക്കിരയായിട്ടിവർനെയ്യെട്ട
ത്തൊരാ–
പട്ടമെത്തമേൽ നിങ്ങളംക്കിനിയുമുറ
ങ്ങണമോ?
താഴോട്ടേക്കെറിയുമായിലകളം ന
ക്കിത്തോഴ്ത്താ-
നേഴകളാത്തിയോടെ നിങ്ങളെനോ
ക്കിനില്പൂ?

പട്ടിയെപോലെ നിങ്ങളാട്ടിയോടി
ച്ചുവെറും
പട്ടിണിപാവങ്ങളാണവരേശുവിൻ
പുത്രർ
ഉന്നതാദർശത്തിന്റെ കൈത്തിരി
കൊളുത്തിയോ–
രമ്മഹതേജോരൂപംകഴുവിൽതറച്ചി
ല്ലേ
പൂണ്ണുമായിനശിക്കട്ടെ! വിപ്ലവകൊ
ടുംതീയിൽ
ജ്വലിച്ച യുഗത്തിന്റെ തത്വശാസ്ത്ര
ങ്ങളെല്ലാം.

സ്യ. ഈ ആരോപണത്തിൽനിന്നും രക്ഷ പ്രാപിക്കാനുള്ള ആകാംക്ഷയിൽ 1615-ൽ ഗലിലിയോ Holy office ന്റെ മുമ്പാകെ ഹാജരായി. ഹൃദ്യമായ ഒരുസ്വീകരണമാണ് അദ്ദേഹത്തിനു ഭോരവാഹികം അവിടെ നൽകിയതു്. പക്ഷേ, എതിരാളികളെ തറ പറിക്കാള്ള ശ്രമത്തിൽ അവിവേകമായും അവേശരഹിതമായും ഗലിലിയോ ചെയ്ത ചില പ്രസ്താവനകളം അദ്ദേഹത്തെ പ്രതികൂലമായി ബാധിയ്ക്കുന്നതിനിടയായിത്തീർന്നു. ''വി, ഗ്രന്ഥവുമായി അക്ഷരാർത്ഥത്തിൽ യോജിയ്ക്കുന്ന ശാസ്ത്രീയകണ്ടുപിടിത്തമേ അംഗീകരിയ്ക്കാവു' എന്നുള്ള ഗലിലിയോ വിരോധികളുടെ പ്രേരണയ്ക്കുന്നപോലെതന്നെ, വ്യക്തിപരമായ സ്വാധീനം ചെലുത്തി. കാര്യങ്ങളം തനിയ്ക്കു് അനുകൂലമാക്കാനുള്ള ഗലിലിയോയുടെ വ്യഗ്രതയും തിരുസംഘാരോഹാരികം വഴിപ്പെട്ടില്ല.

തിരുസംഘത്തിന്റെ ചലനം

സകലശാസ്ത്രപരിഗണനകളെയും അവഗണിച്ചു് സമുദായന്തരീക്ഷത്തിൽ വർദ്ധമാനമായി വരുന്ന അനാശാസ്യമായ കക്ഷിവൈരാഗ്യത്തേയും ശിക്ഷണരാഹിത്യത്തേയും കാര്യക്ഷമമായി തടഞ്ഞു് സമാധാനം സ്ഥാപിച്ചു് നിലനിർത്താനാണു് തിരുസംഘം തീരുമാനിച്ചതു്, അതിലേക്കു് ഹോളി ഓഫീസിന്റെ ഗ്രന്ഥനരീക്ഷണക്കമ്മറ്റിയിൽ പെട്ട അഞ്ചു് കർദ്ദിനാളന്മാർ 1616 മാർച്ചു് 25-ാംന- എടുത്ത തീരുമാനമായിരുന്നു. കൊപ്പർണിക്കൻ സിദ്ധാന്തത്തെ ഒരു അനുമാനം എന്ന വിധത്തിൽ തന്റെ പ്രസിദ്ധീകരണങ്ങളുടെ ആമുഖത്തിൽ വ്യത്യാസം വരുത്തുന്നതുവരെ ഗലിലിയോയുടെ പുസ്തകങ്ങളം നിരോധിക്കപ്പെട്ടവയായി പരിഗണിക്കപ്പെട്ടും''

അന്നത്തെ ഏറ്റം മികച്ച ദൈവശാസ്ത്രജ്ഞനായ കാർഡിനൽ ബല്ലാമ്മിനമായിട്ടാണു് ഗലിലിയോ ഇതേപ്പറ്റി ചർച്ച ചെയ്യുവാൻ മാപ്പാപ്പാ നിർദ്ദേശിച്ചതു്. താൻ വേദവിപരീതിയായി കാണപ്പെട്ടിരിയ്ക്കുന്നു എന്ന ഒരു ശ്രുതി ഇതിനകം ജനതാമദ്ധ്യേ വ്യാപിച്ചതിനേ നിഷേധിയ്ക്കുവാൻ ദയവുണ്ടാകണമെന്നു് ഗലിലിയോ അപേക്ഷിച്ചതനുസരിച്ചു് ബല്ലാമ്മിൻ ഒരു കത്തും ഗലിലിയോയ്ക്കു് നൽകുകയുണ്ടായി. ആ കത്തിൽ കൊപ്പർണിക്കൻ സിദ്ധാന്തത്തെപ്പറ്റി ഇഷ്ടംപോലെ ഗവേഷണം നടത്തിക്കൊള്ളാമെന്നും എന്നാൽ ഗണിതശാസ്ത്രപരമായ ഒരനുമാനമെന്നതിൽ കവിഞ്ഞു് തൽക്കാലം അതിനു പ്രാധാന്യം നൽകരുതെന്നും പ്രസ്തുത സിദ്ധാന്തവും ദൈവശാസ്ത്രവുമായി കൂട്ടിക്കുഴച്ചുള്ള ഗ്രന്ഥനിർമ്മാണത്തിൽ നിന്നും തൽക്കാലം വിരമിയ്ക്കണമെന്നും അനുശാസിച്ചിരുന്നു.

പ്രശാന്തതയ്ക്കുശേഷം വീണ്ടുംകൊടുങ്കാറ്റ്.

കർഡിനൽ ബല്ലാമ്മിന്റെ ഉപദേശത്തേത്തുടർന്നു് വിവാദാന്തരീക്ഷം ഏതാണ്ടു് പ്രശാന്തമായപ്പോഴാണു്, ഹൊറാസ്സിയോ ഗ്രാസി' എന്ന ഒരു ജസ്യൂട്ട് വൈദികൻ കോമറിനേപ്പറ്റി റോമൻ കോളേജിൽ ചെയ്ത ഒരു പ്രസംഗം പ്രസിദ്ധീകരിക്കപ്പെട്ടതു്. കൊപ്പർണിക്കൻ സിദ്ധാന്തത്തിനേൽ കരുതിക്കൂട്ടി ചെയ്ത ഒരാക്രമണമായിട്ടാണു് ഇതിനെ ഗലിലിയോ വീക്ഷിച്ചതു്. പുകഞ്ഞുകൊണ്ടിരുന്ന അഗ്നിപർവ്വതം പൊട്ടിത്തെറിച്ചതനുഭവമാണു് തുടർന്നുണ്ടായതു്. ''മരിച്ചു മണ്ണടിഞ്ഞവനെന്നു് എന്നെ മറ്റുള്ളവർ പരിഗണിയ്ക്കുന്നെങ്കിൽ എന്നെ അവക്കൊന്നു കാണിച്ചുകൊടുക്കുകതന്നെ എന്നായി ഗലിലിയോ. തുടർന്നുണ്ടായ വിവാദസമരത്തിനു ശേഷം ഇറ്റലിയിലെ ഒന്നാംകിടശാസ്ത്രജ്ഞനായി ഗലിലിയോ മുൻപന്തിയിൽ വന്നു. അങ്ങനെ 1632-ൽ ആണു് Il Dialogo dei grandi Sistemi mondiali (Dialogue on great world Systems) എന്ന സുപ്രസിദ്ധഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടതു്. കൊപ്പർണിക്കൻ സിദ്ധാന്തത്തിനു വേണ്ടിയുള്ള ഒരു തീവ്രവാദമായ ഈ ഗ്രന്ഥനിർമ്മാണം ബല്ലാമ്മിനോടുചെയ്ത (1616–ൽ) വാശാനന്തിന്റെ നഗ്നമായ ലംഘനമാണെന്നു് പറഞ്ഞു് എതിരാളികം ആക്രമണമാരംഭിച്ചു. തുടർന്നു് Dialogue ന്റെ പ്രചരണം നിരോധിക്കപ്പെടുകയും ഗലിലിയോ റോമിൽ വിചാരണ ഓഫീസിലേക്കു് വിളിയ്ക്കപ്പെടുകയും ചെയ്തു.

വിസ്തരിക്കപ്പെടുന്നു

മതവിരോധികളം 'ശ്രുതഗതി'ക്കാരായ ചില കത്തോലിക്കരും ഗലിലിയോയുടെ വിസ്താരത്തെപ്പറ്റി നിരുത്തരവാദപരമായി പലതും എഴുതിവിട്ടിട്ടുണ്ടു്. ഫ്ലോറൻസിലെ പണ്ഡിത ഗണവും ഗലിലിയോയും തമ്മിലുള്ള നിർഭാഗ്യകരമായ പോരാട്ടമാണു് ഇങ്ങനെയൊരു വിസ്താരത്തിനു കളമൊരുക്കിയതു് അന്നു വാണിരുന്ന URBAN VIII മാപ്പാപ്പാ (കാർഡിനൽ ബാർബരീനി) ഗലിലിയോയുടെ ഒരു പൂർവ്വകാലസ്നേഹിതനായിരുന്നു. ഇതറിയാമായിരുന്ന ഗലിലിയോ വിരോധികം മാപ്പാപ്പായെ സമീപിച്ചു് ഗലിലിയോ മാപ്പാപ്പായുടെ സാഹാർദ്ദത്തേയും സഭാധികാരത്തേയും ആക്ഷേപിയ്ക്കുന്നു എന്നും മറ്റും ധരിപ്പിക്കാൻ ശ്രമിച്ചു. മാർപ്പാപ്പാ അതൊന്നും അപ്പടി വിശ്വസിക്കാതെയും പണ്ഡിതന്മാരെന്ന പേരുള്ള അവരുടെ മാന്യതയെ ഉടൻ ചോദ്യം ചെയ്യാതെയും സത്യാവസ്ഥ സ്വയം തെളിഞ്ഞുകൊള്ളട്ടെ എന്നു ചിന്തിച്ചിട്ടാണു് ഗലിലിയോയെ വിസ്തരിക്കുന്ന കാര്യത്തിൽ പ്രതികൂലം പ്രകടിപ്പിക്കാതിരുന്നതു്.

വിസ്താരത്തിന്റെ വിഷയം എന്തായിരുന്നു?

പ്രക്ഷുബ്ധമായ അന്നത്തെ അന്തരീക്ഷത്തിന്റെ സാഹചര്യം പ്രമാണിച്ചു് കൊപ്പർണിക്കൻ സിദ്ധാന്തം തൽക്കാലം പഠിപ്പിക്കരുതെന്നു് കാർഡിനൽ ബല്ലാമ്മിൻ 1616–ൽ ഗലിലിയോയിയ്ക്കു നൽകിയ നിരോധനത്തെ ലംഘിച്ചതിനേലായിരുന്നു വിസ്താരം. ഇങ്ങ

നെ ഒരു നിരോധനമുണ്ടായിരുന്നതായി ഗലിലിയോ നിഷേധിച്ചു എങ്കിലും അതിനെതിരായ രേഖകൾ പ്രോസിക്യൂഷൻ ഭാഗത്തുനിന്നും ഹാജരാക്കി. അതിനെ ഖണ്ഡിയ്ക്കുവാൻ ഗലിലിയോയ്ക്ക് കഴിഞ്ഞില്ല. തുടർന്ന് റോമിലുള്ള 'സാന്താമരിയാ സോപ്രാമിനേർവാ' എന്ന ഡൊമിനിക്കൻ ദൈവാലയത്തിൽ വച്ച് തന്റെ ശിക്ഷണരഹിതമായ നടപടികളെ ഉപേക്ഷിയ്ക്കുന്ന പ്രസ്താവന. (Recantation) ഗലിലിയോ വായിച്ചു.

ജീവപര്യന്തം തടവിനാണ് വിധിക്കപ്പെട്ടത്. പക്ഷേ ഒരു മാന്യാതിഥിയേപ്പോലെ 'വില്ലാമെഡിച്ചി'യിലെ മനോഹരമായ പാലസിൽ ഏതാനും ദിവസങ്ങൾ മാത്രമേ അദ്ദേഹം പാർപ്പിക്കപ്പെട്ടുള്ളൂ. അല്ലാതെ ചിലർ ചവ്വിതച്ചവ്വണം ചെയ്വാൻ ഇഷ്ടപ്പെടുന്നതുപോലെ 'ഇരുളടഞ്ഞ നിലവറകളിൽ' അടച്ചിടപ്പെടുകയോ ചെയ്തിട്ടില്ല. ഏകപീഡനമായി വേണമെങ്കിൽ ഉന്നയിയ്ക്കുവാനുള്ളത് ആവത്തിച്ചുള്ള വിസ്താരം മാത്രമായിരുന്നു എന്നുള്ളതിനു കേസ്സുവിസ്താര റിക്കാർഡുകൾ സാക്ഷ്യം വഹിയ്ക്കുന്നു.

സ്വദേശത്തേയ്ക്കു മടങ്ങുന്നു.

ഏതാനും ദിവസത്തേ റോമൻ വാസത്തിനു ശേഷം ഗലിലിയോ തന്റെ ഗ്രാമമായ Acetri യിലേക്ക് മടങ്ങി. അവിടെയും ഗവേഷണങ്ങൾ തുടർന്നുകൊണ്ടിരുന്നു. കോന്നിയൂർ പടഞ്ഞിരിയ്ക്കുന്നതുപോലെ വിസ്താരക്കാലത്തല്ല അദ്ദേഹത്തെ അന്ധത ബാധിച്ചത്. തന്റെ ജീവിതാന്ത്യത്തോടടുത്തു സ്വവേനത്തിൽ വച്ചാണ്. ഇതിനു മുമ്പായിട്ടാണ് തന്റെ 'Due Scienze' (രണ്ടു ശാസ്ത്രങ്ങൾ) എന്ന വിശ്വവിഖ്യാത ഗ്രന്ഥം പോളണ്ടിൽ പ്രസിദ്ധീകരിച്ചത്. ഈ ഗ്രന്ഥത്തിലും തന്റെ വിരോധികളായ ശാസ്ത്രജ്ഞന്മാരെ നിശിതമായി വിമർശിയ്ക്കുന്നുണ്ട്. വ്യക്തികളെ സ്പർശിക്കാതെ തന്റെ ന്യായാധിപന്മാരെയും, അവർ അനീതി നടക്കുന്നതിൽ ഉപകരണങ്ങളായിത്തീർന്നു എന്ന കാരണത്താൽ വിമർശിക്കാതിരുന്നില്ല. ഈ ഭാഗമാണ് ഒരു വൈദികവിദ്വേഷിയായി ഗലിലിയോയെ ചിത്രീകരിക്കാൻ ചിലർ എടുത്തുകാട്ടാറുള്ളത്.

ഗലിലിയോ വൈദികവിദ്വേഷിയോ?

ഗലിലിയോ വൈദികവിദ്വേഷിയല്ലായിരുന്നുവെന്നു തെളിയിക്കുന്ന പ്രബലസാക്ഷ്യങ്ങൾ സുലഭമായിട്ടുണ്ട്. ഒന്നാമതായി തടങ്കൽവിമുക്തനായ ഗലിലിയോ ചെയ്ത ആദ്യത്തെ കൃത്യം സിയന്നായിലെ ആർച്ചുബിഷപ്പ് 'പിക്കൊളൊമീനി'യുടെ മാന്യാതിഥി എന്നനിലയിൽ അദ്ദേഹത്തെ സന്ദർശിക്കുകയായിരുന്നു. അവിടെ ഏതാനും ദിവസം താമസിച്ചശേഷമാണ് സ്വവേനത്തിലേക്കു പോകുന്നത്. രണ്ടാമതായി ഗലിലിയോ അസാധാരണ പ്രാർത്ഥനാശ്രുവിയും പരിശുദ്ധ ദൈവജനനിയോടു പുത്രനിർവ്വിശേഷമായ ഭക്തിയും ഉള്ളവനായിരുന്നു. വി. പൗലോസിനെപ്പോലെ നിരന്തരം മറ്റുള്ളവരുടെ പ്രാർത്ഥനാസഹായം തനിക്കു വേണ്ടി അപേക്ഷിക്കുന്ന സ്വഭാവമുള്ളവനായിരുന്നു. 1616–ലെ തന്റെ ആദ്യവിസ്താരസമയത്തു റോമിൽ നിന്നും കാൽനടയായി 'ലൊറേത്തോ'യിലുള്ള പ. കന്യകയുടെ ഷ്റൈനിലേക്കു തീർത്ഥയാത്ര ചെയ്തതു ഗലിലിയോയുടെ ദൈവമാതൃഭക്തിയെ സൂചിപ്പിക്കുന്നതാണ്. കണ്ണുകാണാൻപാടില്ലാത്ത സ്ഥിതിയിൽ എത്തിയ തന്റെ അന്ത്യകാലത്തു അദ്ദേഹം പ്രകടിപ്പിച്ച ഏകാഭിലാഷം ലൊറേത്തോയിലേക്കു ഒരിക്കൽകൂടി തീർത്ഥയാത്ര ചെയ്യണമെന്നുള്ളതായിരുന്നു. അതോ, തന്റെ ജീവിതത്തിലെ മുള്ളുകൊണ്ടിടയിൽകൂടിയുള്ള നേട്ടങ്ങൾക്കു പ. മാതാവിനു ഉപകാരസ്മരണ ചെയ്യുന്നതിനു വേണ്ടിയുമായിരുന്നു. പക്ഷേ അതു സാധിക്കുന്നതിനു മുമ്പ് 1642 ജനുവരി 8–ാംനു- ശാസ്ത്രനഭോമണ്ഡലത്തിലെ ആ ഉജ്ജ്വലദീപം പൊലിഞ്ഞു. (അതേദിവസം ഇംഗ്ലണ്ടിൽ ന്യൂട്ടൺ ജനിക്കുന്നു.) ഫ്ളോറൻസിലുള്ള Santa Cruce ദൈവാലയത്തിൽ അടക്കംചെയ്തിട്ടുള്ള സുപ്രസിദ്ധവ്യക്തികളുടെകൂട്ടത്തിൽ ഗലിലിയോയുടെ മനോഹരമായ കല്ലറയും നമുക്കിന്നും കാണാം. ഈ വിധം ഒരു ബഹുമതിതന്നെ ഗലിലിയോ ഒരു സഭാവിരോധിയോ വൈദികവിദ്വേഷിയോ അല്ലായിരുന്നു എന്നുള്ളതിനുള്ള മൂകസാക്ഷ്യമാണ്.

ഗലിലിയോപ്രശ്നവും സഭയുടെ അപ്രമാദിത്വവും

ഗലിലിയോയ്ക്കു നൽകിയ ശിക്ഷ സഭയുടെ അപ്രമാദിത്വത്തെ ചോദ്യം ചെയ്യുന്നു എന്നു കൊട്ടിഘോഷിക്കുന്നവർ ഇന്നും കുറവല്ല. എന്നാൽ സഭയുടെ അപ്രമാദിത്വം എന്ന വിശ്വാസസത്യത്തെ വിദൂരത്തിൽപോലും അതു ബാധിക്കുന്നില്ലെന്നു സധൈര്യം പറയാവുന്നതാണ്. കുറവിധിയുടെ വിഷയങ്ങളും കാരണങ്ങളും വിശ്വാസത്തിനു നേരിടാവുന്ന അപകടത്തിന്മേൽ എന്നതിനേക്കാൾ ഗലിലിയോയുടെ ശിക്ഷണരഹിതമായ നടപടികളിന്മേലാണ് അധിഷ്ഠിതമായിരുന്നതു. ഗലിലിയോയുടെ നിലപാടു വിശ്വാസത്തിനു എതിരാണെന്നോ കൊപ്പർണിക്കൻസിദ്ധാന്തം തെറ്റാണെന്നോ വിധിവാചകത്തിൽ പറയുന്നില്ല. തന്നെയുമല്ല, കൊപ്പർണിക്കൻസിദ്ധാന്തത്തിനെതിരായി ഔദ്യോഗികമായി യാതൊന്നും പറഞ്ഞിട്ടുമില്ല. ഗലിലിയോവിരോധികൾ തങ്ങൾക്കു പിൻബലം ഉണ്ടാകുന്നിനു ചില മുന്നാംകിട വൈദികരെ കൂട്ടുപിടിച്ചു എന്നുള്ളതാണ് വൈദികത്വം അപലപിക്കപ്പെടുന്നതിനിടയാക്കിയ സാഹചര്യം. എന്നാൽ ഗലിലിയോപക്ഷവാദികളും വിജ്ഞാനശിരോമണികളുമായ വൈദികഗണത്തിനേർമുമ്പിൽ മറ്റവർ ഒന്നുമില്ലായിരുന്നു. മാന്യന്മാരായ അവർ വിവാദങ്ങളിൽ നിന്നും അകന്നുനിന്നു എന്നുമാത്രം.

ഗലിലിയോയുടെമേൽ ഒരു വിധിയുണ്ടായതു കൊപ്പർണിക്കൻസിദ്ധാന്തത്തിന്റെ സാഹചര്യത്തിലും പേരിലും ആയിരുന്നതുകൊണ്ടും, മാപ്പാപ്പായുടെ അനൗദ്യോഗികമെങ്കിലും വ്യക്തിപരമായ അനുവാദത്തോടുകൂടി ആയിരുന്നതുകൊണ്ടും പലതും തെറ്റായ നിഗമനത്തിൽ എടുത്തുചാടുകയാണുണ്ടായിട്ടുള്ളതു. മഹാപണ്ഡിതനും പുണ്യചരിതനുമായ കാർഡിനൽ ബല്ലാമ്മിന്റെ നിരോധനയെ ലംഘിച്ചതു അച്ചടക്കരാഹിത്യമായി പരിഗണിച്ചു അതിനുള്ള ഒരു ശിക്ഷണനടപടിമാത്രമായിരുന്ന പ്രസ്തുത വിധി. രാഷ്ട്രീയരംഗത്തുപോലും പ്രയോഗിക്കാറുള്ള ഇവ്വിധ ശിക്ഷണനടപടിയുടെ ന്യായയുക്തതയെ ചോദ്യംചെയ്യുന്നവർ സാമൂഹ്യവിരുദ്ധമനോഭാവത്തിനുവേണ്ടി വാദിക്കുന്നവരാകാനേ തരമുള്ളൂ. ഇതിനുംപുറമേ തെറ്റുപറ്റാവുന്ന ഏതാനും ദൈവശാസ്ത്രജ്ഞന്മാരെടുത്ത ഒരു ശിക്ഷണനടപടിമാത്രമായിരുന്നു അതു. അല്ലാതെ സാർവ്വത്രികസഭയുടെ തലവൻ എന്ന നിലയിൽ വിശ്വാസത്തേയോ സന്മാർഗ്ഗത്തേയോ സംബന്ധിച്ചു Ex–Cathedra (ഔദ്യോഗികം) ആയി മാപ്പാപ്പാ നടത്തിയ ഒരു പ്രഖ്യാപനമല്ലായിരുന്നു അതു എന്നും നാം അറിഞ്ഞിരിക്കേണ്ടതാണ്.

—0—

അല്ലയോ കാമുകി

—ജോസ് കുത്തൂർ—

മരണമേ! കാമുകിവന്നീടുകില്ലെ;നീ
വരണമേകീടിലൊന്നിച്ചിരുന്നീടാം
വാതിലിൽമുട്ടിനീശങ്കിച്ചുനില്ലൊലാ
സ്വാഗതംകാമുകിയെപ്പഴംസ്വാഗതം.

നിന്നെഞാനെപ്പഴമോക്കുകിലെന്നുടെ
ജീവിതംധന്യമായ്ത്തീർന്നീടുമോ മമ!
ദീനനായ്ത്തീർന്നിടുംനേരത്തുമാത്രമേ
ദൂതനായ്നിന്നെഞാൻചിന്തിപ്പ–
തുള്ളഹാ!
നീയുപദേശങ്ങൾനൽകുകിലെന്നിലെ
ജീവിതംധന്യമായ്ത്തീർന്നീടുമോമലേ

ദൂരത്തുനീവസിച്ചീടിലും കാമുകീ
ചാരത്തുവന്നിടാനില്ലൊരുതാമസം
ആവതുംവേഗത്തിലെന്നെനീകാണണം
സന്തപ്തചിത്തനാംഞാനങ്ങുകേണിടുന്നു.

—0—

സാഹിത്യമത്സരം

വ്യവസ്ഥകൾ

സമുദായത്തിൽ ചിന്തിക്കയും എഴുതുകയും ചെയ്യുന്ന ഒരു വിഭാഗം പ്രോത്സാഹനമില്ലാതെ വിസ്മരിക്കപ്പെടുന്നു. അവക്കു ഇതാ ഒരു സുവർണ്ണാവസരം. ഓരോ മത്സരത്തിലും വിലയേറിയ ഓരോ സമ്മാനം. ഉത്തരവാദപ്പെട്ട ഒരു സമിതി ലേഖനം പരിശോധിച്ചു സമ്മാനം നിശ്ചയിക്കും. ഒന്നാമത്തെ മത്സരത്തിൽ 20 വയസ്സിനു മേലുള്ളവക്കും രണ്ടാമത്തേതിൽ 20 വയസ്സിനു താഴെയുള്ളവക്കും പങ്കെടുക്കാം. മത്സരത്തിൽ ഒന്നാംസ്ഥാനം നേടുന്നവക്കു അവരവരുടെ വികാരി അച്ചന്റെ പേരിൽ സമ്മാനം അയച്ചുകൊടുക്കുന്നതും സമ്മാനാർഹന്റെ പേരും ലേഖനവും ബുള്ളറ്റിനിൽപ്രസിദ്ധപ്പെടുത്തുന്നതും അദ്ദേഹത്തിനു ബുള്ളറ്റിൻ ഒരുകൊല്ലത്തേക്കു സൗജന്യമായി അയച്ചുകൊടുക്കുന്നതുമാണു്.

ഒന്നാമത്തെ മത്സരത്തിനുള്ള വിഷയം:

അടുത്തുവരുന്ന പൊതുതിരഞ്ഞെടുപ്പിൽ കത്തോലിക്കരുടെ നിലപാടു്

രണ്ടാമത്തെ മത്സരത്തിനുള്ള വിഷയം:


വിദ്യാർത്ഥികളും മതപഠനവും

N. B. ഒന്നാമത്തെ മത്സരത്തിൽ പങ്കെടുക്കുന്നവർ 5 ഫുൾസ്ക്കാപ്പുപേജിൽ കവിയാതെയും രണ്ടാമത്തേതിൽ പങ്കെടുക്കുന്നവർ 3 ഫുൾസ്ക്കാപ്പുപേജിൽ കവിയാതെയും ഉപന്യസിച്ചു്, അഡ്രസു്, പരീക്ഷായോഗ്യത, വയസ്സു് എന്നിവ ക്ലിപ്തമായി എഴുതി വികാരിയുടെ ഒപ്പുസഹിതം മേയു് 12 നു മുമ്പു് ''എഡിറ്റർ, എ കെ. സി. സി. നാഗമ്പടം, കോട്ടയം.'' എന്ന വിലാസത്തിൽ അയച്ചുതരിക.

എഡിറ്റർ

Reg. No. K 149

വിമലഗിരി



വിമലഗിരി

ദൈവാലയം

Edited, Printed and Published for the Working Committee of the All Kerala Catholic Congress by Zacharias Kandathiparambil, at Deepika Press, Kottayam.